മാസിക
സുന്നത്ത്

2025 ജൂലൈ
1446 മുഹർറം – സഫർ
പുസ്തകം 48/ ലക്കം 05
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com

Managing Editor
Sayyid Ali Bafaqy Thangal

Chief Editor
V.P.M Villyapalli
9446 731 889, 0496 253 4373

Executive Editor
Shafeeq Bukhari Kanthapuram
cp222306@gmail.com

General Manager
Sulaiman Saqafi Kunhukulam

Editor
Muhammed Parannur

Sub Editor
E.M Sufyan Bukhari

Circulation Manager
Shareef saqafi Edayur

Design & Layout
Anvar Sadique Bukhari

മുഖക്കുറി

സോഷ്യൽ മീഡിയ നിയന്ത്രണം വേണം

പുതിയ തലമുറയുടെ സ്വഭാവരൂപീകരണത്തിൽ സോഷ്യൽമീഡിയ ചെറുതല്ലാത്ത പങ്കുവഹിക്കുന്നുണ്ട്. അതിരുകളില്ലാത്ത ആസ്വാദനത്തിന്റെ ലോകമാണ് പലർക്കും സ്മാർട്ട്ഫോൺ. ആളുകൾക്കിടയിൽ താരപരിവേഷം നേടുക, പണം സമ്പാദിക്കുക തുടങ്ങിയ കാര്യങ്ങളാണ് പുതുതലമുറക്ക് താല്പര്യം. അതിനുവേണ്ടി സ്വന്തം കുടുംബത്തിലുള്ള മുതിർന്ന അംഗങ്ങളെ വരെ പരിഹസിക്കുകയും ഉപദ്രവിക്കുകയും ശകാരിക്കുകയും ആ ദൃശ്യങ്ങൾ വീഡിയോയിൽ പകർത്തി അനഭിമതമായ കണ്ടന്റുകൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. ധാർമികമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനോ ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാനോ കുട്ടികൾ തയ്യാറാകുന്നില്ല. യഥാർത്ഥ ലോകത്തേക്കാൾ അവർ പ്രാധാന്യം നൽകുന്നത് സോഷ്യൽ മീഡിയയിലെ മിഥ്യാലോകത്തിനാണ്.

ലഹരിയുടെ ഊരാക്കുരുക്കിലേക്കും അവിശുദ്ധ സൗഹൃദ, പ്രണയബന്ധങ്ങളിലേക്കും കുട്ടികളെ എത്തിക്കുന്ന പ്രധാന വില്ലനും സോഷ്യൽ മീഡിയ തന്നെ. ഇതിനെ നിയന്ത്രിക്കേണ്ടത് പ്രാഥമികമായി രക്ഷിതാക്കൾ തന്നെയാണ്. അടിസ്ഥാനപരമായ ഡിജിറ്റൽ സാക്ഷരത നേടാൻ രക്ഷിതാക്കൾ ശ്രമിക്കണം. അനിയന്ത്രിതമായ സ്ക്രീൻ ഉപയോഗം ഉണ്ടാക്കിയേക്കാവുന്ന മാനസികവും ശാരീരികവുമായ ഗുരുതര ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് മക്കളെ ബോധ്യപ്പെടുത്താൻ രക്ഷിതാക്കൾക്ക് കഴിയണം. ധാർമിക വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണം.

കവർസ്റ്റോറി

ആത്മീയ പദവിയല്ല, പ്രത്യക്ഷ നാമമാണ് സൂഫി

അലി സഖാഫി പുൽപ്പറ്റ

നിരവധി അർത്ഥതലങ്ങളുള്ള പദമാണ് സൂഫി. സൂഫി എന്ന പേരിന്റെ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്തമായ നിരീക്ഷണങ്ങളുണ്ട്. അതൊരു നാമം മാത്രമാണെന്നും ആത്മീയപദവിയല്ലെന്നും വായിക്കാം.

06



കവർസ്റ്റോറി

ഖബർ സിയാറത്ത്: ആദാബുകൾ ശ്രേഷ്ഠതകൾ

സിയാദ് സഖാഫി പാറന്നൂർ

ഖബർ സിയാറത്ത് മരണത്തെ സ്മരിക്കാൻ ഉത്തമമാണെന്നും അത് പുണ്യകർമ്മമാണെന്നും പണ്ഡിതന്മാർ പഠിപ്പിക്കുന്നു. സിയാറത്തിന് ചില മര്യാദകൾ പാലിക്കൽ അനിവാര്യമാണ്.

15

കവർസ്റ്റോറി

വെല്ലുവിളിയാകുന്ന നോർമലൈസേഷൻ

സകരിയ്യ പാലത്തുങ്കര

പുതിയ തലമുറയിൽ അധാർമികത വർധിക്കാനുള്ള പ്രധാന കാരണം കുട്ടികൾക്ക് അമിത സ്വാതന്ത്ര്യം നൽകുന്നതും അവരിൽ നിന്നുണ്ടാകുന്ന തെറ്റുകളെ ഗൗരവത്തിൽ എടുക്കാതിരിക്കുന്നതുമാണ്.

22





11 **ഒരുങ്ങാം, റബീഇനെ വരവേൽക്കാം**
സൈനുദ്ദീൻ ഇർഫാനി മാണൂർ

കാഴ്ചശക്തിയെ സഹായിക്കുന്ന ഭക്ഷണങ്ങൾ
റുക്ബാൻ ധർമ്മടം

20



24 **കുട്ടികളിലെ ദഹനപ്രശ്നങ്ങൾ**
അനസ് ബുഖാരി ആമപ്പൊയിൽ

05 തസ്കിയ
30 ശാഫിഇൗ ഫിഖ്ഹ്
48 വാർത്തകൾ
ചരിത്രാഖ്യായിക 33
നോവൽ 36
ഹനഫീ ഫിഖ്ഹ് 42

26 **ഉമ്മമാരുടെ ആരോഗ്യം അവഗണിക്കല്ലേ**
ജാശിർ കുന്നളം

30 **നവീനവാദികളോടുള്ള സമീപനം**
അബ്ദുൽ ജലീൽ സഖാഫി

39 **അസൂയ ഒരു ഹൃദ്രോഗം**
ബുജൈർ ചെട്ടിപ്പടി

43 **ഡെങ്കിപ്പനിയെ കരുതിയിരിക്കാം**
റൈഹാൻ

44 **തൊഴിൽ ഇസ്‌ലാമിക വീക്ഷണത്തിൽ**
മർജാൻ നടുവനാട്

തസ്കിയ

നേർവഴിയിലൂടെ സഞ്ചരിക്കാം

തിരുനബി(സ) പറഞ്ഞു: 'സന്മാർഗ്ഗത്തെ അല്ലാഹു ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു: നേർക്കുനേരെയുള്ള ഒരു പാത; അതിന്റെ ഇരുവശത്തും ഭിത്തികളുണ്ട്. ആ ഭിത്തിയിൽ അവിടവിടെ തുറന്നിട്ട വാതിലുകളുണ്ട്. ആ വാതിലുകളിൽ വിരികൾ താഴ്ത്തിയിട്ടിരിക്കുന്നു. നേർക്കുനേരെയുള്ള പാത തുടങ്ങുന്നിടത്ത് ഒരാൾ നിൽക്കുന്നുണ്ട്. അയാൾ വിളിച്ചുപറയുന്നു: 'ജനങ്ങളേ, നിങ്ങളെല്ലാവരും ഈ നേർവഴിയിലൂടെ സഞ്ചരിച്ചുകൊള്ളുക. ആരും പാർശ്വങ്ങളിലേക്ക് തിരിഞ്ഞു വഴിതെറ്റിപ്പോകരുത്.'

ആ നേർപാതയിലും ഒരാളുണ്ട്. ഭിത്തിയിലുള്ള വാതിലുകൾക്കു നേരെ തിരിഞ്ഞ് ആരെങ്കിലും ആ വിരികൾ ഉയർത്താൻ ശ്രമിച്ചാൽ അയാൾ നിങ്ങളെ ഓർമിപ്പിക്കും: 'നിനക്കു നാശം! ആ മറ നീക്കരുതേ. നീക്കിയാൽ നീയതിൽ വീണു പോകും.'

നിങ്ങൾക്കറിയാമോ, ആ നേർപാതയാണ് ദീനുൽ ഇസ്ലാം. ഇരുവശത്തുമുള്ള ആ ഭിത്തികളുണ്ടല്ലോ; അത് അല്ലാഹു നിശ്ചയിച്ച നിയമപരിധികളാണ്. ആ ഭിത്തിയിൽ തുറന്നു കിടക്കുന്ന വാതിലുകൾ അല്ലാഹു നിരോധിച്ച കാര്യങ്ങളാണ്.

പാത തുടങ്ങുന്നിടത്തുനിന്ന് നേർവഴിയിലൂടെ നടക്കാൻ നിങ്ങളെ ഉപദേശിച്ച ആ വിളിയാളൻ വിശുദ്ധഖുർആനാണ്. പാതയിൽ നിങ്ങൾക്കു മുന്നറിയിപ്പു നൽകുന്ന വിളിയാളൻ ഓരോ മുസ്ലിമിന്റെയും ഹൃദയത്തിലുള്ള, അല്ലാഹുവിനെ ഓർമിപ്പിക്കുന്ന ഉപദേശിയാണ്.' (ഇമാം അഹ്മദ്, ഹാകിം)

സന്മാർഗത്തെക്കുറിച്ച് മനസ്സിലാക്കിത്തരാൻ തിരുനബി(സ) വ്യക്തമാക്കിയ എത്ര മനോഹരമായ ഉദാഹരണം, അല്ലേ? ഒരാവർത്തി കൂടി വായിച്ചാൽ നിങ്ങൾക്കത് ബോധ്യമാവാതിരിക്കില്ല. സത്യമതമായ ഇസ്ലാം ഒരു നേർരേഖയാണ്. വളവും തിരിവുമില്ലാത്ത നേർവഴി. ആ വഴിയുടെ ഇരുവശങ്ങളിലും ഭിത്തികളുണ്ട്. അല്ലാഹുവിന്റെ വിധിവിലക്കുകളാണാ ഭിത്തികൾ. ആ ഭിത്തികളിൽ ആകർഷകമായ വിരികൾക്കു പിന്നിൽ അഗാധമായ ഗർത്തങ്ങളുണ്ട്. നേർക്കുനേരെ പോകുന്നവർക്ക് പ്രശ്നങ്ങളില്ല. എന്നാൽ അവിടെയും ഇവിടെയും കാണുന്ന ആകർഷക വസ്തുക്കളിലേക്ക് തിരിഞ്ഞുപോകുന്നവർ അപകടത്തിൽ പെടാനിടയുണ്ട്. അതിൽനിന്നു മനുഷ്യരെ രക്ഷിക്കാനാണ് കാരുണ്യവാനായ അല്ലാഹു വിശുദ്ധ ഖുർആൻ അവതരിപ്പിച്ചിരിക്കുന്നത്. ഖുർആൻ നമുക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുന്നു; മായാമോഹിനികളുണ്ടാവും നിങ്ങൾ സഞ്ചരിക്കുന്ന വഴിയിൽ. അവയിലേക്കു തിരിഞ്ഞാൽ നിങ്ങൾ അപകടത്തിൽ പെടും. അതുകൊണ്ട് നേർക്കുനേരെ സഞ്ചരിക്കുക എന്നൊക്കെ. ഈ ഉപദേശം കേൾക്കുന്നതും അതനുസരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതും നമ്മുടെ ഹൃദയമാണ്. മനഃസാക്ഷി എന്നുവേണമെങ്കിൽ അതിനെ വിളിക്കാം. ശുദ്ധപ്രകൃതിയിലാണല്ലോ എല്ലാ മനുഷ്യരും പിറക്കുന്നത്. അപ്പോൾ എല്ലാവരുടെയും ആദ്യമനഃസാക്ഷി ശുദ്ധം തന്നെയായിരിക്കും. മുന്നറിയിപ്പുകൾ അവഗണിച്ച് തിരിഞ്ഞു കളിക്കുമ്പോൾ അപകടത്തിൽ ചെന്നുചാടും. പിന്നെ അതിൽനിന്ന് അപൂർവ്വമായേ മോചനം നേടാൻ കഴിയൂ.

അതുകൊണ്ട് ഓരോ മനുഷ്യനും നന്നായി ചിന്തിക്കണം. അതിനാണ് അല്ലാഹു ബുദ്ധി എന്ന ശക്തി തന്നനുഗ്രഹിച്ചിരിക്കുന്നത്. ചതിക്കുഴികളിൽ ചെന്നു ചാടാൻ ഇടവരാതെ ജീവിതം മുന്നോട്ടു നയിക്കണം. അതാണല്ലോ ബുദ്ധിമാന്മാരുടെ ലക്ഷണം.

ഓർക്കണം: ഇരുവശത്തുമുള്ള വിരിയിട്ട കവാടങ്ങളിൽ കാവലിരിക്കുന്നുണ്ട് നമ്മുടെ കഠിന ശത്രുവായ ഇബ്ലീസ്. വശ്യരൂപം പൂണ്ട് അവനാണ് നമ്മെ അങ്ങോട്ട് ക്ഷണിക്കുന്നത്. അവനെ തിരിച്ചറിയാനായാൽ, സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടി വരില്ല.

ആത്മയാനം – 8

അലി സഖാഫി പുൽപ്പറ്റ

ആത്മീയപദവിയല്ല, പ്രത്യക്ഷനാമമാണ് 'സൂഫി'

തിരുനബി(സ) കഴുതപ്പുറത്ത് സഞ്ചരിക്കുകയും രോമവസ്ത്രം ധരിക്കുകയും ചെയ്തിരുന്നു.' (ഹാകിം). 'ഈസാനബി(അ) രോമവസ്ത്രം ധരിക്കുകയും ഇലകൾ ഭക്ഷിക്കുകയും സന്ധ്യയാകുന്നിടത്തു വെച്ച് അന്തിയുറങ്ങുകയും ചെയ്യുക പതിവായിരുന്നു.' (ഇബ്നുകസീർ)

ആത്മീയതയിൽ ആകൃഷ്ടരായി ലളിതജീവിതം നയിക്കുന്നവരാണല്ലോ സൂഫികൾ. 'സൂഫി' എന്ന സംജ്ഞയുടെ പദോൽപ്പത്തിയെയും അർത്ഥപരിണാമത്തെയും സംബന്ധിച്ച് പല വ്യാഖ്യാനങ്ങളുമുണ്ട്. വേഷത്തെ അടിസ്ഥാനമാക്കിയുള്ള നാമകരണമാണ് സൂഫി എന്ന വീക്ഷണത്തിനാണ് പണ്ഡിതന്മാർക്കിടയിൽ പ്രാമുഖ്യം. 'സ്വൂഫ്' എന്നാൽ രോമവസ്ത്രം എന്നാണർത്ഥം. രോമവസ്ത്രം ധരിച്ചവനാണു സൂഫി.

പ്രാകൃതവും നിസ്സാരവുമായി ഗണിക്കപ്പെടുന്ന വേഷമാണ് രോമവസ്ത്രം. സൂഫികൾ അധികസമയവും രോമവസ്ത്രങ്ങൾ ധരിച്ചിരുന്നതുകൊണ്ടാണ് അവർക്ക് ഈ പേരു സിദ്ധിച്ചതത്രേ. വളരെ പരുക്കനും അനാകർഷകവുമായ ഈ വസ്ത്രമായിരുന്നു നബിമാർ ധരിച്ചിരുന്നത്. അതായിരുന്നു സൂഫികൾക്കുള്ള പ്രചോദനം.

തിരുനബി(സ) കഴുതപ്പുറത്ത് സഞ്ചരിക്കുകയും രോമവസ്ത്രം ധരിക്കുകയും ചെയ്തിരുന്നു.' (ഹാകിം). 'ഈസാനബി(അ) രോമവസ്ത്രം ധരിക്കുകയും ഇലകൾ ഭക്ഷിക്കുകയും സന്ധ്യയാകുന്നിടത്തു വെച്ച് അന്തിയുറങ്ങുകയും ചെയ്യുക പതിവായിരുന്നു.' (ഇബ്നുകസീർ) 'ഞാൻ കണ്ട എഴുപതു ബദ്രീങ്ങളിൽ ഭൂരിപക്ഷവും രോമവസ്ത്രം ധരിച്ചവരായിരുന്നു' എന്ന് ഹസനുൽ ബസ്വരി(റ) രേഖപ്പെടുത്തിയിട്ടുണ്ട്. (ഹിൽയതുൽഔലിയാ) അബൂഹുറയ്റ(റ)വും ഫളാലതുബ്നു ഉബൈദ്(റ)വും 'മാനസിക രോഗികളാണെന്ന് ജനം വിചാരിക്കുംവിധം വിശന്നുവലഞ്ഞ് ബോധരഹിതരായി വഴിയോരത്ത് വീണു കിടക്കാറുണ്ടായിരുന്നു. കരിമ്പടമായിരുന്നു വേഷം. വിയർക്കുമ്പോൾ അതിൽനിന്ന് നെയ്യാടിന്റെ രൂക്ഷഗന്ധം വമിച്ചിരുന്നു.'

ഭൗതികാലങ്കാരങ്ങൾ ഉപേക്ഷിച്ചും വിശപ്പടങ്ങാനുള്ള ലഘുഭക്ഷണം കഴിച്ചും നഗ്നത മറയാൻ മാത്രമുള്ള വസ്ത്രം ധരിച്ചും ആത്മനിർവൃതി കൊള്ളുകയും മുഴുവൻ സമയവും പാരത്രികകാര്യങ്ങളിൽ മുഴുകുകയും ചെയ്തതിനാൽ അവർക്ക് ഈ നിസ്സാരവേഷം ധാരാളമായിരുന്നു. യജമാനനായ ജഗന്നിയന്താവിന്റെ സമ്പൂർണ പ്രീതി കാംക്ഷിച്ച് സർവ്വദാ അവന് സേവനം ചെയ്യുമ്പോൾ ബാഹ്യമോടി ശ്രദ്ധിക്കാതിരിക്കുക സ്വാ

യജമാനനായ ജഗന്നിയന്താവിന്റെ സമ്പൂർണ പ്രീതി കാംക്ഷിച്ച് സർവ്വദാ അവന് സേവനം ചെയ്യുമ്പോൾ ബാഹ്യമോടി ശ്രദ്ധിക്കാതിരിക്കുക സ്വാഭാവികം. ജനത്തെ തൃപ്തിപ്പെടുത്താനും ബോധ്യപ്പെടുത്താനും അവർക്ക് ഒട്ടും താല്പര്യമുണ്ടായിരുന്നില്ല.

ഭാവികം. ജനത്തെ തൃപ്തിപ്പെടുത്താനും ബോധ്യപ്പെടുത്താനും അവർക്ക് ഒട്ടും താല്പര്യമുണ്ടായിരുന്നില്ല.

വേഷാധിഷ്ഠിത നാമമാണ് സൂഫി എന്ന മേൽ നിഗമനമാണ് പദനിഷ്പത്തിയോട് കൂടുതൽ പൊരുത്തപ്പെടുന്നത്. രോമവസ്ത്രം ധരിച്ചവനെ സംബന്ധിച്ച് 'തസ്വവ്വഫ' എന്ന് അറബിയിൽ പറയാറുണ്ട്. സൂഫികളുടെ ആത്മീയാവസ്ഥകളും അനുഭൂതികളും അനുനിമിഷം മാറിക്കൊണ്ടിരിക്കും. നടന്നും പറന്നും ഒരു പദവിയിൽ നിന്ന് അടുത്ത പദവിയിലേക്ക് അവർ ഉത്തരോത്തരം കയറിക്കൊണ്ടിരിക്കും. അതിനാൽ പ്രത്യേക വിശേഷണങ്ങൾ ചാർത്തി അവരെ അടയാളപ്പെടുത്താനും നാമങ്ങളുടെ പരിമിതവൃത്തത്തിൽ ക്ലിപ്തപ്പെടുത്താനും കഴിയില്ല. അറിവും തെളിവും വർദ്ധിപ്പിക്കാനുള്ള അനുഗൃഹീത കവാടങ്ങൾ അവർക്കു മുമ്പിൽ തുറന്നുകിടക്കുകയാണ്. അവരുടെ അന്തരംഗം ജ്ഞാനപ്പൊരുളുകളുടെയും പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളുടെയും കലവറകളായിരിക്കും.

ആത്മീയ പുരോഗതിയുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പലരും പലവിധ അവസ്ഥകളിലും പദവികളിലുമായിരിക്കും. പ്രത്യേക പേരുപയോഗിച്ച് അത് നിർണയിക്കാനാവില്ല. അതിനാൽ പ്രത്യക്ഷവേഷം പരിഗണിച്ച് അവരെ സൂഫികളെന്ന് വിളിക്കുകയായിരുന്നു. ബാഹ്യമായും ആന്തരികമായും വാക്കിലും കർമ്മത്തിലുമുള്ള അദബാണ് സൂഫികളുടെ നട്ടെല്ല്. ഈ അദബിനെ പ്രകാശിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ പദവും 'സൂഫി'യാണ്. മറ്റൊരർത്ഥത്തിൽ ഈ വിശേഷണം അവരുടെ ലളിതജീവിതത്തെയും ലൗകിക വിരക്തിയെയും പ്രതിഫലിപ്പിക്കുന്നു. ഈ പേര് കേൾക്കുന്ന ക്ഷണത്തിൽ പ്രാരംഭഘട്ടത്തിലുള്ള സൂഫികളിൽപോലും തന്റെ ജീവിതമുദ്ര ലാളിത്യവും വിനയവും ത്യാഗവുമാണെന്ന ചിന്തയുണരും. ഇതവർക്ക് കൂടുതൽ ജാഗ്രതയോടെ മുന്നേറാനുള്ള പ്രേരണയും മനക്കരുത്തും പ്രദാനം ചെയ്യും. അവരെ സംബന്ധിച്ച് ഈ വിളി കൂടുതൽ ഫലപ്രദമായി ഭവിക്കും.

പ്രത്യക്ഷ ലക്ഷണങ്ങൾ മാനദണ്ഡമാക്കിയുള്ള വിധിയാണ് ആന്തരികസ്ഥിതി പരിഗണിച്ചുള്ള തീർപ്പിനെക്കാൾ എന്തുകൊണ്ടും ഉചിതം. പുണ്യപുരുഷന്മാരുടെ ആന്തരികാവസ്ഥയും ആത്മീയ സ്ഥാനവും നിർണയിച്ച് അവരുടെ പദവിയോട് യോജിച്ച നാമം വിളിക്കുക പൊതുജനത്തിന് അസാധ്യമാണല്ലോ. ഈ അർത്ഥത്തിലും സൂഫി എന്ന പൊതുനാമകരണത്തിന് പ്രസക്തിയുണ്ട്.

ഉപേക്ഷിക്കപ്പെട്ട കീറത്തുണിപോലെ ജനശ്രദ്ധയും ആദരവുകളും അവഗണിച്ചും സ്ഥാനമാനങ്ങൾ ത്യജിച്ചും സുഖാസ്വാദനങ്ങൾ വർജിച്ചും അനാർഭാട ജീവിതം തിരഞ്ഞെടുത്തവരാണ് സൂഫികൾ. സമൂഹത്തിന്റെ പൊ

തുധാരയിൽ നിന്നകന്ന് തികച്ചും ഏകാന്തജീവിതം നയിക്കുന്ന ഇവരെ വലിച്ചെറിയപ്പെട്ട തുണി ക്കഷ്ണത്തോട് (സ്വൂഫ്) ഉപമിച്ച് സൂഫി എന്ന് വിളിക്കുന്നത് അവ രുടെ ജീവിതാവസ്ഥയെ കൂടു തൽ പ്രതിധ്വനിപ്പിക്കുന്നു.

പദോൽപ്പത്തിയോട് കുടുതൽ ചേർന്നു നിൽക്കുന്നതുപോലെ ആശയം ചോരാതെ ലക്ഷ്യത്തെ പ്രതിനിധീകരിക്കാനും സ്വൂഫി എന്ന ശബ്ദത്തിന് സാധിക്കും. പൂർവ്വസൂരികളായ സച്ചരിതരും പരിവ്രാജകരും ആബിദുകളും കരിമ്പടം ധരിച്ച് ജീവിച്ചവരായി രുന്നു. മൂസാനബി(അ) സീനാ പർവതത്തിൽ വച്ച് അല്ലാഹുവു മായി സംഭാഷണം നടത്തിയ ദിവസം രോമനിർമ്മിത ജുബ്ബയും കാലുറയും തുണിയും ഊറ ക്കിടാത്ത കഴുതത്തോലിന്റെ പാദരക്ഷകളുമായിരുന്നു ധരിച്ചി രുന്നതെന്ന് തിരുനബി(സ) പ്രസ് താവിച്ചതായി അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. (ഹാകിം, ബൈഹഖി)

അല്ലാഹുവിന്റെ സന്നിധിയിൽ ഒന്നാമത്തെ സ്വഫ്ഫിൽ അണി നിരക്കുന്നവരായതിനാലാണ് അവർക്ക് സൂഫികളെന്ന പേരു വെച്ചതെന്ന് ചിലർ അഭിപ്രായ പ്പെട്ടിട്ടുണ്ട്. ഉന്നതലക്ഷ്യം, മനസ്സ് അല്ലാഹുവിൽ കേന്ദ്രീകരിക്കുക, സർവ്വാത്മനാ അവനു മുമ്പിൽ നിലയുറപ്പിക്കുക ആദിയായ കാ രണങ്ങളാൽ അവർ മുൻനിരയിൽ സ്ഥാനം പിടിച്ചവരാണല്ലോ.

സ്ഫുടം ചെയ്തത്, തെ ളിഞ്ഞത്, ശുദ്ധമായത് എന്നർ ത്ഥമുള്ള 'സ്വഫാഇ'ൽ നിന്ന് രൂപംകൊണ്ട 'സ്വഫവി'യാണ് മൂ ലപദമെന്നും അതു ലോപിച്ചാണ് സൂഫിയായതെന്നും പറയുന്നവ രുമുണ്ട്. ചിന്തകളും കർമ്മങ്ങളും സംസ്കരിക്കപ്പെട്ടതായതുകൊ ണ്ടാണ് അവർക്ക് ഈ നാമം ലഭിച്ചത്.

'അസ്സ്വുഫ്ഫ'യിലേക്കു ചേർ ത്താണ് സൂഫികളെന്ന പ്രയോ ഗമുണ്ടായതെന്നും അഭിപ്രായ മുണ്ട്. തിരുദൂതരുടെ കാലത്ത് മസ്ജിദുന്നബവിയുടെ ചരുവിൽ മുഹാജിറുകളായ 'ഫകീറുമാർ' താമസിച്ചിരുന്നു. അഹ്ലുസ്സുഫ് ഫ/അസ്ഹാബുസ്സ്വുഫ്ഫ എന്ന

മൂസാനബി(അ) സീനാ പർവതത്തിൽ വച്ച് അല്ലാഹുവുമായി സംഭാഷണം നടത്തിയ ദി വസം രോമനിർമ്മിത ജുബ്ബയും കാലുറയും തുണിയും ഊറക്കിടാത്ത കഴുതത്തോലിന്റെ പാദരക്ഷകളുമായിരുന്നു ധരിച്ചിരുന്നതെന്ന് തിരുനബി(സ) പ്രസ്താവിച്ചതായി അബ്ദു ല്ലാഹിബ്നു മസ്ഊദ്(റ) റിപ്പോർട്ട് ചെയ്തി ട്ടുണ്ട്. (ഹാകിം, ബൈഹഖി)

പേരിലാണ് അവർ ചരിത്രത്തിൽ ഇടംപിടിച്ചത്. 'അല്ലാഹുവിന്റെ മാർഗത്തിൽ സ്വയം തളച്ചിടപ്പെട്ട ഫഖീറുകളാണ് ദാനത്തിന് അർഹരായവർ' (അൽബഖറ 273) എന്ന ഖുർആനിക പരാമർ ശം അവരെ സംബന്ധിച്ചാണ്. 'അസ്സ്വുഫ്ഫ'യിൽ നിന്നാണ് 'സൂ ഫി'യുടെ ഉത്ഭവമെന്ന വീക്ഷണ ക്കാരുടെ ന്യായമിതാണ്.

പദനിഷ്പത്തിയുമായി ഈ വീക്ഷണം വിയോജിക്കുമ്പോ ഴും ആശയപരമായി താദാത്മ്യം പുലർത്തുന്നുണ്ട്. അസ്ഹാ ബുസ്സ്വുഫ്ഫയുടെയും സൂഫി കളുടെയും അവസ്ഥകളിൽ സാരൂപ്യമുണ്ട്. ഇരു വിഭാഗവും അല്ലാഹുവിന്റെ പ്രീതി കാംക്ഷി ച്ച് മാനസികമായി പരസ്പരം ഇണങ്ങിയവരും ശാരീരികമായി സഹവർത്തിക്കുന്നവരും അവന്റെ മാർഗത്തിൽ സർവ്വസ്വവും സമർ പ്പിച്ചവരുമാണ്.

അസ്സ്വുഫ്ഫ നിവാസികൾ നാനൂറോളം പേരുണ്ടായിരുന്നു. അവർക്ക് മദീനയിൽ വീടോ കുടുംബമോ ഉണ്ടായിരുന്നില്ല. സൂഫികൾ പർണ്ണശാലകളിൽ ഒരുമിച്ചിരിക്കുന്നതു പോലെ സുഫ്ഫക്കാർ പള്ളിയിൽ സം ഗമിച്ചിരുന്നു. കൃഷി, കച്ചവടം, കാലിവളർത്തൽ തുടങ്ങിയുള്ള

ഉപജീവനമാർഗങ്ങളെ അവർ ആശ്രയിച്ചിരുന്നില്ല. മറ്റു സാമ്പത്തിക സ്രോതസ്സുകളുമില്ല. പകൽ വിറകു ശേഖരിക്കും, ധാന്യങ്ങൾ പൊടിക്കും. രാത്രിയായാൽ ഖുർആൻ പഠനത്തിലും പാരായണത്തിലും ഇതര ആരാധനകളിലും വ്യാപൃതരാകും. തിരുദൂതർ(സ) അവരെ സഹായിക്കുകയും സഹായിക്കാൻ ജനങ്ങളോട് ആവശ്യപ്പെടുകയും അവിടുന്ന് അവരുമായി സഹവസിക്കുകയും അവരോടൊപ്പം ആഹരിക്കുകയും ചെയ്തിരുന്നു.

തിരുനബി(സ) സ്വുഫ്ഫക്കാർക്ക് ഹസ്തദാനം നൽകിയാൽ അവർ കൈ വലിക്കുന്നതു വരെ അവിടുന്ന് കൈ മാറ്റിയിരുന്നില്ല. ധനശേഷിയുള്ള ആളുകൾക്ക് മൂന്നും നാലും സുഫ്ഫനിവാസികളെ വീതിച്ചു നൽകുകയും വീട്ടിൽ കൊണ്ടുപോയി സൽക്കരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സഅ്ദുബ്നു മുആദ്(റ) എൺപതുപേരെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി ഭക്ഷണം നൽകിയിരുന്നു.

'അസ്സ്വുഫ്ഫക്കാരിൽ എഴുപതു പേർ ഒറ്റ വസ്ത്രത്തിൽ നിസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്' എന്ന് അബൂഹുറയ്റ(റ) പ്രസ്താവിച്ചിട്ടുണ്ട്. മുട്ടിൻകാലിനപ്പുറത്തേക്ക് വസ്ത്രമെത്താത്തവർ വരെ അവരിലുണ്ട്. റുകൂഅ് നിർവഹിക്കുമ്പോൾ നഗ്നത വെളിപ്പെടുമോ എന്നു ഭയന്ന് സ്വന്തം കൈകൾ കൊണ്ട് വസ്ത്രം അമർത്തിപ്പിടിച്ച് നിസ്കരിക്കുന്നവർ പോലും അവരിലുണ്ടായിരുന്നു.

അസ്സുഫ്ഫക്കാരിൽ ഒരാൾ പറയുന്നു: 'ഞങ്ങൾ ഒരു സംഘമാളുകൾ തിരുദൂതരെ സമീപിച്ച് പറഞ്ഞു: 'തിരുദൂതരേ, കാരക്കതിന്ന് ഞങ്ങളുടെ വയറ് കത്തിക്കാളുന്നു.' ഇതുകേട്ട തിരുനബി(സ) പ്രസംഗപീഠത്തിൽ കയറി പ്രഖ്യാപിച്ചു: 'കാരക്ക ഭക്ഷിച്ചു ഞങ്ങളുടെ വയറ് പുകയുന്നുവെന്ന് പരിഭവം പറയുന്ന സമൂഹത്തിന്റെ അവസ്ഥ എന്താണ്? ഈ കാരക്കയാണ് മദീനക്കാരുടെ ആഹാരമെന്ന് നിങ്ങൾക്കറിയില്ലേ? അവർ നമുക്ക് സഹായമായി നൽകിയത് നാം നിങ്ങൾക്കും നൽകി. മുഹമ്മദിന്റെ ആത്മാവ് ആരുടെ അധികാരത്തിലാണോ ആ അല്ലാഹു സാക്ഷി, രണ്ടുമാസമായി തിരൂർദൂതരുടെ വീട്ടിൽ നിന്ന് റൊട്ടി വേവിക്കാനായി പുക പൊന്തിയിട്ടില്ല. വെള്ളവും കാരക്കയുമല്ലാതെ വീട്ടുകാർക്ക് മറ്റൊരു ആഹാരവും ലഭിച്ചിട്ടില്ല.' (ഹദീസ്)

ഒരു ദിവസം തിരുദൂതർ സ്വുഫ്ഫക്കാരുടെ സമീപത്തു വന്നുനിന്നു. അവരുടെ ദാരിദ്ര്യവും ദയനീയതയും ഹൃദയവിശുദ്ധിയും കണ്ട് തിരുദൂതർ(സ) പറഞ്ഞു: 'സ്വുഫ്ഫക്കാരേ, നിങ്ങൾ സന്തോഷിക്കുക. നിങ്ങളിൽ ഇപ്പോഴുള്ള സ്ഥിതി പൂർണ്ണ സംതൃപ്തിയോടെ തുടർന്നും നിലനിർത്തുന്നവർ തീർച്ചയായും അന്ത്യദിനത്തിൽ എന്റെ കൂട്ടുകാരായിരിക്കും.'

സ്വുഫ്ഫക്കാരുടെ ഈ ജീവിതരീതി തന്നെയാണ് സൂഫികളും പിന്തുടരുന്നത്. ഒരു സംഘം സൂഫികൾ ഖുറാസാനിൽ താമസിച്ചിരുന്നു. ഗുഹകളായിരുന്നു അവരുടെ താവളം. നഗരങ്ങളിലും ജനവാസകേന്ദ്രങ്ങളിലും വസിച്ചിരുന്നില്ല. 'ശക്ഫതിയ്യ' എന്ന പേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. അവിടത്തെ ഒരു ഗുഹയുടെ നാമമാണ് ശക്ഫത്. ശാമുകാർ ഈ വിഭാഗത്തെ 'ജൂഇയ്യ' (വിശപ്പ് സഹിക്കുന്നവർ) എന്നാണു വിളിച്ചിരുന്നത്.

അതിവവിശിഷ്ടരായ പുണ്യാത്മാക്കളെ അബ്റാർ (ഗുണവാന്മാർ), മുഖർറബൂൻ (സമീപസ്ഥർ) എന്നാണ് വിശുദ്ധഖുർആൽ വിശേഷിപ്പിച്ചത്. അസ്സ്വാബിറൂൻ (ക്ഷമാലുക്കൾ), അസ്സ്വാദിഖൂൻ (സത്യാത്മാക്കൾ), അദ്ദാകിറൂൻ (ദിക്റിൽ ലയിച്ചവർ), അൽമുഹിബ്ബൂൻ (പ്രണയികൾ) എന്നിങ്ങനെയും വിവിധ സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഉപര്യുക്ത മുഴുവൻ വിശേഷണങ്ങളെയും ഉൾവഹിക്കുന്ന വിശാലാർത്ഥമുള്ള നാമമാണ് സൂഫി.

തിരുദൂതരുടെ കാലത്ത് സൂഫി എന്ന പ്രയോഗമുണ്ടായിരുന്നില്ല. താബിഉകളുടെ കാല

അതിവവിശിഷ്ടരായ പുണ്യാത്മാക്കളെ അബ്റാർ (ഗുണവാന്മാർ), മുഖർറബൂൻ (സമീപസ്ഥർ) എന്നാണ് വിശുദ്ധഖുർആൽ വിശേഷിപ്പിച്ചത്. അസ്സ്വാബിറൂൻ (ക്ഷമാലുക്കൾ), അസ്സ്വാദിഖൂൻ (സത്യാത്മാക്കൾ), അദ്ദാകിറൂൻ (ദിക്റിൽ ലയിച്ചവർ), അൽമുഹിബ്ബൂൻ (പ്രണയികൾ) എന്നിങ്ങനെയും വിവിധ സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഉപര്യുക്ത മുഴുവൻ വിശേഷണങ്ങളെയും ഉൾവഹിക്കുന്ന വിശാലാർത്ഥമുള്ള നാമമാണ് സൂഫി.

തിരുദൂതരുടെ കാലത്ത് സൂഫി എന്ന പ്രയോഗമുണ്ടായിരുന്നില്ല. താബിഉകളുടെ കാലത്തും ഉണ്ടായിരുന്നില്ല എന്നാണു പ്രബലാഭിപ്രായം. ഹിജ്റ ഇരുനൂറുകൾക്കു ശേഷമാണ് ഈ നാമം പ്രയോഗത്തിൽ വന്നതെന്ന് പറയപ്പെടുന്നു. തിരുദൂതരുടെ അനുചരന്മാർ 'സ്വഹാബികൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടുത്തെ സഹവർത്തിത്വത്തെ അടയാളപ്പെടുത്തുന്ന 'സ്വഹാബി'യെക്കാൾ മഹത്വമുള്ള മറ്റൊരു പദവിയുമില്ല.

ത്തും ഉണ്ടായിരുന്നില്ല എന്നാണു പ്രബലാഭിപ്രായം. ഹിജ്റ ഇരുനൂറുകൾക്കു ശേഷമാണ് ഈ നാമം പ്രയോഗത്തിൽ വന്നതെന്ന് പറയപ്പെടുന്നു. തിരുദൂതരുടെ അനുചരന്മാർ 'സ്വഹാബികൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടുത്തെ സഹവർത്തിത്വത്തെ അടയാളപ്പെടുത്തുന്ന 'സ്വഹാബി'യെക്കാൾ മഹത്വമുള്ള മറ്റൊരു പദവിയുമില്ല. അവിടുത്തെ കാലശേഷം സ്വഹാബികളിൽ നിന്ന് ജ്ഞാനപ്രകാശം സ്വീകരിച്ചവർ താബിഈ എന്നും വിളിക്കപ്പെട്ടു.

തിരുനബി(സ) വഫാത്താവുകയും ദിവ്യസന്ദേശങ്ങൾ നിലയ്ക്കുകയും ചെയ്തു. തിരുപ്രഭ മറഞ്ഞു. അഭിപ്രായ ഭിന്നതകൾ തലപൊക്കി. പലരും സ്വാഭിപ്രായങ്ങൾക്ക് പ്രാമുഖ്യം നൽകി. തന്നിഷ്ടങ്ങൾ കലർന്ന് വിജ്ഞാന നിർഝരികൾ കലങ്ങി. ഭക്തന്മാരുടെ കോട്ടകൾക്ക് ചാഞ്ചാട്ടം തുടങ്ങി. ഭൗതികപരിത്യാഗികളുടെ ദൃഢനിശ്ചയങ്ങൾക്ക് താളഭംഗം വന്നു. അജ്ഞതകൾ മൂടുപടം മാറ്റി രംഗം കൈയ്യടക്കി. ദുരാചാരങ്ങൾ വർദ്ധിക്കുകയും അതിന്റെ വക്താക്കൾ യജമാനന്മാരാവുകയും ചെയ്തു. വിശ്വം മോഹിനിയായി അണിഞ്ഞൊരുങ്ങി. ഭൗതികവികാരങ്ങളും വിചാരങ്ങളും തീവ്രമായി.

ചുറ്റുപാടുകൾ ചപ്പും ചവറും നിറഞ്ഞ മാലിന്യക്കൂമ്പാരങ്ങളായി ദുർഗന്ധം വമിക്കാൻ തുടങ്ങിയപ്പോൾ ഒരു വിഭാഗം സന്മനസ്കർ സൽകർമ്മങ്ങൾ അനുഷ്ഠിക്കാനും ദൃഢനിശ്ചയങ്ങളിൽ സത്യസന്ധത പുലർത്താനും മതത്തിൽ കരുത്ത് നേടാനും ഏകാന്തവാസം തിരഞ്ഞെടുത്തു. ലൗകിക സുഖാഡംബരങ്ങളിൽ അവർ വിരക്തി കാണിച്ചു. സ്വന്തം ആവശ്യങ്ങൾക്കായി ഖാൻഖാഹുകൾ സ്ഥാപിച്ചു.

അസ്ഹാബുസ്സുഫ്ഫയായിരുന്നു അവരുടെ മാതൃക. അവർ ഭൗതികബന്ധങ്ങളും ഉപാധികളും അറുത്തുമാറ്റി. പ്രപഞ്ചനാഥനായ അല്ലാഹുവിൽ സർവ്വവും സമർപ്പിച്ചു. സൽകർമ്മങ്ങളുടെ ഫലമായി അവർക്ക് ആത്മീയ വിശുദ്ധി കൈവന്നു. ജ്ഞാനപ്രകാശം സ്വീകരിക്കാൻ അവരുടെ മനസ്സ് സുസജ്ജമായി. സത്യത്തിലുറച്ച പുതിയ നാവും അനുഭവബോധ്യത്തിന്റെ ജ്ഞാനത്തെളിച്ചവും ദൃഢവിശ്വാസത്തിന്റെ നറുവെളിച്ചവും ലഭിച്ചു. ഈമാനിന്റെ വിവിധ പദവികളെക്കുറിച്ച് വെളിപാടു ലഭിച്ചപ്പോഴാണ് ഞാൻ യഥാർത്ഥ വിശ്വാസിയായതെന്ന ഹാരിസ്(റ)വിന്റെ വാക്കുകൾ ഈ നവോദയത്തെയാണ് സൂചിപ്പിക്കുന്നത്.

ഈമാനിന്റെ നവ്യവെളിച്ചത്തിൽ വിജ്ഞാനത്തിന്റെ പുതിയ വാതായനങ്ങൾ ആദ്ധ്യാത്മികജ്ഞാനികൾക്കു മുമ്പിൽ തുറക്കപ്പെട്ടു. അവർക്കിടയിൽ സുപരിചിത അറിവുകളും സൂചകങ്ങളും രൂപപ്പെട്ടു. തങ്ങൾക്ക് അനുഭവവേദ്യമായ ആത്മീയ അവസ്ഥാന്തരങ്ങളെ അടയാളപ്പെടുത്തുന്നതും പൊരുളുകളെ സൂചിപ്പിക്കുന്നതുമായ ചില സാങ്കേതിക സംജ്ഞകൾ അവർ സ്വയം രൂപപ്പെടുത്തി. അവ തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടു. സാർവത്രികമായി അവ സ്ഥിരപ്രതിഷ്ഠ നേടി. പ്രസ്തുത ആത്മജ്ഞാനികൾ സൂഫികളെന്ന് അറിയപ്പെട്ടു.

സൂഫി എന്ന നാമം അവരുടെ അടയാളമാണ്. അല്ലാഹുവിനെ കുറിച്ചുള്ള അറിവാണ് അവരുടെ സവിശേഷത, ഇബാദത്താണ് ആഭരണം, ഭക്തിയാണ് ചിഹ്നം, പ്രാപഞ്ചിക പൊരുളുകളാണ് ഉൾക്കാമ്പ്. തീവ്രപ്രണയത്തിന്റെ താഴികക്കുടങ്ങളിലാണ് അവരുടെ വാസം. വിഹ്വലതയുടെ ഭവനങ്ങളിലാണ് വിഹാരം. അത്യുദാരനായ അല്ലാഹുവിന്റെ അനന്തമായ സഹായം അവർക്കുണ്ട്. അനുരാഗത്തിന്റെ അഗ്നിജ്വാല ആളിപ്പടർന്ന് ആത്മീയ ലഹരിയിൽ ഉന്മത്തരായി 'ഇനിയും തരൂ' എന്നവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കും.

കവർസ്റ്റോറി

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

റബീഇനെ വരവേൽക്കാം



അതിരുകളില്ലാത്ത പ്രവാചകസ്നേഹത്തിന്റെ വിശാലലോകത്തേക്ക് വിശ്വാസികളെ നയിക്കുന്ന മാസമാണ് റബീഉൽഅവ്വൽ. നാടും വീടും വർണ്ണാഭമാവുകയും മദ്ഹ്കീർത്തനങ്ങൾ കൊണ്ട് അന്തരീക്ഷം മുഖരിതമാവുകയും ചെയ്യുന്ന കാലം. ലോകത്തിന്റെ സൃഷ്ടിപ്പിനു കാരണമായ തിരുപ്രകാശത്തിന്റെ ഉദയമാസം. ലോകാനുഗ്രഹി മുഹമ്മദ് നബി(സ)യുടെ തിരുപ്പിറവി ദിനം ഏറെ സന്തോഷത്തോടെയാണ് ലോകമെങ്ങുമുള്ള വിശ്വാസികൾ ആഘോഷിക്കുക. ഹൃദയങ്ങളിൽ തിരുനബി(സ)യോടുള്ള അടങ്ങാത്ത സ്നേഹം പ്രകടമാകുന്ന പ്രവർത്തനങ്ങളാണ് റബീഉൽഅവ്വൽ മാസത്തിൽ എല്ലാ നാടുകളിലും നടക്കുന്നത്. റബീഇന്റെ പൊന്നമ്പിളി തെളിയുന്നതോടെ വീടുകളിൽ നിന്ന് പ്രവാചകകീർത്തനങ്ങളുയരും. വീടുകളും പള്ളികളും സ്ഥാപനങ്ങളും പരിസരങ്ങൾ വൃത്തിയാക്കി അലങ്കരിക്കും. മീലാദ് ജൽസകളും പ്രഭാഷണങ്ങളും മദ്ഹ് സദസ്സുകളും സംഘടിപ്പിക്കും. പ്രവാചകരെക്കുറിച്ചുള്ള സെമിനാറുകളും സിമ്പോസിയങ്ങളും നടക്കും. മൗലിദ് സംഗമങ്ങൾക്കു ശേഷം ഭക്ഷണവിതരണം നടത്തും. റബീഉൽഅവ്വൽ പന്ത്രണ്ടിന് പ്രഭാതസമയത്ത് എല്ലാ പള്ളികളിലും ഒരേ സമയം മൗലിദുകൾ നടക്കും. ഗ്രാമ-നഗര വ്യത്യാസമില്ലാതെ മീലാദ്റാലികളും ഇസ്‌ലാമിക കലാപ്രകടനങ്ങളും അരങ്ങേറും.

ലോകാനുഗ്രഹി

തിരുനബി(സ)യുടെ ജന്മം കൊണ്ട് അനുഗൃഹീതമായ വിശുദ്ധറബീഇനെ വിശ്വാസികൾ ഈ വിധം വരവേൽക്കാൻ കാരണമുണ്ട്. ലോകത്തിന് പ്രതീക്ഷയും സമൂഹത്തിന് പ്രത്യാശയുമായി മനുഷ്യരെ ഉത്തമ നാഗരികതയുടെ കൈവഴിയിലൂടെ നടത്തിയ മനുഷ്യസ്നേഹിയാണ് തിരുനബി(സ). മക്കയിൽ ജനിച്ചുവളർന്ന തിരുനബി(സ)യുടെ ജീവിതപരിസരം സർവ അതിരുകളും ഭേദിച്ച് എല്ലായിടത്തും എത്തുകയാണുണ്ടായത്. നന്മയുടെ ദൂതുമായി ലക്ഷക്കണ

ലോകത്തിനു മുഴുവൻ അനുഗ്രഹമാവുക എന്ന വിശേഷണം അല്ലാഹു തിരുനബി(സ)ക്ക് മാത്രം നൽകിയ അത്യുന്നത പദവിയാണ്. മക്കയിൽ ശത്രുക്കളുടെ ഹീനമായ പീഢനങ്ങൾക്ക് വിധേയമായ ഒരു സന്ദർഭത്തിൽ സ്വഹാബികൾ നബിസവിധത്തിൽ വന്നു പറഞ്ഞു: 'നബിയേ, അങ്ങ് അക്രമികൾക്കെതിരെ പ്രാർത്ഥിക്കണം.' അവിടുന്ന് അപ്പോൾ പ്രതിവചിച്ചതിങ്ങനെ: 'ഞാൻ ശാപപ്രാർത്ഥന നടത്താൻ നിയോഗിക്കപ്പെട്ടവനല്ല. ഞാൻ അനുഗ്രഹത്തിന്റെ പ്രവാചകനാണ്.' (മുസ്‌ലിം)

ക്കിനു പ്രവാചകന്മാർ ലോകത്ത് വന്നിട്ടുണ്ടെങ്കിലും അവരുടെയെല്ലാം നിയോഗം നിശ്ചിത കാലഘട്ടത്തിലേക്കോ സമൂഹത്തിലേക്കോ മാത്രം പരിമിതമായിരുന്നു. ഇതിൽ നിന്നു വ്യത്യസ്തമാണ് തിരുനബി(സ)യുടെ രംഗപ്രവേശം.

ലോകത്തിനു മുഴുവൻ അനുഗ്രഹമാവുക എന്ന വിശേഷണം അല്ലാഹു തിരുനബി(സ)ക്ക് മാത്രം നൽകിയ അത്യുന്നത പദവിയാണ്. മക്കയിൽ ശത്രുക്കളുടെ ഹീനമായ പീഢനങ്ങൾക്ക് വിധേയമായ ഒരു സന്ദർഭത്തിൽ സ്വഹാബികൾ നബിസവിധത്തിൽ വന്നു പറഞ്ഞു: 'നബിയേ, അങ്ങ് അക്രമികൾക്കെതിരെ പ്രാർത്ഥിക്കണം.' അവിടുന്ന് അപ്പോൾ പ്രതിവചിച്ചതിങ്ങനെ: 'ഞാൻ ശാപപ്രാർത്ഥന നടത്താൻ നിയോഗിക്കപ്പെട്ടവനല്ല. ഞാൻ അനുഗ്രഹത്തിന്റെ പ്രവാചകനാണ്.' (മുസ്‌ലിം)

തിരുനബി(സ)യുടെ ഈ സ്വഭാവ വൈശിഷ്ട്യം കൊണ്ട് തന്നെയാണ് ഇസ്‌ലാമിനെതിരെ പട നയിച്ച പലരും പിന്നീട് തിരുസവിധത്തിൽ വന്ന് ഇസ്‌ലാം ആശ്ലേഷിച്ചത്. പിന്നീട് അവർ ഇസ്‌ലാമിന്റെ കാവൽഭടന്മാരായി മാറിയതാണ് ചരിത്രം.

ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് മുത്തുനബി(സ)യെ ആണെന്നും അല്ലാത്തപക്ഷം നിങ്ങൾക്ക് അപകടമാണ് വരാനിരിക്കുന്നതെന്നും ഖുർആൻ പറഞ്ഞിട്ടുണ്ട്. 'നബിയേ, പറയുക: നിങ്ങളുടെ പിതാക്കളും പുത്രൻമാരും സഹോദരങ്ങളും ഇണകളും ബന്ധുക്കളും സമ്പാദ്യങ്ങളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും അല്ലാഹുവിനെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള ധർമ്മസമരത്തെക്കാളും നിങ്ങൾക്ക് പ്രിയപ്പെട്ടതായാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നതു വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല.' (തൗബ 24)

മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം തിരുനബിസ്നേഹം നിർബന്ധബാധ്യതയാണ്. അതിനുള്ള മാർഗമാണ് പ്രവാചകപ്രകീർത്തനങ്ങൾ. വിശുദ്ധ ഖുർആനിൽ പലയിടത്തായി തിരുനബി(സ)യെ പ്രകീർത്തിച്ചതു കാണാം. 'നബിയേ, അങ്ങയെ നാം മനുഷ്യരിലേക്കുള്ള ദൂതനായി നിയോഗിച്ചിരിക്കുന്നു. (അതിന്) സാക്ഷിയായി അല്ലാഹു മതി.' (നിസാഅ്:79) 'തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതരിൽ ഉത്തമമാതൃകയുണ്ട്.; അതായത് അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവിനെ ധാരാളമായി ഓർമിക്കുകയും ചെയ്യുന്നവർക്ക്' (അഹ്സാബ്:21) 'തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവരും നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവരും സത്യവിശ്വാസികളോട് കൂടുതൽ ദയയുള്ളവരും കാരുണ്യമുള്ളവരുമാണവർ.' (തൗബ:128) തുടങ്ങിയ നിരവധി സൂക്തങ്ങളിൽ അല്ലാഹു തിരുനബി(സ)യുടെ മഹത്വം വർണ്ണിക്കുന്നുണ്ട്.

വിമോചകൻ

കുലമഹിമയുടെ പേരിൽ രക്തം ചിന്തി, മദ്യത്തിൽ ആറാടി, അനാഥരെ ആട്ടിയകറ്റി, പെണ്ണിനെ ജീവനോടെ കുഴിച്ചുമൂടി, യുദ്ധം തൊഴിലാക്കി ജീവിച്ച ഒരു ജനതക്കു മുന്നിലാണ് മാനവികതയുടെ വിളംബരവുമായി മുഹമ്മദ്നബി(സ) പ്രബോധനം നടത്തിയത്. മനുഷ്യവിമോചനത്തിന്റെ ആദ്യവിളംബരവും അതായിരുന്നു.

മനുഷ്യരെല്ലാവരും തുല്യരാണെന്നും ലിംഗത്തിന്റെയോ വർണത്തിന്റെയോ വർഗത്തിന്റെയോ പേരിൽ സ്രഷ്ടാവിന്റെ സവിധത്തിൽ ഒരാൾക്കും മറ്റൊരാളെക്കാൾ പ്രത്യേകസ്ഥാനമില്ലെന്നും പ്രഖ്യാപിച്ച വിമോചന ശാസ്ത്രമാണവിടുന്ന് ലോകത്തിന് സമർപ്പിച്ചത്. നല്ലൊരു കുടുംബനാഥനായും രാഷ്ട്രനായകനായും നീതിമാനായ ഭരണാധികാരിയായും അവർ പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകി. യുദ്ധവേളയിൽ പോലും സ്ത്രീകളെയും കുട്ടികളെയും കൊല്ലരുതെന്നും ആരാധനാലയങ്ങളും പ്രകൃതിവിഭവങ്ങളും നശിപ്പിക്കരുതെന്നും ആഹ്വാനം ചെയ്തു. തിരുനബി(സ)യുടെ വിടവാങ്ങൽ

പ്രഭാഷണം ലോകം കണ്ട മനോഹരമായ ആദ്യത്തെ മനുഷ്യാവകാശ പ്രഖ്യാപനമായിരുന്നു:

'ജനങ്ങളേ, ഈ മാസവും ഈ ദിവസവും പവിത്രമായതുപോലെ നിങ്ങളുടെ രക്തവും ധനവും അന്ത്യനാൾവരെ പവിത്രമാണ്. തീർച്ചയായും നിങ്ങൾ നാഥനെ കണ്ടുമുട്ടും. അപ്പോൾ അവൻ കർമങ്ങളെക്കുറിച്ച് നിങ്ങളോടു ചോദിക്കും. ഈ സന്ദേശം നിങ്ങൾക്കെത്തിച്ചു തരികയെന്ന ചുമതല ഞാൻ പൂർത്തീകരിച്ചിരിക്കുന്നു. അല്ലാഹുവേ, നീയിതിനു സാക്ഷി! വല്ലവരുടെയും കൈവശം സൂക്ഷിപ്പ് സ്വത്തുണ്ടെങ്കിൽ അത് അവകാശികളെ തിരിച്ചേൽപിക്കണം. എല്ലാ പലിശയിടപാടുകളും ഇന്നു മുതൽ നാം ദുർബലപ്പെടുത്തിയിരിക്കുന്നു. എന്നാൽ മൂലധനത്തിൽ നിങ്ങൾക്കവകാശമുണ്ട്. അതിനാൽ നിങ്ങൾക്കൊട്ടും നഷ്ടം പറ്റുന്നില്ല. പലിശപാടില്ലെന്ന് അല്ലാഹു വിധിച്ചുകഴിഞ്ഞതാണ്. ആദ്യമായി എന്റെ പിതൃവ്യൻ അബ്ബാസിന് കിട്ടാനുള്ള പലിശയിതാ ഞാൻ റദ്ദുചെയ്യുന്നു. അനിസ്‌ലാമിക കാലത്തെ എല്ലാ കുടിപ്പകയും ഈ ദിവസത്തോടെ ദുർബലപ്പെടുത്തിയിരിക്കുന്നു. അനിസ്‌ലാമിക കാലത്തെ എല്ലാ കുലമഹിമകളും പദവികളും ഇതോടെ അസാധുവാക്കിയിരിക്കുന്നു.

ജനങ്ങളേ, നിങ്ങൾക്ക് സ്ത്രീകളോട് ചില ബാധ്യതകളുണ്ട്; അവർക്ക് നിങ്ങളോടും. നിങ്ങൾക്കിഷ്ടമില്ലാത്തവരെ അവരുടെ വിരിപ്പ് സ്പർശിക്കാൻ അനുവദിക്കരുത്. നീചവൃത്തികൾ ചെയ്യുകയുമരുത്. സ്ത്രീകളോട് നിങ്ങൾ ദയയോടെ പെരുമാറുക. അവർ നിങ്ങളുടെ ആശ്രിതരും പങ്കാളികളുമാണ്. അല്ലാഹുവിന്റെ അമാനത്തായാണ് നിങ്ങളവരെ വിവാഹം ചെയ്തിട്ടുള്ളത്.

ജനങ്ങളേ, വിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. സഹോദരൻ സംതൃപ്തിയോടെ നൽകുന്നതല്ലാതെ ആർക്കും ഒന്നും അനുവദനീയമല്ല. അതിനാൽ നിങ്ങൾ പരസ്പരം ഹിംസകളിലേർപ്പെടാതിരിക്കുക. അങ്ങനെ ചെയ്താൽ നിങ്ങൾ സത്യനിഷേധികളായിത്തീരും.

ജനങ്ങളേ, എന്റെ വാക്കുകൾ ശ്രദ്ധാപൂർവം കേൾക്കുക. വളരെ സുവ്യക്തമായ കാര്യം ഇവിടെ ഞാൻ ബാക്കിയാക്കുന്നു; അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ ദൂതന്റെ ചര്യയുമാണത്. ജനങ്ങളേ, നിങ്ങളുടെ സ്രഷ്ടാവ് ഏകനാണ്. നിങ്ങളെല്ലാം ഒരേ പിതാവിന്റെ മക്കളാണ്. നിങ്ങളെല്ലാം ആദമിൽനി

ജനങ്ങളേ, നിങ്ങൾക്ക് സ്ത്രീകളോട് ചില ബാധ്യതകളുണ്ട്; അവർക്ക് നിങ്ങളോടും. നിങ്ങൾക്കിഷ്ടമില്ലാത്തവരെ അവരുടെ വിരിപ്പ് സ്പർശിക്കാൻ അനുവദിക്കരുത്. നീചവൃത്തികൾ ചെയ്യുകയുമരുത്. സ്ത്രീകളോട് നിങ്ങൾ ദയയോടെ പെരുമാറുക. അവർ നിങ്ങളുടെ ആശ്രിതരും പങ്കാളികളുമാണ്. അല്ലാഹുവിന്റെ അമാനത്തായാണ് നിങ്ങളവരെ വിവാഹം ചെയ്തിട്ടുള്ളത്.

നബിദിനാഘോഷങ്ങൾ കൊടിതോരണ ങ്ങളിലും അലങ്കാരങ്ങളിലും മദ്ഹുകളിലും മാത്രമൊതുങ്ങാതെ പ്രവാചകനിയോഗ ദൗത്യത്തെ കൂടി ഏറ്റെടുക്കുന്ന തരത്തി ലാക്കി മാറ്റാനാണ് നാം ശ്രമിക്കേണ്ടത്. ജീവിതത്തെക്കുറിച്ച് കൂടുതൽ ജാഗ്രത കൈവരിക്കാനുള്ള അവസരമായാണ് വിശ്വാസികൾ വിശുദ്ധ റബീഉൽഅവ്വൽ മാസത്തെ കാണേണ്ടത്. നബി(സ)യുടെ ജീവിതമാണ് ഓരോ വിശ്വാസിയും പഠി ക്കേണ്ടതും പകർത്തേണ്ടതും.

ന്നുള്ളവരാണ്; ആദമോ മണ്ണിൽ നിന്നും. അതിനാൽ ദൈവഭക്തി യുടെ അടിസ്ഥാനത്തിലല്ലാതെ അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ ശ്രേഷ്ഠതയില്ല. അല്ലാഹുവേ, ഞാൻ ഈ സന്ദേശം എത്തിച്ചു കൊടുത്തില്ലേ? അല്ലാഹുവേ, നീ സാക്ഷി. അറിയുക, ഈ സന്ദേ ശം ലഭിച്ചവർ അത് ലഭിക്കാത്ത വർക്ക് എത്തിച്ചു കൊടുക്കട്ടെ.'

പഠിക്കാം, പ്രവാചകരെ

പ്രവാചകരെ സ്മരിച്ചും സ് നേഹിച്ചും മാത്രമേ ഏതൊരു മനുഷ്യനും സ്രഷ്ടാവിലേക്കെ ത്താൻ കഴിയൂ. ആ ദൂതനെ വാ ക്കിലും പ്രവൃത്തിയിലും ചിന്ത യിലും അനുസരിച്ചു കൊണ്ടു മാത്രമേ പരലോകമോക്ഷമെന്ന ലക്ഷ്യം പൂർത്തീകരിക്കാനും സാധിക്കുകയുള്ളൂ. പ്രവാചകരെ സ്നേഹിക്കുക എന്നതിനർത്ഥം അവിടുത്തെ സന്ദേശം സ്വന്തം ജീവിതത്തിൽ സ്വാംശീകരി ക്കുകയെന്നാണ്. അധർമവും അനീതിയോടും രാജിയായ സാമൂഹ്യവ്യവസ്ഥിതിയിൽ ഏറെ പ്രസക്തമായ പ്രവാചക ന്റെ സന്ദേശങ്ങൾ ജീവിതത്തിൽ പകർത്താൻ വിശ്വാസികൾ തയ്യാ റാവുക തന്നെ വേണം.

റബീഉൽഅവ്വൽ മാസത്തിൽ ആ സന്ദേശം കൂടുതൽ പ്രചരി പ്പിക്കേണ്ട വലിയൊരു ബാധ്യത നമുക്കുണ്ട്. നബിദിനാഘോഷ ങ്ങൾ കൊടിതോരണങ്ങളിലും അലങ്കാരങ്ങളിലും മദ്ഹുകളിലും മാത്രമൊതുങ്ങാതെ പ്രവാചകനി യോഗ ദൗത്യത്തെ കൂടി ഏറ്റെടു ക്കുന്ന തരത്തിലാക്കി മാറ്റാനാണ് നാം ശ്രമിക്കേണ്ടത്. ജീവിതത്തെ ക്കുറിച്ച് കൂടുതൽ ജാഗ്രത കൈ വരിക്കാനുള്ള അവസരമായാണ് വിശ്വാസികൾ വിശുദ്ധ റബീഉൽ അവ്വൽ മാസത്തെ കാണേണ്ടത്.

നബി(സ)യുടെ ജീവിതമാണ് ഓരോ വിശ്വാസിയും പഠിക്കേണ്ട തും പകർത്തേണ്ടതും. വിശ്വാസി യുടെ സമ്പൂർണ്ണ മാതൃക തിരുന ബി(സ) തന്നെയാണ്.

വിശുദ്ധ റബീഉൽഅവ്വലി നോടനുബന്ധിച്ച് തിരുനബി(സ) യുടെ മൗലിദുകൾ ആശയമറി ഞ്ഞു പഠിക്കാനും തിരുഹദീസു കൾ കൂടുതൽ ഹൃദിസ്ഥമാക്കാ നുമുള്ള ശ്രമങ്ങളുണ്ടാകണം. മാതാപിതാക്കൾ, ഗുരുജനങ്ങൾ, അയൽവാസികൾ, ബന്ധുക്കൾ, അശരണർ, അനാഥർ, വിധവകൾ തുടങ്ങി വിവിധ വിഭാഗങ്ങളിലേ ക്ക് കാരുണ്യത്തിന്റെ കൈവഴിക ളൊഴുക്കിയ തിരുനബി(സ)യുടെ വഴികൾ പുതുതലമുറയിലെ വി ശ്വാസികളും ഉൾക്കൊള്ളണം.

സ്നേഹത്തിന്റെ കവാടങ്ങൾ മാനവലോകത്തിന് പരിചയ പ്പെടുത്തിയ മുത്തുനബി(സ) യിൽ നിന്ന് പരസ്പര സ്നേ ഹത്തിന്റെ ജീവിതപാഠങ്ങൾ പകർത്തണം. കുരുന്നുകളോട് ഏറെ കരുതലോടെ പെരുമാറണ മെന്ന അവിടുത്തെ നിരന്തരമായ ഓർമ്മപ്പെടുത്തൽ ജീവിതത്തിൽ നിറഞ്ഞുനിൽക്കണം. കാരുണ്യ ത്തിന്റെയും ആർദ്രതയുടെയും നിറകുടമായിരുന്ന തിരുനബി(സ) ചെറിയ കുട്ടികളോട് ഒരിക്കൽ പോലും പരുഷമായി പെരുമാറു കയോ അവർക്ക് വേദനിക്കുന്ന വാക്കുകൾ പറയുകയോ ചെയ്തി ട്ടില്ലെന്ന തിരിച്ചറിവ് മാതാപിതാ ക്കൾക്കുണ്ടാകണം.

തിരുനബി(സ)യുടെ ഹൃദ യത്തിൽ നിന്ന് സർവ്വജീവജാല ങ്ങളിലേക്കും പരന്നൊഴുകിയ കാരുണ്യം മാതൃകയാക്കാൻ ശ്രമി ക്കണം. തിരുജീവിതത്തിന്റെ മുഖ മുദ്രയായ കാരുണ്യവും സഹിഷ് ണുതയും സഹജീവിസ്നേഹവും പകർത്തണം. പ്രകൃതിയിലെ മുഴുവൻ ജീവജാലങ്ങളെയും സ്നേഹിക്കുകയും പരിഗണിക്കു കയും ചെയ്ത തിരുനബി(സ) യുടെ പ്രകൃതിസ്നേഹം ഉൾ ക്കൊള്ളണം; സ്വാർത്ഥ താല്പ ര്യങ്ങൾക്കു വേണ്ടി പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്യുകയും പ്രകൃതിവിഭവങ്ങളെ അനാവശ്യ മായി നശിപ്പിക്കുകയും ചെയ്യുന്ന പുതിയ കാലത്ത് പ്രത്യേകിച്ചും.

ധാർമികമായും സാംസ്കാ രികമായും ഏറെ പിന്നിലായി രുന്ന ഒരു സമൂഹത്തിന് വെളിച്ചം നൽകി അവരിൽ വിസ്മയക രമായ പരിവർത്തനം സാധ്യ മാക്കിയ തിരുനബി(സ)യുടെ പ്രബോധനശൈലിയാകണം നമ്മുടെ മാതൃക. പ്രബോധനം ഫലവത്താകുന്നതിൽ പ്രബോധ കന്റെ സ്വഭാവത്തിനും പെരുമാ റ്റത്തിനും വലിയ സ്വാധീനമുള്ള തുകൊണ്ട് തിരുനബി(സ)യുടെ അതേ മാതൃകകൾ പകർത്താൻ നാം തയ്യാറാകണം. പ്രബോ ധകൻ പ്രബോധിതരോട് ഗുണ കാംക്ഷയോടെ പെരുമാറണം. അവരുടെ ജീവിതസാഹചര്യങ്ങ ളെ തിരിച്ചറിഞ്ഞ്, നന്മ പ്രതീക്ഷി ച്ച് കൂടുതൽ സ്നേഹത്തോടെ ഇടപെടണം. ജീവിതസാഹച ര്യങ്ങൾ കൊണ്ട് സംഭവിക്കുന്ന വീഴ്ചകളെ സ്നേഹപൂർവ്വ സമീ പനത്തിലൂടെ തിരുത്താൻ കഴിയു കയും വേണം.

ആത്മികം

സിയാദ് സഖാഫി പാറന്നൂർ

ഖബ്ർ സിയാറത്ത് ആദാബുകൾ, ശ്രേഷ്ഠതകൾ

സിയാറത്ത് എന്ന അറബി പദത്തിന് സന്ദർശനം, ചെന്നുകാണൽ എന്നൊക്കെയാണർഥം. സിയാറത്ത് എന്ന് നിരുപാധികം പ്രയോഗിക്കുമ്പോൾ നമ്മുടെ മനസ്സിൽ തെളിയുന്നത് ഖബർ സിയാറത്താണ്. മരണപ്പെട്ടവരുടെ ഖബ്റിനരികിൽ ചെന്ന് സലാം പറയുക, ഖുർആൻ ഓതിയും ദിക്റുകൾ ചൊല്ലിയും അവർക്കുവേണ്ടി ദുആ ചെയ്യുക എന്നിവയാണ് ഖബ്ർ സിയാറത്ത് കൊണ്ടുദ്ദേശ്യം. സിയാറത്ത് ജീവിച്ചി

രിക്കുന്നവരെ പരലോകജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കും. ഖബറിനരികിൽ നിന്ന് ദുആ ചെയ്യുന്നത് മരണപ്പെട്ടവരുടെ പാപങ്ങൾ പൊറുക്കാനും പരലോക ജീവിതം നന്നാവാനും ഉപകരിക്കും. മഹാന്മാരുടെ ഖബറുകൾ സിയാറത്ത് ചെയ്യുമ്പോൾ അവരോട് ശിപാർശ തേടലും സഹായമഭ്യർത്ഥിക്കലും ബറകത്തെടുക്കലും ഉദ്ദേശ്യത്തിൽ പെടും. പ്രസ്തുത കാര്യങ്ങളെല്ലാം വിശുദ്ധഖുർആനും തിരുഹദീസും പ്രോത്സാഹിപ്പിച്ചതും അംഗീകരിച്ചതും പൂർവ്വികരായ മഹത്തുക്കൾ അനുവർത്തിച്ചു പോന്നതുമായ ഒരു പുണ്യകർമ്മമാണ്.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: 'അവർ ആത്മദ്രോഹം ചെയ്ത് പശ്ചാത്താപത്തോടെ താങ്കളെ സമീപിക്കുകയും അല്ലാഹുവിനോടവർ പാപമോചനത്തിന് അർത്ഥിക്കുകയും റസൂൽ അവർക്ക് വേണ്ടി മാപ്പിരക്കുകയും ചെയ്താൽ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണ ചെയ്യുന്നവനുമായി അല്ലാഹുവിനെ അവർ കണ്ടെത്തുന്നതാണ്.' (നിസാഅ്:64) വിശ്വാസികൾ നബി(സ)യെ സമീപിക്കാനും അവിടുത്തെ സാന്നിധ്യത്തിൽ അല്ലാഹുവിനോട് പാപമോചനം തേടാനും പ്രോത്സാഹിപ്പിക്കുന്നതാണ് മേൽ സൂക്തം. ജീവിതകാലത്തെന്നോ മരണശേഷമെന്നോ ഇവിടെ വേർതിരിച്ച് പറയാത്തതിനാൽ വഫാത്തിനു മുമ്പും ശേഷവും വിശ്വാസികൾക്ക് പാപമോചനം തേടുന്ന, സർവ്വപ്രശ്നങ്ങളും പരിഹരിക്കുന്ന അഭയകേന്ദ്രമാണ് നബി(സ) എന്നും ഈ ആയത്തിൽ നിന്ന് മനസ്സിലാക്കാം.

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'എന്റെ ജീവിതവും മരണവും നിങ്ങൾക്ക് നന്മയാകുന്നു. നിങ്ങളുടെ കർമ്മങ്ങൾ എനിക്ക് വെളിവാക്കപ്പെടുന്നുണ്ട്. നിങ്ങളിൽ നന്മ കണ്ടാൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുകയും തിന്മ കണ്ടാൽ നിങ്ങൾക്കു വേണ്ടി ഞാൻ അല്ലാഹുവിനോട് പാപമോചനം തേടുകയും ചെ

മുനാഫിഖുകളുടെ മയ്യിത്ത് നിസ്കരിക്കുന്നതും അവരുടെ ഖബ്ർ സന്ദർശിക്കുന്നതും വിലക്കുന്ന സൂറത്തുതൗബയിലെ എൺപത്തിനാലാം വചനമിങ്ങനെയാണ്: 'അവരുടെ കൂട്ടത്തിൽനിന്ന് മരണപ്പെട്ട ഒരാളുടെ പേരിലും താങ്കൾ ഒരിക്കലും നിസ്കരിക്കരുത്. അവരുടെ ഖബറിനരികിൽ നിൽക്കുകയും അരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും പിന്നീട് ധിക്കാരികളായി മരിക്കുകയും ചെയ്തിരിക്കുന്നു.'

യ്യും.' (ബസ്സാർ, മജ്മഉസ്സവാഇദ്) വഫാത്തിനു ശേഷവും നബി(സ) വിശ്വാസികൾക്കു വേണ്ടി പാപമോചനം തേടുമെന്ന് ഈ രണ്ടു ഉദ്ധരണികളും വ്യക്തമാക്കുന്നു.

മറ്റൊരു സൂക്തത്തിൽ കാണാം: 'വിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി അങ്ങ് പാപമോചനത്തിന് അർത്ഥിക്കുക.' (മുഹമ്മദ്:19)

മുനാഫിഖുകളുടെ മയ്യിത്ത് നിസ്കരിക്കുന്നതും അവരുടെ ഖബ്ർ സന്ദർശിക്കുന്നതും വിലക്കുന്ന സൂറത്തുതൗബയിലെ എൺപത്തിനാലാം വചനമിങ്ങനെയാണ്: 'അവരുടെ കൂട്ടത്തിൽനിന്ന് മരണപ്പെട്ട ഒരാളുടെ പേരിലും താങ്കൾ ഒരിക്കലും നിസ്കരിക്കരുത്. അവരുടെ ഖബറിനരികിൽ നിൽക്കുകയും അരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും പിന്നീട് ധിക്കാരികളായി മരിക്കുകയും ചെയ്തിരിക്കുന്നു.' കപടവിശ്വാസികളുടെ ഖബറിനു സമീപം നിൽക്കരുതെന്ന നിർദ്ദേശം വിശ്വാസികളുടെ ഖബ്റിനുസമീപം നിൽക്കാമെന്ന പരോക്ഷ നിർദ്ദേശമായി വേണം മനസ്സിലാക്കാൻ.

ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇമാംറാസി(റ) എഴുതുന്നു. സജാജ്(റ) പറഞ്ഞു: 'മയ്യിത്ത് മറവു ചെയ്യപ്പെട്ടാൽ നബി(സ) അവരുടെ ഖബ്റിനു സമീപം നിന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു.' (തഫ്സീറുൽകബീർ 16/153)

ഇമാം മുസ്‌ലിം(റ) ഉദ്ധരിച്ച ഒരു ഹദീസിൽ കാണാം. നബി(സ) പറഞ്ഞു: 'ഖബർസിയാറത്തിൽ നിന്ന് നിങ്ങളെ ഞാൻ തടഞ്ഞിരുന്നു. ഇനി നിങ്ങൾ സിയാറത്ത് ചെയ്തുകൊള്ളുക.' (മുസ്‌ലിം 8/46)

പ്രസ്തുത ഹദീസിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവി(റ) എഴുതുന്നു: 'ഖബർ സിയാറത്ത് പുരുഷന്മാർക്ക് സുന്നത്താണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.' (ശറഹുമുസ്‌ലിം)

സിയാറത്ത് വിലക്കപ്പെട്ടത് എന്തുകൊണ്ട്?

നേരത്തെ ഖബർസിയാറത്ത് വിലക്കപ്പെട്ടിരുന്നുവെന്ന പരാമർശം മേൽ ഉദ്ധരിച്ച ഹദീസിലുണ്ടല്ലോ. ജാഹിലിയ്യാ കാലത്തോടടുത്ത സമയമായതിനാൽ ഖബ്റുകൾക്കരികിൽ വിലപിക്കുക, അനഭിമതമായ വാക്കുകൾ വിളിച്ചുപറയുക തുടങ്ങിയ പൂർവ്വകാല ആചാരങ്ങൾ ഇസ്‌ലാമിലേക്ക് കടന്നുവരാൻ സാധ്യതയുണ്ടെന്നതിനാലായിരുന്നു ഈ എതിർപ്പ്. ബഹുദൈവാരാധനയിൽ നിന്ന് ഏകദൈവ വിശ്വാസത്തിലേക്ക് വരുന്ന ഘട്ടത്തിൽ ഖബറിന്നരികിൽ പ്രാർത്ഥിക്കുന്നതും മറ്റും അവരെ വീണ്ടും പൂർവ്വസ്മരണകളിലേക്കും വഴികേടിലേക്കും നയിക്കുമോ എന്ന ചിന്തയും അതിലുണ്ടായിരുന്നു. പിന്നീട് ഇസ്‌ലാമിന്റെ നിയമങ്ങളും തത്വങ്ങളും അവരുടെ ഹൃദയങ്ങളിൽ വേരുറയ്ക്കുകയും വിവിധയിടങ്ങളിൽ പ്രചാരം നേടുകയും ചെയ്തപ്പോൾ ഖബർസിയാറത്ത് ചെയ്യാൻ നബി(സ) നിർദ്ദേശം നൽകുകയായിരുന്നു. (മുഗ്നി)

സ്ത്രീകളും ഖബർസിയാറത്തും

മരണപ്പെട്ടുപോയ അടുത്ത ബന്ധുക്കളുടെ ഖബർ സിയാറത്ത് ചെയ്യൽ പുരുഷന്മാർക്ക് സുന്നത്താണെന്ന് നേരത്തെ വിവരിച്ചുവല്ലോ. എന്നാൽ സ്ത്രീകൾക്കിത് സുന്നത്തില്ലെന്നു മാത്രമല്ല; കറാഹത്തുമാണ്. കാരണം സ്ത്രീകൾ ലോലഹൃദയത്തിന്റെ ഉടമകളാണ്. പുരുഷന്മാരെപ്പോലെ മനക്കരുത്തോ മനോധൈര്യമോ സ്ത്രീകൾക്കുണ്ടാവില്ല. ശ്മശാനങ്ങൾ കാണുമ്പോൾ അവർ പേടിക്കാനും അടുത്ത ബന്ധുക്കളുടെ ഖബർ കാണുമ്പോൾ അനിയന്ത്രിതമായി വിലപിക്കാനും സാധ്യത കൂടുതലാണ്. സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'പുരുഷന്മാർക്ക് ഖബർസിയാറത്ത് സുന്നത്താണ്. സ്ത്രീകൾക്ക് സുന്നത്തില്ല. അവർക്കത് കറാഹത്താണ്. എങ്കിലും നബി(സ)യുടെ ഖബ്ർ സന്ദർശിക്കൽ സ്ത്രീകൾക്ക് സുന്നത്തുണ്ട്.' (ഫത്ഹുൽമുഈൻ) ഇബ്നുഹജർ(റ) എഴുതുന്നു: 'സ്ത്രീകൾക്കും ഖുൻസകൾക്കും നിരുപാധികം ഖബ്ർ സിയാറത്ത് കറാഹത്താണ്. ഫിത്ന പേടിക്കുന്നതിനാലും ഉച്ചത്തിൽ വിലപിക്കുന്നതിനാലുമാണിത്.' (തുഹ്ഫ: 3/201)

ഇതെല്ലാം സാധാരണക്കാരുടെ ഖബർ സിയാറത്ത് ചെയ്യുന്നതു സംബന്ധിച്ചാണ്. എന്നാൽ നബി(സ)യുടെയും മറ്റു മഹാന്മാരുടെയും ഖബ്ർസിയാറത്ത് ചെയ്യുന്നത് സുന്നത്തും ഇബാദത്തുമാണ്. ഈ സിയാറത്ത് കൊണ്ടുദ്ദേശ്യം അവരോടുള്ള ആദരവ് പ്രകടിപ്പിക്കലും ബറകത്ത് നേടലുമാണ്. അതിൽ സ്ത്രീ പുരുഷ വ്യത്യാസമില്ല.

ഇബ്നുഹജർ(റ) പറയുന്നു: 'എന്നാൽ നബി(സ)യുടെ ഖബ്ർ സന്ദർശിക്കൽ സ്ത്രീകൾക്ക് സു

ന്നത്താണ്. മറ്റു അമ്പിയാക്കളുടെയും ഔലിയാക്കളുടെയും ഖബർ സന്ദർശിക്കലും സ്ത്രീകൾക്ക് സുന്നത്താണെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്.' (തുഹ്ഫ 3/201) സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'ചില പണ്ഡിതന്മാർ പറഞ്ഞു: അമ്പിയാക്കളുടെയും പണ്ഡിതന്മാരുടെയും ഔലിയാക്കളുടെയും ഖബർ സിയാറത്ത് ചെയ്യൽ സ്ത്രീകൾക്കും സുന്നത്താണ്.' (ഫത്ഹുൽമുഈൻ)

അടുത്ത ബന്ധുക്കൾ മഹാന്മാരാണെങ്കിൽ ആ നിലക്ക് അവരെ സിയാറത്ത് ചെയ്യുന്നത് സ്ത്രീകൾക്ക് കറാഹത്തില്ല. അല്ലാമ ശർവാനി(റ) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: 'അടുത്ത ബന്ധുക്കളുടെ ഖബ്ർ സന്ദർശിക്കൽ സ്ത്രീകൾക്ക് സുന്നത്തില്ല. അവർ പണ്ഡിതരോ ഔലിയാക്കളോ സ്വാലിഹീങ്ങളോ ശുഹദാക്കളോ അല്ലെങ്കിലാണ് ഇപ്പറഞ്ഞത് ബാധകമാവുക.' (ശർവാനി 3/201)

എന്നാൽ മഹാന്മാരെ സിയാറത്ത് ചെയ്യാൻ പോകുമ്പോൾ സ്ത്രീകൾ പരിപൂർണ്ണ ഹിജാബും അച്ചടക്കവും പാലിക്കണം. അന്യപുരുഷ സമ്പർക്കവും സങ്കലനവും ഒരിക്കലും ഉണ്ടായിക്കൂടാ. മഹാന്മാരെ സിയാറത്ത് ചെയ്യാനെന്ന പേരിൽ ഔറത്ത് മറയ്ക്കാതെ, ആകർഷണീയമായ വസ്ത്രം ധരിച്ച് ചില സ്ത്രീകൾ ഇറങ്ങാറുണ്ട്. ആണ്ടുനേർച്ചകൾ നടക്കുന്ന സമയത്തും അല്ലാത്തപ്പോഴും ഇങ്ങനെ സിയാറത്തിനിറങ്ങുന്നതും സിയാറത്ത് ചെയ്യുന്നതും നിഷിദ്ധമാണ്. അതുവഴി മഹാന്മാരുടെ പൊരുത്തക്കേടാണ് ലഭിക്കുക. അന്യസ്ത്രീപുരുഷ സങ്കലനമുണ്ടാകുന്ന സിയാറത്ത് യാത്രകളും എതിർക്കപ്പെടേണ്ടതു തന്നെ. മഹ്റമില്ലാതെയുള്ള സിയാറത്ത് യാത്രകൾ ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ല.

സിയാറത്തിന്റെ രൂപം

സാധാരണക്കാരുടെതാണെങ്കിലും മഹാന്മാരുടെതാണെങ്കിലും ഖബർ സിയാറത്തിന് ധാരാളം മര്യാദകൾ പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്:

1. സലാം പറയുക. മഖ്ബറയിൽ പ്രവേശിക്കുമ്പോൾ ആദ്യം സലാം പറയണം. ആഇശബീവി(റ) പറയുന്നു: 'നബി(സ) എന്റെ ഊഴത്തിൽ വരുമ്പോഴെല്ലാം രാത്രിയുടെ അവസാനഭാഗത്തിൽ ബഖീഇലേക്ക് പുറപ്പെടാറുണ്ടായിരുന്നു. അവിടുന്ന് പറയും: 'സത്യവിശ്വാസികളുടെ വീട്ടുകാരേ, നിങ്ങൾക്കല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ. വാഗ്ദാനം ചെയ്യപ്പെട്ടത് നിങ്ങൾക്ക് വന്നുചേർന്നിരിക്കുന്നു. നമ്മളും അവധി നിശ്ചയിക്കപ്പെട്ടവരാണ്. നിശ്ചയം, അല്ലാഹു ഉദ്ദേശിച്ചാൽ നിങ്ങൾക്കൊപ്പം ചേരുന്നവരാണ്. അല്ലാഹുവേ, ബഖീഉൽഗർഖദിലുള്ളവർക്ക് നീ പൊറുത്തു കൊടുക്കേണമേ.' (മുസ്ലിം 1618) ഈ ഹദീസ് ഖബ്റാളികൾക്ക് സലാം പറയലും അവർക്കുവേണ്ടി പ്രാർത്ഥിക്കലും സുന്നത്താണെന്നതിന് തെളിവാണെന്ന് ഇമാം നവവി(റ) രേഖപ്പെടുത്തുന്നു.' (ശറഹുമുസ്ലിം)

സിയാറത്ത് ചെയ്യുന്നവർ ആദ്യം വിശ്വാസികൾക്ക് പൊതുവായും പിന്നെ സിയാറത്ത് ഉദ്ദേശിക്കപ്പെട്ടവർക്ക് പ്രത്യേകമായും സലാം പറയൽ സുന്നത്താണ്. 'അസ്സലാമുഅലൈക്കും ദാറ ഖൗമിൻ മുഅ്മിനീൻ. വ ഇന്നാ ഇൻശാ അല്ലാഹു ബികും ലാഹികൂൻ' എന്ന് മഖ്ബറയിൽ പ്രവേശിക്കുമ്പോൾ സലാം പറയുക. പിന്നീട്, പിതാവിന്റെ ഖബ്റാണ് സിയാറത്ത് ചെയ്യുന്നതെങ്കിൽ അവിടെയെത്തുമ്പോൾ 'അസ്സലാമുഅലൈക യാ വാലിദീ' എന്നും പറയുക. ഒന്നിൽ ചുരുക്കുകയാണെങ്കിൽ രണ്ടാമത്തേത് പറയുന്നതാണുചിതം. ഇത് സുന്നത്താണെന്നതിന് ഇമാം മുസ്ലിം(റ) റിപ്പോർട്ട് ചെയ്ത ഹദീസാണ് തെളിവ്. 'ഇൻശാഅല്ലാഹ്' എന്നു പറയുന്നത് ബറകത്തിനു വേണ്ടിയോ 'അല്ലാഹു ഉദ്ദേശിച്ചാൽ ഇവിടെത്തന്നെ മറവുചെയ്യപ്പെടും, ഈമാനോടെയുള്ള മരണം ലഭിക്കും' എന്നീ ഉദ്ദേശ്യത്തിലോ ആവാം. (ഫത്ഹുൽമുഈൻ) മയ്യിത്തിന് അഭിമുഖമായി നിന്നുകൊണ്ടാണ് സലാം പറയേണ്ടതെന്നും പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്.' (ഖുലാസതുൽ ഫിഖ്ഹിൽ ഇസ്ലാമി 177)

ഖബ്റാളികൾ സലാം മടക്കുമോ?

മരണപ്പെട്ടവരോടുള്ള സലാം ഖബ്റിൽ കിടക്കുന്ന വ്യക്തിയോടുള്ള ജീവിച്ചിരിക്കുന്നവരുടെ അഭിവാദ്യമാണ്. അത് ഖബ്റാളികൾ കേൾക്കുകയും സലാം മടക്കുകയും ചെയ്യും. നബി(സ) പറയുന്നു: 'വിശ്വാസിയായ തന്റെ സഹോദരന്റെ ഖബ്റിനരികിൽ കൂടി പോകുമ്പോൾ സലാം പറഞ്ഞാൽ ഖബറിലുള്ളവർ അത് കേൾക്കുകയും സലാം മടക്കുകയും ചെയ്യും.' (അസ്നൽ മത്വാലിബ് 4/352) ഭൗതികജഡം ദ്രവിച്ച് മണ്ണിലലിഞ്ഞുപോയാലും ആത്മാവ് നശിക്കില്ല. ഈ

മഹാന്മാരെ സിയാറത്ത് ചെയ്യാനെന്ന പേരിൽ ഔറത്ത് മറയ്ക്കാതെ, ആകർഷണീയമായ വസ്ത്രം ധരിച്ച് ചില സ്ത്രീകൾ ഇറങ്ങാറുണ്ട്. ആണ്ടുനേർച്ചകൾ നടക്കുന്ന സമയത്തും അല്ലാത്തപ്പോഴും ഇങ്ങനെ സിയാറത്തിനിറങ്ങുന്നതും സിയാറത്ത് ചെയ്യുന്നതും നിഷിദ്ധമാണ്. അതുവഴി മഹാന്മാരുടെ പൊരുത്തക്കേടാണ് ലഭിക്കുക. അന്യസ്ത്രീപുരുഷ സങ്കലനമുണ്ടാകുന്ന സിയാറത്ത് യാത്രകളും എതിർക്കപ്പെടേണ്ടതു തന്നെ. മഹ്റമില്ലാതെയുള്ള സിയാറത്ത് യാത്രകൾ ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ല.

മരണപ്പെട്ടവർക്കു വേണ്ടി ചെയ്യുന്ന സൽക്കർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഖുർആൻ പാരായണം. പ്രാർത്ഥനക്ക് വേഗം ഉത്തരം ലഭിക്കാൻ കാരണമാവുമാണത്. ഇമാം നവവി(റ) പറയുന്നു: 'ഖബ്റിനരികിൽ നിന്ന് സാധ്യമാവുന്നത്ര ഖുർആൻ പാരായണം ചെയ്യലും ശേഷം ദുആ ചെയ്യലും സുന്നത്താണ്. ഇമാം ശാഫിഈ(റ) ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അസ്ഹാബ് ഏകോപിച്ച് പറഞ്ഞതുമാണിത്.' (ശറഹുൽമുഹദ്ദബ് 5/309)



ആത്മാവാണ് നമ്മുടെ സാമീപ്യം അറിയുന്നതും സലാം മടക്കുന്നതും.

മേൽവിവരിച്ച ഹദീസിന്റെ വിശദീകരണത്തിൽ അല്ലാമാ ബുജൈരിമി(റ) എഴുതുന്നു: 'മരണശേഷമാണെങ്കിലും മുസ്‌ലിമായ സഹോദരനോടുള്ള ബാധ്യത വീട്ടുമെന്ന സൂചന പ്രസ്തുത ഹദീസിലുണ്ട്. സലാം പറഞ്ഞവരെ തിരിച്ചറിയാനും സലാം മടക്കാനുമുള്ള കഴിവ് അല്ലാഹു ആ ആത്മാവിന് നൽകും.' (ബുജൈരിമി 1/497) മരണം ഭൗതികശരീരവുമായുള്ള ആത്മാവിന്റെ വേർപാടാണ്. ഭൗതികശരീരം നശിച്ചാലും ആത്മാവ് നശിക്കില്ല. കേൾവിശക്തിയും നശിക്കില്ലെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഖബറിൽ കിടക്കുന്ന വ്യക്തിയോട് മുൻകർ നകീർ(അ) ചോദിക്കുമെന്നും വിശ്വാസികൾ അവർക്ക് ശരിയായ മറുപടി നൽകുമെന്നും സ്വഹീഹായ ഹദീസിലുണ്ടല്ലോ. മരണപ്പെട്ടാലും കേൾക്കാനും സംസാരിക്കാനും കഴിയുമെന്നാണല്ലോ ഇതർത്ഥമാക്കുന്നത്. ഇമാം മുസ്‌ലിം(റ) നിവേദനം ചെയ്ത ഒരു ഹദീസിൽ കാണാം. അനസുബ്നു മാലിക്(റ) നിവേദനം: നബി (സ) പറഞ്ഞു: 'തന്നെ ഖബറിൽ വെച്ച് തിരിച്ചുപോകുന്നവരുടെ ചെരിപ്പടിശബ്ദം തീർച്ചയായും മയ്യിത്ത് കേൾക്കും.' (മുസ്‌ലിം 5116)

ബദ്ർയുദ്ധത്തിൽ കൊല ചെയ്യപ്പെട്ട മുശ്രികുകളോട് നബി(സ) ചോദിച്ചു: 'റബ്ബ് വാഗ്ദാനം ചെയ്ത കാര്യം സത്യമായി നിങ്ങൾക്കെത്തിച്ചില്ലയോ?' അതു കേട്ട് സ്വഹാബികളിലൊരാൾ ചോദിച്ചു: 'മരണപ്പെട്ടവരോടാണോ അങ്ങ് സംസാരിക്കുന്നത്?' നബി(സ) പ്രതിവചിച്ചു: 'നിങ്ങളെക്കാൾ കേൾക്കുന്നവരാണവർ. അവർ മറുപടി പറയുന്നില്ലെന്നു മാത്രം.' (ബുഖാരി 1281, മുസ്‌ലിം 5120)

2. വിശുദ്ധഖുർആൻ പാരായണം. സലാം പറഞ്ഞതിനുശേഷം ഖബറിനരികിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യണം. മരണപ്പെട്ടവർക്കു വേണ്ടി ചെയ്യുന്ന സൽക്കർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഖുർആൻ പാരായണം. പ്രാർത്ഥനക്ക് വേഗം ഉത്തരം ലഭിക്കാൻ കാരണമാവുമാണത്. ഇമാം നവവി(റ) പറയുന്നു: 'ഖബ്റിനരികിൽ നിന്ന് സാധ്യമാവുന്നത്ര ഖുർആൻ പാരായണം ചെയ്യലും ശേഷം ദുആ ചെയ്യലും സുന്നത്താണ്. ഇമാം ശാഫിഈ(റ) ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അസ്ഹാബ് ഏകോപിച്ച് പറഞ്ഞതുമാണിത്.' (ശറഹുൽമുഹദ്ദബ് 5/309) 'ഖബറിന്റെ സമീപത്തു വെച്ച് ഖുർആനിൽ നിന്നല്പം പാരായണം ചെയ്യൽ സുന്നത്താണ്.' (ഫത്ഹുൽമുഈൻ 2/223) 'ഖുർആനിൽ നിന്നല്പം ഓതണം' എന്നത് വിശദീകരിച്ച് അല്ലാമ ശർവാനി(റ) എഴുതുന്നു: 'ഏറ്റവും നല്ലത് അൽബഖറ സൂറത്തിന്റെ ആദ്യഭാഗവും അവസാനഭാഗവും യാസീനുമാണ്.' (ശർവാനി 3/202)

ഒരു ഹദീസിൽ കാണാം: 'ഒരാൾ മരണപ്പെട്ട തന്റെ മാ

താപിതാക്കളെ സന്ദർശിക്കുകയും അവരുടെ അടുത്തുനിന്ന് യാസീൻസൂറത്ത് ഓതുകയും ചെയ്താൽ അതിലെ ആയത്തുകളുടെയും ഹർഫുകളുടെയും എണ്ണമനുസരിച്ച് പാപങ്ങൾ പൊറുക്കപ്പെടും.'

ഇമാം അഹ്മദുബ്നുഹമ്പൽ(റ) വിനെ ഉദ്ധരിക്കുന്നു: 'നിങ്ങൾ ശ്മശാനത്തിലേക്ക് പ്രവേശിച്ചാൽ ഫാത്തിഹതുൽ കിതാബ് (സൂറത്തുൽ ഫാത്തിഹ), ഇഖ്ലാസ്, മുഅവ്വിദതൈനി പാരായണം ചെയ്യുക. അതിന്റെ പ്രതിഫലം ഖബറിലുള്ളവർക്ക് ഹദ്‌യ നൽകുക. അതവർക്കെത്തുക തന്നെ ചെയ്യും. (ഇആനത്തുത്താലിബീൻ 2/223)

ഖുർആൻ പാരായണം ചെയ്യുമ്പോൾ ഖബറിലുള്ളവരുടെ മുഖത്തെയാണോ ഖിബ്‌ലയെയാണോ അഭിമുഖീകരിക്കേണ്ടത് എന്നതിൽ ഫുഖഹാഇന് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. (ശർവാനി 3/202, ജമൽ 2/210) നിന്നുകൊണ്ട് ഒതുന്നതാണോ ഇരുന്നുകൊണ്ട് ഓതുന്നതാണോ ഉത്തമമെന്നതിലും അഭിപ്രായവ്യത്യാസം കാണാം.

3. ദുആ ചെയ്യുക. ഖുർആൻ പാരായണത്തിനുശേഷം ദുആ ചെയ്യൽ സുന്നത്താണ്. ഉത്തരം ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള പ്രാർത്ഥനയാണത്. 'ഖുർആൻപാരായണം കഴിഞ്ഞയുടൻ മയ്യിത്തിനു വേണ്ടി ദുആ ചെയ്യൽ സുന്നത്താണ്. ഉത്തരം ലഭിക്കാൻ ഏറ്റവും യോഗ്യവുമാണത്. ദുആ മയ്യിത്തിന് ഉപകരിക്കും.' (ഇആനത്തുത്ത്വാലിബീൻ 2/224) 'ഖിബ്ലക്കു മുന്നിട്ടുകൊണ്ടാണ് ദുആ ചെയ്യേണ്ടത്.' (ഖുലാസത്തുൽ ഫിഖ്ഹിൽ ഇസ്‌ലാമി 177)

4. പരമാവധി ഖബറിനടുത്ത് നിൽക്കുക

ഖബറിലുള്ള മയ്യിത്തിന് ഏറ്റവും സന്തോഷം നൽകുന്ന കാര്യമാണ് അവർക്കേറ്റവും പ്രിയപ്പെട്ടവരുടെ സന്ദർശനം. ആഇശ(റ) നിവേദനം. നബി(സ) പറയുന്നു: 'ഒരാൾ തന്റെ സഹോദരന്റെ ഖബർ സന്ദർശിക്കുകയും ഖബറിനഭിമുഖമായി ഇരിക്കുകയും ചെയ്താൽ എഴുന്നേൽക്കുന്നതുവരെ അയാളുടെ സാന്നിധ്യം ഖബറിലുള്ളവരെ സന്തോഷിപ്പിക്കുന്നതാണ്.' (ശറഹുസ്സ്വുദൂർ)

നബി(സ) വഫാതായപ്പോൾ അബൂബക്കർ സിദ്ദീഖ്(റ) സ്ഥലത്തില്ലായിരുന്നു. വിവരമറിഞ്ഞെത്തിയ മഹാനവർകൾ അവിടുത്തെ തിരുമുഖം മൂടിയ വസ്ത്രം നീക്കി ചുംബിച്ചു. ഈ സംഭവം വിശദീകരിച്ച് ഇബ്നുഹജർ അസ്ഖലാനി(റ) എഴുതുന്നു: 'ആദരിച്ചും ബറകത്ത് ഉദ്ദേശിച്ചും മയ്യിത്തിനെ ചുംബിക്കൽ അനുവദനീയമാണെന്നതിന് ഈ ഹദീസ് രേഖയാണ്.' (ഫത്ഹുൽ ബാരി)

5. ജീവിതകാലത്ത് എങ്ങനെയാണോ അദബ് പാലിച്ചത് അതുപോലെ മരണശേഷവും ഖബറാളിയോട് അദബ് പാലിക്കൽ പ്രത്യേകം സുന്നത്താണ്. ഇമാം ഇബ്നുഹജർ(റ) പറയുന്നു: 'ജീവിതകാലത്ത് സന്ദർശിക്കുമ്പോൾ പാലിച്ചിരുന്ന അകലവും ദൂരപരിധിയും മരണശേഷവും സന്ദർശകർ പാലിക്കലാണ് സുന്നത്ത്.' (തുഹ്ഫ 3/175)

6. സാധാരണക്കാരുടെ ഖബറും അതിനു മുകളിൽ വിരിച്ചതും ചുംബിക്കലും തൊട്ടുമുത്തലും കറാഹത്താണ്. എന്നാൽ പണ്ഡിതന്മാരുടെയും ഔലിയാഇന്റെയും സ്വാലിഹീങ്ങളുടെയും ഖബർ ബറകത്ത് ഉദ്ദേശിച്ചുകൊണ്ട് ചുംബിക്കലും തൊട്ടുമുത്തലും സുന്നത്താണ്. (തുഹ്ഫ 3/175, നിഹായ 3/34)

നബി(സ) വഫാതായപ്പോൾ അബൂബക്കർ സിദ്ദീഖ്(റ) സ്ഥലത്തില്ലായിരുന്നു. വിവരമറിഞ്ഞെത്തിയ മഹാനവർകൾ അവിടുത്തെ തിരുമുഖം മൂടിയ വസ്ത്രം നീക്കി ചുംബിച്ചു. ഈ സംഭവം വിശദീകരിച്ച് ഇബ്നുഹജർ അസ്ഖലാനി(റ) എഴുതുന്നു: 'ആദരിച്ചും ബറകത്ത് ഉദ്ദേശിച്ചും മയ്യിത്തിനെ ചുംബിക്കൽ അനുവദനീയമാണെന്നതിന് ഈ ഹദീസ് രേഖയാണ്.' (ഫത്ഹുൽ ബാരി). ഇതുപോലെ ബറകത്ത് ഉദ്ദേശിച്ച് സ്വാലിഹീങ്ങളുടെ ഖബ്റും ചുംബിക്കൽ സുന്നത്താണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

7. സിയാറത്ത് ചെയ്യുമ്പോൾ ശുദ്ധിയുണ്ടായിരിക്കൽ സുന്നത്താണ്. (ഇആനതുത്വാലിബീൻ 2/222) ഖബർ സിയാറത്ത് മരണത്തെ ഓമിപ്പിക്കും. കുടുംബത്തിൽ നിന്ന് മരണപ്പെട്ടവരുടെ ഖബ്റുകൾ സന്ദർശിക്കുന്നതിന് വെള്ളിയാഴ്ച പോലുള്ള പ്രത്യേകദിവസങ്ങൾ തെരഞ്ഞെടുക്കാറുണ്ട്. ഇതിന് അടിസ്ഥാനമുണ്ട്. വെള്ളിയാഴ്ച പോലുള്ള ചില പ്രത്യേക ദിവസങ്ങളിൽ മരണപ്പെട്ടവരുടെ ആത്മാക്കൾക്ക് അവരുടെ ഖബ്റുമായി പ്രത്യേക ബന്ധമുണ്ടാകും. വ്യാഴാഴ്ച അസ്വർ മുതൽ ശനിയാഴ്ച സൂര്യാസ്തമയം വരെ ഇങ്ങനെ ആത്മാക്കൾ ഖബറിനടുത്ത് ഹാജരാവുന്നതാണെന്ന് ഹാശിയത്തു ശബ്റാമല്ലിസിയിൽ കാണാം. വെള്ളിയാഴ്ച രാവിലും പകലിലും ശനിയാഴ്ച പ്രഭാതത്തിലും സിയാറത്ത് സുന്നത്താണെന്ന് ഇമാം ഖുർതുബി(റ) പ്രസ്താവിച്ചിട്ടുണ്ട്.

ആരോഗ്യം

റുക്ബാൻ ധർമടം

കാഴ്ചശക്തിയെ സഹായിക്കുന്ന ഭക്ഷണങ്ങൾ

മനുഷ്യന് അല്ലാഹു നൽകിയ വിലമതിക്കാനാവാത്ത അനുഗ്രഹങ്ങളിലൊന്നാണ് കാഴ്ചശക്തി. ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളിലൊന്നാണത്. എല്ലാ സൗന്ദര്യത്തോടെയും സങ്കീർണ്ണതയോടെയും ലോകത്തെ അനുഭവിക്കാൻ അത് നമ്മെ സഹായിക്കുന്നു. കണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിൽ ഭക്ഷണക്രമത്തിനും നിർണായകമായ പങ്കുണ്ട്. ഭക്ഷണത്തിലെ വിവിധയിനം പോഷകങ്ങൾ പലതരം നേത്രരോഗങ്ങളെ തടയാനും വാർദ്ധക്യസഹജമായ പേശികളുടെ അപചയത്തിൽ നിന്ന് കണ്ണുകളെ സംരക്ഷിക്കാനും സഹായിക്കുന്നു. കാഴ്ചശക്തി മൂർച്ചയോടെ നിലനിർത്താനാവശ്യമായ പോഷകങ്ങളടങ്ങിയ ചില ഭക്ഷണങ്ങൾ പരിചയപ്പെടാം.

ഡ്രൈഫ്രൂട്ട്സ്

ബദാം, ആപ്രിക്കോട്ട്, കശുവണ്ടിപ്പരിപ്പ് തുടങ്ങിയവ കണ്ണുകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് ഉത്തമമാണ്. വിറ്റാമിൻ ഇ ധാരാളം അടങ്ങിയിട്ടുള്ളതിനാൽ ഇത് തിമിരം, വാർദ്ധക്യസഹജമായി ഉണ്ടാകുന്ന മക്യുലർ ഡീജനറേഷൻ എന്നിവയിൽ നിന്നെല്ലാം കണ്ണുകൾക്ക് സംരക്ഷണം നൽകുന്നു.

ചോളം

ല്യൂട്ടിൻ, സിയാക്സാന്തിൻ എന്നിവയാണ് ചോളത്തിലെ കരോട്ടിനോയിഡുകൾ. ഇവ രണ്ടും ശരീരത്തിനാവശ്യമായ കരോട്ടിനോയിഡ് പോഷകത്തിന്റെ ഏകദേശം 70 ശതമാനം പ്രദാനം ചെയ്യുന്നു. നീലവെളിച്ചം മൂലമുണ്ടാകുന്ന ഓക്സിഡേറ്റീവ് അപകടത്തിൽനിന്ന് അവ റെറ്റിനയെ സംരക്ഷിക്കുന്നു.

കാരറ്റ്

കരളിൽ വിറ്റാമിൻ എ ആയി പരിവർത്തനം ചെയ്യപ്പെടുന്ന ബീറ്റാകരോട്ടിൻ ക്യാരറ്റിൽ ധാരാളം അടങ്ങിയിട്ടുണ്ട്. വിറ്റാമിൻ എ റെറ്റിനയിൽ രാത്രി കാഴ്ചയ്ക്ക് സഹായകമായ പർപ്പിൾ പിഗ്മെന്റായ റോഡോപ്സിനായി രൂപാന്തരപ്പെടുന്നു.

തക്കാളി

ലൈക്കോപീൻ, ആന്റിഓക്സിഡന്റുകളായ ല്യൂട്ടിൻ, സിയാക്സാന്തിൻ, ബീറ്റാകരോട്ടിൻ എന്നിവയുൾപ്പെടെ കണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിന് നിർണായകമായ നിരവധി പോഷകങ്ങളുടെ മികച്ച ഉറവിടമാണ് തക്കാളി. ഈ ആന്റിഓക്സിഡന്റുകൾ അൾട്രാവയലറ്റ് വികിരണത്തിനും തിമിരവളർച്ചക്കുമെതിരെ പ്രതിരോധകവചമായി പ്രവർത്തിക്കുന്നു.

മധുരക്കിഴങ്ങ്

മൃദുവായ മധുരമുള്ള മധുരക്കിഴങ്ങ് വിറ്റാമിൻ എ, ബീറ്റാകരോട്ടിൻ, പൊട്ടാസ്യം, വിറ്റാമിൻ സി, ഫൈബർ തുടങ്ങിയ കണ്ണുകളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ നിരവധി വിറ്റാമിനുകളുടെ കലവറയാണെന്ന് പലർക്കുമറിയില്ല.

മാംസം

ബീഫ്, ചിക്കൻ തുടങ്ങിയ മാംസാഹാരങ്ങൾ കണ്ണിന്റെ പൊതുവായ ആരോഗ്യത്തിനാവശ്യമായ സിങ്ക്, പ്രോട്ടീൻ എന്നിവയുടെ കലവറയാണ്.

ഇലക്കറികൾ

വിറ്റാമിൻ എയുടെ കലവറയാണ് ഇലക്കറികൾ. ഇലക്കറികൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് കണ്ണിന്റെ കാഴ്ചശക്തിയും രോഗപ്രതിരോധശേഷിയും വർധിപ്പിക്കുന്നു. വിറ്റാമിൻ കെ, മഗ്നീഷ്യം, കാത്സ്യം എന്നിവയും ഇലക്കറികളിൽ ധാരാളം അടങ്ങിയിട്ടുണ്ട്. ദഹനപ്രവർത്തനങ്ങളെ സഹായിക്കാനും ഇലക്കറികൾ ഉത്തമമാണ്.

മുട്ട

മുട്ടയിൽ അടങ്ങിയിട്ടുള്ള വിറ്റാമിൻ എ, ല്യൂട്ടിൻ, സിയാക്സാന്തിൻ, സിങ്ക് തുടങ്ങിയവ കണ്ണിന്റെ ആരോഗ്യത്തിന് ഉത്തമമാണ്. ദിവസേന മുട്ട കഴിക്കുന്നത് പ്രായാധിക്യം മൂലമുണ്ടാകുന്ന തിമിരം പോലെയുള്ള അസുഖങ്ങളെ പ്രതിരോധിക്കാൻ സഹായിക്കുന്നു.

കണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിൽ ഭക്ഷണക്രമത്തിനും നിർണായകമായ പങ്കുണ്ട്. ഭക്ഷണത്തിലെ വിവിധയിനം പോഷകങ്ങൾ പലതരം നേത്രരോഗങ്ങളെ തടയാനും വാർദ്ധക്യസഹജമായ പേശികളുടെ അപചയത്തിൽ നിന്ന് കണ്ണുകളെ സംരക്ഷിക്കാനും സഹായിക്കുന്നു.

കാലെ

റെറ്റിനയിൽ ഉയർന്ന അളവിൽ അടങ്ങിയിട്ടുള്ള ആന്റി ഓക്സിഡന്റുകളായ ല്യൂട്ടിൻ, സിയാക്സാന്തിൻ എന്നിവയാൽ സമ്പന്നമാണ് കാലെ (ഇലകാബേജ്), ചീര, ബ്രോക്കോളി എന്നിവ. ഈ ആന്റിഓക്സിഡന്റുകൾ ഒരു ഫിൽട്ടറായി പ്രവർത്തിക്കുകയും റെറ്റിനയെ നീലവെളിച്ചത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.

സാൽമൺ

സാൽമൺ പോലുള്ള മത്സ്യങ്ങൾ ഒമേഗ-3 ഫാറ്റിആസിഡുകളാൽ സമൃദ്ധമാണ്. ഒമേഗ-3 ഫാറ്റിആസിഡുകൾ റെറ്റിനയുടെ ആരോഗ്യം പ്രോത്സാഹിപ്പിക്കാനും കണ്ണുകളുടെ വരൾച്ച തടയാനും സഹായിക്കും. സാൽമൺ, മത്തി, ട്യൂണ എന്നിവയിലാണ് ഏറ്റവും കൂടുതൽ ഒമേഗ-3 ഉള്ളത്.



ബദാം

ഫ്രീ റാഡിക്കലുകൾ മൂലമുണ്ടാകുന്ന കേടുപാടുകളിൽനിന്ന് കണ്ണുകളെ സംരക്ഷിക്കാൻ സഹായിക്കുന്ന ആന്റിഓക്സിഡന്റായ വിറ്റാമിൻ ഇയുടെ മികച്ച ഉറവിടമാണ് ബദാം. വിറ്റാമിൻ സി, സിങ്ക്, ഒമേഗ-3 ഫാറ്റിആസിഡുകൾ എന്നിവയ്ക്കൊപ്പം ഉയർന്ന അളവിൽ വിറ്റാമിൻ ഇ കഴിക്കുന്ന 50 വയസ്സിനു മുകളിലുള്ളവരിൽ നേത്രരോഗ സാധ്യത ഗണ്യമായി കുറയുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

അവശ്യവിറ്റാമിനുകൾ, ആന്റി ഓക്സിഡന്റുകൾ, ആരോഗ്യകരമായ കൊഴുപ്പുകൾ എന്നിവയാൽ സമ്പന്നമായ ഈ ഭക്ഷണങ്ങൾ കണ്ണുകളെ ഓക്സിഡേറ്റീവ് നാശത്തിൽ നിന്ന് സംരക്ഷിക്കാനും റെറ്റിനയുടെ ശരിയായ പ്രവർത്തനത്തെ പിന്തുണയ്ക്കാനും വിവിധ നേത്രരോഗങ്ങളുടെ സാധ്യത കുറയ്ക്കാനും സഹായിക്കുന്നു. പോഷകസമൃദ്ധമായ ഈ ഭക്ഷണങ്ങൾക്കൊപ്പം പതിവ് നേത്രപരിശോധനകൾ, ആരോഗ്യകരമായ ജീവിതശൈലി എന്നിവയും ചേരുമ്പോൾ കണ്ണുകളുടെ ആരോഗ്യം മെച്ചപ്പെടും.

കവർസ്റ്റോറി

സകരിയ്യ പാലത്തുങ്കര

നോർമലൈസേഷൻ എന്ന വെല്ലുവിളി

സ്വഭാവരൂപീകരണ പ്രക്രിയയിൽ അടിസ്ഥാന പങ്കുവഹിക്കുന്ന സാമൂഹ്യസ്ഥാപനമാണ് കുടുംബം. വിശുദ്ധരായി ജനിക്കുന്ന ഓരോ കുഞ്ഞും പിറന്നുവീഴുന്ന കുടുംബത്തിന്റെയും സമൂഹത്തിന്റെയും സാംസ്കാരിക ബലത്തിലാണ് വളർന്നുവരുന്നത്. അച്ചടക്കരൂപീകരണവും സാംസ്കാരികബോധവുമെല്ലാം ഇങ്ങനെയാണ് രൂപപ്പെടുന്നത്. സൂക്ഷ്മതയോടെയുള്ള പാരന്റിംഗിലൂടെ മാത്രമേ സാംസ്കാരികമൂല്യമുള്ള സമൂഹത്തെ സൃഷ്ടിക്കാനാവൂ എന്നർത്ഥം.

പുതുതലമുറ പിറന്നുവീഴുന്നതു തന്നെ ഡിജിറ്റൽ ലോകത്തേക്കാണ്. വൈവിധ്യമാർന്ന വിഷയങ്ങൾ കണ്ടെത്താനും അവ സമൂഹമാധ്യമങ്ങളിൽ പ്രദർശിപ്പിക്കാനുമുള്ള ത്വരയാണ് പുതുതലമുറക്ക്. കണ്ടന്റുകൾക്കുവേണ്ടി എന്തും പ്രദർശിപ്പിക്കാം, പങ്കുവെക്കാമെന്ന നോർമലൈസേഷന്റെ മൂർത്തഭാവം സമൂഹത്തെ ഗ്രസിച്ചിരിക്കുന്നുവെന്ന് സാരം.

ജീവനെടുക്കുന്ന പ്രണയം

ഫോളോവേഴ്സിനെ തൃപ്തിപ്പെടുത്താനും സബ്സ്ക്രിപ്ഷൻ വർധിപ്പിക്കാനും വേണ്ടി കുഞ്ഞുങ്ങളെ ചിത്രീകരിക്കുന്ന പ്രവണത കൂടുതലാണിന്ന്. ഇളം പ്രായത്തിൽ തന്നെ ക്യാമറക്കു മുന്നിൽ പ്രണയരംഗങ്ങൾ അഭിനയിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നതാണ് അതിലൊന്ന്. യഥാർത്ഥ പ്രണയത്തെ മനസ്സിലാക്കാതെ കൗമാരപ്രായത്തിൽ തന്നെ അവിശുദ്ധബന്ധങ്ങളിൽ അകപ്പെടുന്നതുവരെയെത്തും പിന്നീട് കാര്യങ്ങൾ. പ്രണയക്കെണി മൂലം സംഭവിക്കുന്ന അപകടങ്ങളെക്കുറിച്ച് രക്ഷിതാക്കൾ ഇനിയും ഉൽബുദ്ധരല്ലെന്നത് ഖേദകരമാണ്. 2017 മുതൽ 2020 വരെയുള്ള കണക്കുകളിൽ പ്രണയം മൂലം 350 പെൺകുട്ടികൾക്കാണ് ജീവൻ നഷ്ടമായത്. പ്രണയനൈരാശ്യം മൂലമുള്ള ആത്മഹത്യകളും കൊലപാതകങ്ങളുമെല്ലാം ഇതിൽ പെടും. പ്രണയബന്ധങ്ങൾ സൃഷ്ടിക്കുന്ന അപകടങ്ങൾ മനസ്സിലാക്കാതെ കുട്ടികൾക്ക് പ്രണയത്തിന് പ്രേരണ നൽകുന്നത് ദൂരവ്യാപകമായ സാമൂഹിക പ്രതിസന്ധിയാണ് സൃഷ്ടിക്കുക.

പരിഹാസങ്ങൾക്ക് പ്രചോദനം

സ്നേഹം, ബഹുമാനം, ആദരവ് തുടങ്ങിയ സ്വഭാവഗുണങ്ങൾ അച്ചടക്കമുള്ള സമൂഹത്തിന്റെ അടയാളങ്ങളാണ്. പരസ്പരം സ്നേഹിച്ചും അറിഞ്ഞും മുതിർന്നവരെ ബഹുമാനിച്ചും ചെറിയവരോട് കരുണ കാണിച്ചും ജീവിക്കുമ്പോഴാണ് സ്വസ്ഥമായ സാമൂഹ്യജീവിതം സഫലമാകുന്നത്. പിതാവ്, മാതാവ്, വലിയുമ്മ, വലിയുപ്പ തുടങ്ങിയവരോട് എങ്ങനെ പെരുമാറണമെന്ന്

കുട്ടികൾ പഠിക്കേണ്ടത് വീട്ടിൽ നിന്നാണ്. തന്റെ പിതാവും മാതാവും അവരുടെ മാതാപിതാക്കളോട് എങ്ങനെയാണ് പെരുമാറുന്നതെന്ന് കുട്ടികൾ നിരീക്ഷിക്കും. അത് കുട്ടികളിൽ പ്രതിഫലിക്കും. റീലുകൾ നിർമ്മിക്കാൻ വേണ്ടി മാതാപിതാക്കളോട് ദേഷ്യപ്പെടാനും അവരെ പരിഹസിക്കാനും കുട്ടികളോട് ആവശ്യപ്പെടുന്നവ

രുണ്ട്. ട്രോൾ, പ്രാങ്ക് എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുന്ന ഇത്തരം ചിത്രീകരണങ്ങൾ റീലുകൾക്കപ്പുറം യഥാർത്ഥ ജീവിതത്തിലും മുതിർന്നവരെ അവഹേളിക്കാൻ കുട്ടികൾക്ക് പ്രചോദനം നൽകുന്നു. അച്ചടക്കമുള്ള തലമുറയെയാണ് ഇത്തരം പ്രഹസനങ്ങൾ കാരണം സമൂഹത്തിന് നഷ്ടപ്പെടുന്നത്.

അനുകരണവും അപകടങ്ങളും

സോഷ്യൽമീഡിയ ഇൻഫ്ളുവൻസർമാരെയും സിനിമാതാരങ്ങളെയും അനുകരിക്കുന്നത് വലിയ നേട്ടമായി വിലയിരുത്തുന്ന അനേകം രക്ഷിതാക്കളുണ്ട്. പഠനത്തെക്കാൾ ഇത്തരം അനുകരണങ്ങളോടാണ് കുട്ടികൾക്ക് താത്പര്യവും. സമൂഹമാധ്യമത്തിൽ ലഭിക്കുന്ന കയ്യടികളും പൊതുസമൂഹത്തിൽ ലഭിക്കുന്ന താരപരിവേഷവുമാണ് ഇതിനവരെ പ്രേരിപ്പിക്കുന്നത്. മൂന്നുവയസ്സു മാത്രം പ്രായമുള്ള ഒരു കുട്ടിസെലിബ്രിറ്റിയെ ഇന്റർവ്യൂ ചെയ്യുന്നതിനിടെ 'മോനേ, പഠിക്കേണ്ടേ? സ്കൂളിൽ പോകേണ്ടേ?' എന്ന് അവതാരക ചോദിച്ചപ്പോൾ 'എനിക്ക് അതൊന്നും വേണ്ട, ഒരു ആറ്റിറ്റ്യൂഡ്കിണ്ടായാൽ മതി' എന്നാണ് കുട്ടി മറുപടി നൽകിയത്. ഈ കുട്ടിയുടെ വാക്കുകളെ നിസ്സാരമായി തള്ളിക്കളയാൻ പറ്റില്ല. ചെറുപ്രായത്തിൽ ആ കുട്ടിയിൽ രൂപപ്പെട്ട മാനസികാവസ്ഥനാം ചർച്ച ചെയ്യേണ്ടതുണ്ട്.

നിർബന്ധിത വിദ്യാഭ്യാസത്തിന്റെ 'ഇരകളായി' കണക്കാക്കപ്പെടുന്ന പുതുതലമുറയിലെ കുട്ടികൾ സമൂഹമാധ്യമങ്ങളിൽ സജീവമാകുന്നതോടെ പഠനങ്ങളിൽ ശ്രദ്ധിക്കാതാവുന്നു. പഠനത്തിൽ ഏകാഗ്രത നഷ്ടപ്പെടുന്നു. സമൂഹമാധ്യമങ്ങളാണിന്ന് കുട്ടികളിൽ മാനസികപിരിമുറുക്കത്തിനുള്ള പ്രധാനഹേതു. യഥാർത്ഥ ലോകത്തെക്കാൾ പുതുതലമുറ പ്രാധാന്യം നൽകുന്നത് സോഷ്യൽമീഡിയക്കാണ്. നിരന്തരം സോഷ്യൽമീഡിയ ഉപയോഗിക്കുന്നത് കുട്ടികളിൽ ഗുരുതരമായ

നിർബന്ധിത വിദ്യാഭ്യാസത്തിന്റെ 'ഇരകളായി' കണക്കാക്കപ്പെടുന്ന പുതുതലമുറയിലെ കുട്ടികൾ സമൂഹമാധ്യമങ്ങളിൽ സജീവമാകുന്നതോടെ പഠനങ്ങളിൽ ശ്രദ്ധിക്കാതാവുന്നു. പഠനത്തിൽ ഏകാഗ്രത നഷ്ടപ്പെടുന്നു. സമൂഹമാധ്യമങ്ങളാണിന്ന് കുട്ടികളിൽ മാനസികപിരിമുറുക്കത്തിനുള്ള പ്രധാനഹേതു.

മാനസിക പ്രശ്നങ്ങൾക്ക് കാരണമാകും. അൽപസമയം സാമൂഹ്യമാധ്യമങ്ങളിൽ നിന്നു മാറിനിൽക്കുന്നത് അവരിൽ ഒറ്റപ്പെടലിന്റെയും അവഗണയുടെയും ഭയം നിറഞ്ഞ മാനസികാവസ്ഥയുണ്ടാക്കും. ഇത് ജീവിതം തന്നെ അപകടത്തിലാക്കും.

അതിരുകളില്ലാത്ത ലോകം

ലിബറൽ, ആധുനികനയങ്ങളുടെ ആധിക്യം പുതുതലമുറയിലെ കുട്ടികൾക്ക് കുടുംബത്തിലും കലാലയങ്ങളിലും അനിയന്ത്രിതമായ സ്വാതന്ത്ര്യം നൽകുന്നു. മക്കളുടെ വൈയക്തിക കാര്യങ്ങളെ ബഹുമാനിക്കുമ്പോഴും അവർ എന്തെല്ലാം ചിന്തിക്കുന്നു, എന്തെല്ലാം കാണുന്നു എന്നതിനെക്കുറിച്ച് രക്ഷിതാക്കൾ ഉൽബുദ്ധരല്ല. കുട്ടികൾ വാതിലടച്ച് റൂമിനകത്തിരിക്കുമ്പോഴും അതിവിശാലമായൊരു ലോകം അവർക്കു മുന്നിൽ തുറന്നുകിടപ്പുണ്ടെന്ന സത്യം മറക്കരുത്. അതിരുകളില്ലാത്ത ഏറെ അപകടം നിറഞ്ഞ മേഖലകളിലേക്കാണിത് കുട്ടികളെ തള്ളിവിടുന്നത്. സ്മാർട്ട് ഡിവൈസുകളും സോഷ്യൽമീഡിയയും എങ്ങനെ കൃത്യമായി ഉപയോഗപ്പെടുത്താമെന്ന് കാര്യക്ഷമമായി കുട്ടികളെ പഠിപ്പിക്കണം. ആലോചനകളുടെ അടിസ്ഥാനത്തിൽ അത് നടപ്പിലാക്കാത്തതിന്റെ പ്രതിഫലനങ്ങളാണ് സമൂഹത്തിലിന്ന് ദൃശ്യമായിക്കൊണ്ടിരിക്കുന്നത്.

നിയന്ത്രണമില്ലാതിരിക്കുന്നതുപോലെ ഹാനികരമാണ് അമിതനിയന്ത്രണവും. കുട്ടികളെ നിരന്തരം ഉപദേശിച്ചും ശിക്ഷിച്ചും ശല്യപ്പെടുത്തുന്ന ഈ രീതി ഹെലികോപ്റ്റർ പാരന്റിംഗ് എന്നാണറിയപ്പെടുന്നത്. ഇതിനുപകരം കുട്ടികളുടെ മനസ്സറിഞ്ഞുള്ള ജെന്റിൽപാരന്റിംഗ് രീതിയാണ് രക്ഷിതാക്കൾ പിന്തുടരേണ്ടത്.

നമ്മുടെ കടമ

ചുറ്റുമുള്ള സമൂഹം, സംഘങ്ങൾ, വ്യക്തികൾ ഇവയെല്ലാം വ്യക്തിയുടെ അഭിപ്രായരൂപീകരണത്തിലും സ്വഭാവരൂപീകരണത്തിലും 75 ശതമാനത്തോളം പങ്ക് വഹിക്കുന്നുണ്ടെന്നാണ് മനഃശാസ്ത്രജ്ഞനായ സോളമൻആഷ് നിരീക്ഷിക്കുന്നത്. കുട്ടികൾ വളർന്നുവരുന്ന പരിസരങ്ങൾ മനപ്പൂർവം ശുദ്ധീകരിക്കേണ്ടതുണ്ടെന്നു സാരം. കുട്ടികളുടെ ഹൃദയത്തെ വായിക്കാനും അവരോടൊപ്പമിരുന്ന് സാമൂഹിക വൈജ്ഞാനിക കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനും രക്ഷിതാക്കൾ തയ്യാറാവണം. വിവിധ നവോത്ഥാന നായകന്മാരിലൂടെയും സാംസ്കാരിക പരിഷ്കർത്താക്കളിലൂടെയും നേടിയെടുത്ത മൂല്യമുള്ള സാംസ്കാരിക ബോധത്തെ വില്പനച്ചരക്കാക്കി മാറ്റുന്നത് അത്യന്തം അപകടകരമാണ്. നമ്മുടെ അടിസ്ഥാനമൂല്യങ്ങളെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നവലിബറൽ അജണ്ടകളുടെ മിഥ്യയായ വാദങ്ങൾക്കടിപ്പെട്ട് എല്ലാ കാര്യങ്ങളെയും നോർമലായി ചിത്രീകരിക്കുന്നത് സാമൂഹികാവസ്ഥ കൂടുതൽ മലിനമാക്കുമെന്ന് മറക്കരുത്.

ആരോഗ്യം

അനസ് ബുഖാരി ആമപ്പൊയിൽ

കുട്ടികളും ദഹനപ്രശ്നങ്ങളും

ദഹനക്ഷമതയിലും രോഗപ്രതിരോധത്തിലും കുട്ടികളുടെ ഉദരസംബന്ധമായ ആരോഗ്യം വളരെ പ്രധാനമാണ്. കുട്ടിക്കാലത്തേ ഉദരസംബന്ധമായ ആരോഗ്യ ശീലങ്ങൾ വളർത്തുന്നത് ജീവിതകാലം മുഴുവൻ നല്ല നേട്ടങ്ങൾ നൽകും. ആന്തരികാവയവങ്ങളെയും ദഹനപ്രക്രിയയെയും രോഗപ്രതിരോധത്തെയും കുടലുകളിലെ ആരോഗ്യ പ്രശ്നങ്ങൾ പ്രതികൂലമായി ബാധിക്കും. ഭക്ഷണത്തിലെ വിഷാംശങ്ങളും ഉപദ്രവകാരികളായ ലവണങ്ങളും ആഗിരണം ചെയ്തെടുത്ത് പുറന്തള്ളുന്നതിൽ കുടലുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. കുടലിന്റെ ആരോഗ്യം ദഹനനാളത്തിലെ ബില്ല്യൺ കണക്കിന് സുഹൃദ്ബാക്ടീരിയകളുടെ (ഗട്ട് മൈക്രോബയോം) സന്തുലിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഇവ ദഹനത്തെ മാത്രമല്ല, രോഗപ്രതിരോധം, മാനസികാരോഗ്യം, തലച്ചോറിന്റെ വളർച്ച എന്നിവയെയും സ്വാധീനിക്കുന്നു. ശരീരത്തിലെ പ്രതിരോധ സംവിധാനത്തിന്റെ 70 ശതമാനവും കുടലിലാണുള്ളത്.

വളർച്ചാഘട്ടം

കുട്ടിക്കാലത്ത് കുടലുകൾ വളർച്ചാഘട്ടത്തിലായതിനാൽ കുടലിന്റെ സുഗമമായ പ്രവർത്തനത്തിനു സഹായിക്കുന്ന സുഹൃദ്ബാക്ടീരിയകളും വളർച്ചാഘട്ടത്തിലായിരിക്കും. അവരുടെ ഭക്ഷണക്രമം, മരുന്നുകൾ, മാനസിക സമ്മർദം തുടങ്ങിയവ ഇതിനെ ആഴത്തിൽ സ്വാധീനിക്കും. ഈ സമയത്ത് കുടലുകൾക്ക് നല്ല ആരോഗ്യം ആവശ്യമാണ്. അലർജി കുറയ്ക്കുന്നതും ശരീരഭാരം നിയന്ത്രിക്കുന്നതും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതുമെല്ലാം കുടലിന്റെ ആരോഗ്യത്തിലൂടെ നമുക്ക് ലഭിക്കുന്ന നേട്ടങ്ങളാണ്.

ലക്ഷണങ്ങൾ

ആവർത്തിച്ചുണ്ടാകുന്ന വയറുവേദന, വയറ് വീർക്കൽ, മലബന്ധം, എക്സിമ, ചർമപ്രശ്നങ്ങൾ, ഭേദമാവാത്ത ജലദോഷം, അണുബാധകൾ,

> കുട്ടിക്കാലത്ത് കുടലുകൾ വളർച്ചാഘട്ടത്തിലായതിനാൽ കുടലിന്റെ സുഗമമായ പ്രവർത്തനത്തിനു സഹായിക്കുന്ന സുഹൃദ്ബാക്ടീരിയകളും വളർച്ചാഘട്ടത്തിലായിരിക്കും. അവരുടെ ഭക്ഷണക്രമം, മരുന്നുകൾ, മാനസിക സമ്മർദം തുടങ്ങിയവ ഇതിനെ ആഴത്തിൽ സ്വാധീനിക്കും.

ഭക്ഷണക്രമം മുഖ്യം

നാം അവഗണിക്കുന്ന പല ഭക്ഷണപദാർത്ഥങ്ങളിലും ദഹനത്തെ സഹായിക്കുന്ന ബാക്ടീരിയകൾ വളരാൻ സഹായിക്കുന്ന പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. പല പച്ചക്കറികളും ഇത്തരം പോഷകഘടകങ്ങളുടെ കലവറയാണ്. കുട്ടികളുടെ ഉദരാരോഗ്യം സംരക്ഷിക്കാൻ ജീവിതക്രമത്തിൽ കൊണ്ടുവരാവുന്ന ഫലപ്രദമായ ചില കാര്യങ്ങൾ:

1. ഫൈബർ പ്രധാനം

പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പയർ, ബീൻസ് തുടങ്ങിയ ഫൈബർ സമ്പന്നമായ വിഭവങ്ങൾ മെനുവിൽ ഉൾപ്പെടുത്താം.

2. വേണ്ട, വിഷമധുരം

മധുരപലഹാരങ്ങൾക്കു പകരം വിഷം ചേർക്കാത്ത പഴങ്ങൾ ഭക്ഷണത്തിനുശേഷം കഴിക്കാം. ഇന്ന് മാർക്കറ്റിൽ ലഭ്യമായ പല മധുരപലഹാരങ്ങളും ഭക്ഷണത്തിനുശേഷം കഴിക്കുന്ന രീതി നമുക്കിടയിലുണ്ട്. മധുരം നല്ലതാണെങ്കിലും പലതും ഹാനികരമായ രാസപദാർത്ഥങ്ങൾ അടങ്ങിയതായതിനാൽ ഗുണത്തിലേറെ ദോഷം ചെയ്യാനാണ് സാധ്യത.

3. പുളിപ്പിച്ച ഭക്ഷണങ്ങൾ

തൈര്, കെഫീർ തുടങ്ങിയ ചെറിയ അളവിൽ പുളിപ്പിച്ച ഭക്ഷണങ്ങൾ ശീലിപ്പിക്കാം. പഴയ കാലത്ത് പുളിപ്പിച്ച ഭക്ഷണങ്ങൾ കഴിക്കുന്ന ശീലം കുട്ടികളിലും മുതിർന്നവരിലുമുണ്ടായിരുന്നു. അതിന്റെ ആരോഗ്യപരമായ നേട്ടങ്ങൾ ജീവിതത്തിൽ ഇപ്പോഴും നമുക്ക് കാണാനാവും. ഫാസ്റ്റ്ഫുഡ് ശീലമാക്കിയതോടെ ആരോഗ്യദായകമായ ഇത്തരം നാടൻ വിഭവങ്ങൾ നമ്മുടെ മെനുവിനു പുറത്തായി.

4. ഔട്ട്ഡോർ ഗെയിമുകൾ

മണ്ണ്, ചെടികൾ, വളർത്തുമൃഗങ്ങൾ എന്നിവയുമായുള്ള സമ്പർക്കം സുഹൃദ്ബാക്ടീരിയകളുടെ എണ്ണം വർദ്ധിപ്പിക്കും. പരമ്പരാഗതമായി ശീലിച്ചുപോന്ന ഔട്ട്ഡോർ ഗെയിമുകളിലേർപ്പെടാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. അവരുടെ വിനോദങ്ങൾ സ്ക്രീൻ ഗെയിമുകളിൽ മാത്രമൊതുങ്ങരുത്. അത് മാനസികവും ശാരീരികവുമായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കും. മാത്രമല്ല ഗുരുതരമായ ദഹനപ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യും.

5. ആവശ്യമായ ഉറക്കം

കുട്ടികൾക്ക് ആവശ്യമായ ഉറക്കം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഉറക്കത്തിന് അനുയോജ്യമായ സമയക്രമം ശീലമാക്കുന്നതും നല്ലതാണ്. കുട്ടികളുടെ രാത്രിസമയത്തെ മൊബൈൽ ഉപയോഗം രക്ഷിതാക്കൾ കർശനമായി നിയന്ത്രിക്കണം. രാത്രി ധാരാളം സമയം സ്മാർട്ട്ഫോൺ ഉപയോഗിക്കുകയും വൈകി ഉറങ്ങുകയും ചെയ്യുന്ന ശീലം കുട്ടികൾക്കിടയിൽ ഇന്ന് വ്യാപകമാണ്. ഇത് ഗുരുതരമായ രോഗങ്ങൾ ക്ഷണിച്ചു വരുത്തും.

ഉന്മേഷക്കുറവ്, ക്ഷോഭം, ശ്രദ്ധക്കുറവ്, അലർജി തുടങ്ങിയവയെല്ലാം കുടലിന്റെ ആരോഗ്യക്കുറവിന്റെ ലക്ഷണങ്ങളാണ്. ഇത്തരം ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ വിദഗ്ധരായ ഡോക്ടർമാരെ കാണിച്ച് കുട്ടികൾക്ക് ചികിത്സ ഉറപ്പാക്കണം. കൃത്യസമയത്ത് ചികിത്സ നൽകിയില്ലെങ്കിൽ ഭാവിയിൽ വലിയ ആരോഗ്യ പ്രശ്നങ്ങളിലേക്കത് വഴി വച്ചേക്കാം.

ചുരുക്കത്തിൽ

ചെറുതെങ്കിലും നല്ല ശീലങ്ങൾ കുട്ടികളുടെ ദഹനാരോഗ്യത്തിൽ അനുഗുണമായ മാറ്റങ്ങളുണ്ടാക്കും. ആരോഗ്യകരമല്ലാത്ത ഭക്ഷണശീലങ്ങൾ കുട്ടികളുടെ ദഹനപ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുകയും ഭാവിയിൽ ആന്തരികാവയവങ്ങളെ പോലും അപകടത്തിലാക്കുകയും ചെയ്തേക്കാം. ഫാസ്റ്റ്ഫുഡുകൾക്കു പകരം ആരോഗ്യദായകമായ സാലഡുകളും നാടൻ വിഭവങ്ങളും ഫാമിലി മെനുവിൽ ധാരാളമായി ഉൾപ്പെടുത്താം.

ആരോഗ്യം

ജാശിർ കുന്നളം

ഉമ്മമാരുടെ ആരോഗ്യം അവഗണിക്കല്ലേ

മാതാവാകുന്ന ഘട്ടം സ്ത്രീജീവിതത്തിലെ ഏറ്റവും മനോഹരമായ അനുഭവങ്ങളിലൊന്നാണ്. ഒട്ടേറെ വെല്ലുവിളികൾ നിറഞ്ഞ ഒരു കാലഘട്ടം കൂടിയാണിത്. ഉമ്മയാകാനൊരുങ്ങുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പ്രത്യേകിച്ചും, സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരത്തിന്റെ കാലത്ത്.

ഇന്ന് സോഷ്യൽമീഡിയ നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. കുട്ടികളെ അതിമനോഹരമായി പരിപാലിക്കുന്ന, രുചികരമായ വിഭവങ്ങളൊരുക്കി സന്തോഷത്തോടെ ഭക്ഷണം നൽകുന്ന, വീട് കുറ്റമറ്റതാക്കുന്ന ഉമ്മമാരുടെ വീഡിയോകൾ ദിനേന നാം കാണാറുണ്ട്. ഇത് കാണുമ്പോൾ, എന്തുകൊണ്ട് എനിക്കിങ്ങനെ സാധിക്കുന്നില്ല എന്ന ചിന്ത പല ഉമ്മമാരിലും മാനസികസമ്മർദ്ദമുണ്ടാക്കാൻ സാധ്യതയുണ്ട്. ഇത്തരം താരതമ്യപ്പെടുത്തലുകൾ പുതിയ ഉമ്മമാരിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്.

സോഷ്യൽമീഡിയയിൽ കാണുന്നതെല്ലാം യാഥാർത്ഥ്യമല്ലെന്ന തിരിച്ചറിവ് ആദ്യമായി രക്ഷിതാക്കൾക്കുണ്ടാകണം. ഉമ്മയുടെ യഥാർത്ഥ കഷ്ടപ്പാടുകളോ വെല്ലുവിളികളോ ആരും സോഷ്യൽമീഡിയയിൽ പങ്കുവെക്കാറില്ല. മറിച്ച്, മറ്റുള്ളവരെ ആകർഷിക്കുന്ന ചില രംഗങ്ങൾ മാത്രമാണ് അവർ പ്രദർശിപ്പിക്കുന്നത്. സോഷ്യൽമീഡിയയെ മാതൃകയാക്കുന്നതും അനുകരിക്കുന്നതും ആത്മവിശ്വാസം കെടുത്തുകയും മാതൃത്വത്തിന്റെ യഥാർത്ഥസന്തോഷം അനുഭവിക്കുന്നതിന് തടസ്സമാകുകയും ചെയ്യും.

സ്വയം പരിപാലനം ഉത്തരവാദിത്തമാണ്

മനുഷ്യന്റെ സമഗ്രമായ ആരോഗ്യത്തിനടിസ്ഥാനമായ ആത്മപരിചരണം പലപ്പോഴും സ്വാർത്ഥതയായി വ്യാഖ്യാനിക്കപ്പെടാറുണ്ട്. എന്നാൽ അത് നമ്മുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് അത്യാവശ്യമാണ്. ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ചുറ്റുമുള്ള അറിവും സാഹചര്യങ്ങളും ഉപയോഗിച്ച് ശരീരത്തിനും മനസ്സിനും വിശ്രമവും ഉന്മേഷവും നൽകുന്ന കാര്യങ്ങളിൽ സജീവമായി ഏർപ്പെടുന്നതിനെയാണ് ആത്മപരിപാലനം (Self care) എന്നു പറയുന്നത്.

തിരുദൂതർ(സ) പറയുന്നു: 'നിങ്ങളുടെ ശരീരത്തിന് ചില അവകാശങ്ങളുണ്ട്.' (സ്വഹീഹുൽ ബുഖാരി) ഈ തിരുവചനം നമ്മുടെ ശരീരത്തെ പരിപാലിക്കേണ്ടതിന്റെ പ്രാധാന്യമാണ് വ്യക്തമാക്കുന്നത്. ശരീരം അല്ലാഹു നമുക്ക് നൽകിയ ഒരു അനുഗ്രഹവും അമാനത്തുമാണ്. ശരീരത്തെ ആരോഗ്യകരമായി നിലനിർത്തുക എന്നത് നമ്മുടെ കടമയാണ്. മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത് ആരോഗ്യമാണ്. ആരോഗ്യം നിലനിർത്തിയാൽ മാത്രമേ നമുക്ക് ജീവിതത്തിൽ നന്നായി പ്രവർത്തിക്കാനും നമ്മുടെ കടമകൾ നിറവേറ്റാനും മറ്റുള്ളവരെ സഹായിക്കാനും സാധിക്കുകയുള്ളൂ. അങ്ങനെയാകുമ്പോൾ സ്വയം പരിപാലനം എന്നത് നമ്മുടെ മതപരമായ ഉത്തരവാദിത്തം കൂടിയാണ്.

സ്വന്തം ആരോഗ്യം സംരക്ഷിക്കാൻ ഉമ്മമാർക്ക് സ്വീകരിക്കാവുന്ന ചില മാർഗങ്ങൾ:

വ്യക്തിഗത താത്പര്യമാകണം

ആത്മപരിചരണം മത്സരമോ അനുകരണമോ അല്ല; ഒരാളുടെ സ്വന്തം ഇഷ്ടങ്ങളെ കണ്ടെത്തുന്ന ആത്മാർത്ഥമായ അന്വേഷണമാണ്. ചിലർ യോഗയിലും ചിലർ പുൽമേട്ടിലൂടെയുള്ള സായാഹ്ന നടത്തത്തിലും ആശ്വാസം കണ്ടെത്തും. ചിലർക്ക് പുതിയ പാചകപരീക്ഷണങ്ങളാകും ആനന്ദം പകരുക. ചിലർക്ക് ചിത്രരചനയോ എഴുത്തോ പോലുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളാകാം മനഃശാന്തി നൽകുന്നത്. ഓരോ വ്യക്തിയും സ്വന്തം വ്യക്തിത്വത്തിനനുസരിച്ച് ആത്മപരിചരണത്തിന്റെ വഴികൾ

കണ്ടെത്തണം.

നമ്മുടെ സാമൂഹിക ചുറ്റുപാടുകൾ പലപ്പോഴും ഒരു 'പൊതുമാതൃക' അടിച്ചേൽപ്പിക്കാൻ ശ്രമിക്കാറുണ്ട്. 'അയൽവീട്ടിലെ ഉമ്മ അങ്ങനെ ചെയ്യുന്നു, നിങ്ങളും അങ്ങനെ ചെയ്യണം' എന്ന മട്ടിലുള്ള വാക്കുകൾ ശ്രദ്ധിക്കുന്നതിനു പകരം, സ്വന്തം ആത്മസംതൃപ്തിക്ക് പ്രാധാന്യം നൽകാനാണ് ശ്രമിക്കേണ്ടത്. തനിക്ക് താത്പര്യമുള്ള പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ ലഭിക്കുന്ന മനഃശാന്തി മറ്റൊരാളെ അനുകരിക്കുമ്പോൾ ലഭിക്കുന്ന വ്യാജമായ സന്തോഷത്തെക്കാൾ എത്രയോ വലുതാണ്. സ്വന്തം താത്പര്യം പരിപോഷിപ്പിക്കാൻ ശ്രമിക്കുമ്പോൾ വ്യക്തിത്വം കൂടുതൽ ശോഭയുള്ളതും സന്തുഷ്ടവുമായി മാറും.

സ്വയം കണ്ടെത്താനുള്ള ശ്രമങ്ങളിൽ ചിലപ്പോൾ തെറ്റുകൾ സംഭവിക്കാം. ഒരു പ്രത്യേക വ്യായാമം തനിക്ക് ചേരുന്നില്ലെന്ന് കണ്ടേക്കാം. അതൊരു പ്രതിസന്ധിയായി കാണാതെ, സ്വന്തം പരിമിതികളെയും സാധ്യതകളെയും മനസ്സിലാക്കാനുള്ള ഒരു തിരിച്ചറിവായി കണക്കാക്കണം. മറ്റൊരാളുടെ ഭംഗി അനുകരിക്കാൻ ശ്രമിക്കാതെ, തന്റെ ഭംഗിയെ പരിപോഷിപ്പിക്കാൻ ഓരോ ഉമ്മയും ശ്രമിക്കുമ്പോൾ, ആ വ്യക്തിത്വം കൂടുതൽ ശോഭയുള്ളതും സന്തുഷ്ടവുമായി മാറും. നിങ്ങളുടെ വ്യക്തിത്വത്തിന് അനുയോജ്യമായ വഴികളിലൂടെയുള്ള സ്വയം പരിപാലനം നിങ്ങളെ കൂടുതൽ ഊർജ്ജസ്വലരും സംതൃപ്തരുമാക്കും. ഒപ്പം നിങ്ങളുടെ കുടുംബത്തിനും സമൂഹത്തിനും നിങ്ങൾ ഒരു പ്രചോദനമായി മാറുകയും ചെയ്യും.

> നമ്മുടെ സാമൂഹിക ചുറ്റുപാടുകൾ പലപ്പോഴും ഒരു 'പൊതുമാതൃക' അടിച്ചേൽപ്പിക്കാൻ ശ്രമിക്കാറുണ്ട്. 'അയൽവീട്ടിലെ ഉമ്മ അങ്ങനെ ചെയ്യുന്നു, നിങ്ങളും അങ്ങനെ ചെയ്യണം' എന്ന മട്ടിലുള്ള വാക്കുകൾ ശ്രദ്ധിക്കുന്നതിനു പകരം, സ്വന്തം ആത്മസംതൃപ്തിക്ക് പ്രാധാന്യം നൽകാനാണ് ശ്രമിക്കേണ്ടത്. തനിക്ക് താത്പര്യമുള്ള പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ ലഭിക്കുന്ന മനഃശാന്തി മറ്റൊരാളെ അനുകരിക്കുമ്പോൾ ലഭിക്കുന്ന വ്യാജമായ സന്തോഷത്തെക്കാൾ എത്രയോ വലുതാണ്.

നന്നായി ഉറങ്ങാം

ശരീരത്തിന് വിശ്രമവും ഉന്മേഷവും ലഭിക്കാൻ ഉറക്കം അനിവാര്യമാണ്. ദൈനംദിന പ്രവർത്തനങ്ങളാലുണ്ടാകുന്ന തേയ്മാനങ്ങളെ നന്നാക്കാനും കോശങ്ങളെ പുനരുജ്ജീവിപ്പിക്കാനും ശാരീരിക ക്ഷീണം കുറച്ച് ഊർജ്ജസ്വലത വീണ്ടെടുക്കാനും ഉറക്കം സഹായിക്കുന്നു. ഉറങ്ങുമ്പോൾ ശരീരം സൈറ്റോകൈൻസ് പോലുള്ള പ്രോട്ടീനുകൾ ഉത്പാദിപ്പിക്കുന്നു. ഇത് അണുബാധകളെയും വീക്കത്തെയും പ്രതിരോധിക്കാൻ സഹായിക്കുന്നു. കൂടാതെ ഉത്കണ്ഠ, വിഷാദം, കോപം തുടങ്ങിയ വൈകാരിക നിമിഷങ്ങളെ നിയന്ത്രിച്ചുകൊണ്ട് മാനസികാരോ

പോഷകാഹാരം ശീലമാക്കുക

മനുഷ്യശരീരത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും രോഗപ്രതിരോധ ശേഷിക്കും പോഷകാഹാരം അനിവാര്യമാണ്. നാം കഴിക്കുന്ന ആഹാരം ശരീരത്തിന് ഊർജ്ജം പകരുന്നതിനൊപ്പം കോശങ്ങളെ നിർമ്മിക്കാനും കേടുപാടുകൾ പരിഹരിക്കാനും സഹായിക്കുന്നു. എന്നാൽ, ആവശ്യമായ പോഷകങ്ങളുടെ അഭാവം പലപ്പോഴും പോഷകാഹാരക്കുറവിലേക്കും വിവിധതരം രോഗങ്ങളിലേക്കും നയിച്ചേക്കാം. ലളിതമായി പറഞ്ഞാൽ, ഒരു ജീവിക്ക് അതിന്റെ നിലനിൽപ്പിനും ശരിയായ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ ഊർജ്ജവും പോഷകങ്ങളും നൽകുന്നത് പോഷകാഹാരമാണ്.

പോഷകങ്ങളെ അളവിന്റെ അടിസ്ഥാനത്തിൽ സ്ഥൂലപോഷകങ്ങൾ എന്നും സൂക്ഷ്മപോഷകങ്ങൾ എന്നും തരംതിരിക്കാം. ശരീരത്തിന് കൂടുതൽ അളവിൽ ആവശ്യമുള്ളതും ഊർജ്ജം പ്രദാനം ചെയ്യുന്നതുമായ അന്നജം, പ്രോട്ടീൻ, കൊഴുപ്പ് എന്നിവയാണ് സ്ഥൂലപോഷകങ്ങൾ. തലച്ചോറിന്റെയും പേശികളുടെയും ശരിയായ പ്രവർത്തനത്തിന് ഒഴിച്ചുകൂടാനാവാത്ത ഊർജ്ജം നൽകുന്നത് അന്നജമാണ്. ധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ എന്നിവയിൽ ഇത് ധാരാളമായി അടങ്ങിയിരിക്കുന്നു. ശരീരത്തിലെ കോശങ്ങളുടെ നിർമ്മാണത്തിനും പേശികളുടെ വളർച്ചയ്ക്കും പ്രോട്ടീൻ അത്യാവശ്യമാണ്. മാംസം, മത്സ്യം, മുട്ട, പയറുവർഗ്ഗങ്ങൾ എന്നിവ പ്രോട്ടീന്റെ മികച്ച ഉറവിടങ്ങളാണ്. ഊർജ്ജം സംഭരിക്കുന്നതിനും ചില പ്രധാന വിറ്റാമിനുകൾ ആഗിരണം ചെയ്യുന്നതിനും ആവശ്യമായ കൊഴുപ്പ് നട്സ്, അവോക്കാഡോ, ഒലിവ് ഓയിൽ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്നു.

ശരീരത്തിന് ചെറിയ അളവിൽ മാത്രം ആവശ്യമുള്ളവയാണെങ്കിലും ആരോഗ്യത്തിന് അത്യന്താപേക്ഷിതമായവയാണ് സൂക്ഷ്മപോഷകങ്ങൾ. ഇവയിൽ വിറ്റാമിനുകളും ധാതുക്കളും ഉൾപ്പെടുന്നു. കാഴ്ചശക്തി, എല്ലുകളുടെ ആരോഗ്യം, രോഗപ്രതിരോധശേഷി തുടങ്ങി നിരവധി ശാരീരിക പ്രവർത്തനങ്ങളിൽ വിറ്റാമിനുകൾ നിർണായക പങ്ക് വഹിക്കുന്നു. കാത്സ്യം, ഇരുമ്പ്, പൊട്ടാസ്യം, സോഡിയം, സിങ്ക്, മഗ്നീഷ്യം തുടങ്ങിയ ധാതുക്കൾ എല്ലുകളുടെയും പല്ലുകളുടെയും കരുത്തിനും രക്തോത്പാദനത്തിനും നാഡീപ്രവർത്തനങ്ങൾക്കും പേശികളുടെ സങ്കോചത്തിനും ശരീരത്തിലെ ദ്രാവക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അനിവാര്യമാണ്. ഇവയുടെ അഭാവം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിച്ചേക്കാം.

ദൈനംദിന ജീവിതത്തിലെ ശാരീരിക പ്രവർത്തനങ്ങൾക്കുള്ള ഊർജ്ജം, ശരിയായ ശാരീരിക വളർച്ച, രോഗങ്ങളെ ചെറുക്കാനുള്ള കഴിവ്, കേടുപാടുകൾ സംഭവിച്ച കോശങ്ങളുടെ പുനർനിർമ്മാണം, മികച്ച മാനസികാരോഗ്യം, ആരോഗ്യകരമായ ശരീരഭാരം നിലനിർത്തൽ എന്നിവയ്ക്ക് പോഷകാഹാരം നിർബന്ധമാണ്. അതിനാൽ പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, ഗുണമേന്മയുള്ള പ്രോട്ടീൻ ഉറവിടങ്ങൾ, ആരോഗ്യകരമായ കൊഴുപ്പുകൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഒരു സമീകൃതാഹാരം ദിനചര്യയുടെ ഭാഗമാക്കുന്നത് ആരോഗ്യകരവും ഊർജ്ജസ്വലവുമായ ജീവിതം സമ്മാനിക്കും.

നല്ല ഊർജ്ജം ചെലവഴിക്കേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ആവശ്യമായ പോഷകങ്ങൾ ലഭിക്കാത്തത് ഉമ്മമാരിൽ ക്ഷീണം, വിളർച്ച, പേശിവേദന തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാക്കാം. ഇത് അവരുടെ ദൈനംദിന കാര്യങ്ങളെ ബാധിക്കുകയും മാനസിക സമ്മർദ്ദത്തിലേക്ക് നയിക്കുകയും ചെയ്യും. ശരിയായ പോഷകാഹാരം ലഭിച്ചാൽ കൂടുതൽ ഊർജ്ജസ്വലരായിരിക്കാനും കാര്യക്ഷമമായി പ്രവർത്തിക്കാനും സാധിക്കും. ഇത് മാനസികാരോഗ്യത്തെയും മൊത്തത്തിലുള്ള ജീവിതനിലവാരത്തെയും മെച്ചപ്പെടുത്തും. ആരോഗ്യകരമായ ഭക്ഷണക്രമം പിന്തുടരുന്നത് പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യും.

ഗ്യം മെച്ചപ്പെടുത്താനും ശ്രദ്ധ, ഏകാഗ്രത, പ്രശ്നപരിഹാരശേഷി എന്നിവ വർദ്ധിപ്പിക്കാനും ഉറക്കം അത്യന്താപേക്ഷിതമാണ്.

കുടുംബത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തെയും സന്തോഷത്തെയും സ്വാധീനിക്കുന്ന വ്യക്തി എന്ന നിലയിൽ ഉമ്മയുടെ ആരോഗ്യം പ്രധാനമാണ്. അതിനാൽ, ഏറ്റവും നല്ല ആരോഗ്യത്തിന് ആവശ്യമായ അളവിലുള്ള ഉറക്കം അനിവാര്യമാണ്. ഉറക്കത്തെയും അതിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച് വിശുദ്ധഖുർആൻ ഓർമപ്പെടുത്തുന്നുണ്ട്: 'രാത്രിയെ വിശ്രമിക്കാനും പകലിനെ അധ്വാനിക്കാനുമായി അല്ലാഹു സംവിധാനിച്ചിരിക്കുന്നു.' (അൽഫുർഖാൻ 47) നബി(സ) രാത്രിയുടെ ഒരു ഭാഗം ഉറങ്ങാനും ഒരു ഭാഗം ആരാധനകൾക്കുമായി വിനിയോഗിച്ചിരുന്നു. ആവശ്യമായ ഉറക്കം ആരോഗ്യസന്തുലിതാവസ്ഥക്ക് അനിവാര്യമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

നല്ല ഉറക്കം ലഭിക്കാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ദിവസവും കൃത്യസമയത്ത് ഉറങ്ങാനും ഉണരാനും ശ്രമിക്കുക, ഉറങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പെങ്കിലും ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം ഒഴിവാക്കുക, 2-3 മണിക്കൂർ മുമ്പെങ്കിലും ഭക്ഷണം കഴിക്കുക എന്നിവ ഇതിൽപ്പെടുന്നു. പ്രാർത്ഥന, യോഗ, ധ്യാനം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സമ്മർദ്ദം കുറയ്ക്കാൻ ശ്രമിക്കുന്നതും നല്ല ഉറക്കത്തിന് സഹായകമാണ്. ഈ ലളിതമായ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിലൂടെ ആരോഗ്യമുള്ള ജീവിതശൈലി രൂപപ്പെടുത്താനും കുടുംബത്തിന് സന്തോഷം പകരാനും ഉമ്മമാർക്ക് സാധിക്കും.

നല്ല ഉറക്കം ലഭിക്കാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ദിവസവും കൃത്യസമയത്ത് ഉറങ്ങാനും ഉണരാനും ശ്രമിക്കുക, ഉറങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പെങ്കിലും ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം ഒഴിവാക്കുക, 2-3 മണിക്കൂർ മുമ്പെങ്കിലും ഭക്ഷണം കഴിക്കുക എന്നിവ ഇതിൽപ്പെടുന്നു. പ്രാർത്ഥന, യോഗ, ധ്യാനം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സമ്മർദ്ദം കുറയ്ക്കാൻ ശ്രമിക്കുന്നതും നല്ല ഉറക്കത്തിന് സഹായകമാണ്.

വ്യായാമം

ആത്മപരിചരണത്തിന്റെ അവിഭാജ്യഘടകമാണ് വ്യായാമം. ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഒരുപോലെ പരിപോഷിപ്പിക്കാൻ വ്യായാമം സഹായിക്കുന്നു. പതിവായ വ്യായാമം ശരീരത്തിൽ എൻഡോർഫിനുകൾ ഉത്പാദിപ്പിക്കുന്നു. ഇത് മാനസിക സമ്മർദ്ദം, വിഷാദം, ഉത്കണ്ഠ എന്നിവ ലഘൂകരിക്കുന്നതിന് ഫലപ്രദമാണ്. തന്മൂലം മനസ്സിന് സന്തോഷവും സമാധാനവും കൈവരുന്നു. വ്യായാമം നല്ല ഉറക്കം പ്രദാനം ചെയ്യുകയും തലച്ചോറിന്റെ പ്രവർത്തനങ്ങളെയും ഏകാഗ്രത, ഓർമ്മശക്തി എന്നിവയെയും മെച്ചപ്പെടുത്തുകയും ചെയ്യും. ശാരീരികമായി, വ്യായാമം ഹൃദയാരോഗ്യം മെച്ചപ്പെടുന്നു. കൂടാതെ ശരീരഭാരം നിയന്ത്രിക്കാനും എല്ലുകൾക്കും പേശികൾക്കും ബലം നൽകാനും ശരീരത്തിന്റെ രോഗപ്രതിരോധശേഷി ശക്തിപ്പെടുത്താനും സഹായിക്കുന്നു. അഥവാ വ്യായാമം ഊർജ്ജസ്വലവും ആരോഗ്യകരവുമായ ഒരു ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. ശാരീരികക്ഷമതക്കപ്പുറം മാനസികവും വൈകാരികവുമായ കരുത്ത് പകരാൻ വ്യായാമത്തിനു കഴിയും.

കുട്ടികളെ പരിപാലിക്കാനും വീട്ടുജോലികൾ ചെയ്യാനും വലിയ അളവിൽ ശാരീരികാധ്വാനം വേണ്ടിവരാറുണ്ടാവും. എന്നാൽ ഇത് ചിട്ടയായ വ്യായാമത്തിന് പകരമാവില്ല. വീടിന്റെ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടുന്നതിന്റെ വിരസത മാറ്റാൻ ചെറിയ നടത്തമോ യോഗയോ ലളിതമായ വ്യായാമങ്ങളോ സഹായകമാകും. ഇത് അവരുടെ മാനസിക പിരിമുറുക്കം കുറക്കാനും ഉന്മേഷത്തോടെ കുടുംബകാര്യങ്ങളിൽ ഇടപെടാനും പ്രയോജനപ്പെടുന്നു.

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

മുബ്തദിഉകളോടുള്ള സമീപനം

***ചോദ്യം:** ബിദ്അത്തുകാർ അവിശ്വാസികളെക്കാൾ അപകടകാരികളാണ്, അവരോട് സംസാരം വരെ ഒഴിവാക്കണം, അവിശ്വാസികളോടത് വേണ്ടതില്ല, ബിദ്അത്തുകാരെ സന്ദർശിക്കാൻ പാടില്ല; എന്നാൽ അമുസ്‌ലിംകൾ മരണപ്പെട്ടാൽ സന്ദർശിക്കാം എന്നെല്ലാം സമസ്തയുടെ പണ്ഡിതസംഗമങ്ങളിൽ വിശദീകരിക്കുന്നതായി കേട്ടു. സുന്നത്ത് ജമാഅത്തിന്റെ ഇമാമുകൾ അവരുടെ ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള വിധി ഇതുതന്നെയാണോ? ഇക്കാര്യത്തിൽ സമസ്തയുടെ തീരുമാനവും നയവും എന്താണ്? വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.*

ഉത്തരം: മുബ്തദിഉകളോട് നിസ്സഹകരണവും ബന്ധവിച്ഛേദവും വേണമെന്നത് സലഫുസ്സാലിഹുകൾക്കിടയിൽ സർവാംഗീകൃതമായ കാര്യമാണ്. ഇമാം ഗസ്സാലി(റ) രേഖപ്പെടുത്തിയത് കാണുക: 'മുബ്തദിഉകളെ വിമർശിക്കുകയും ബഹിഷ്കരിക്കുകയും അവരോട് സഹവാസം ഒഴിവാക്കുകയും അവരെ ശക്തമായി ഖണ്ഡിക്കുകയും വേണമെന്നത് സലഫുകളുടെ സർവ്വസമ്മതമായ നിലപാടാണ്.' (മുസ്തസ്വഫാ 1/350)

മുബ്തദിഉകളോട് ബന്ധം ഒഴിവാക്കണമെന്ന് ശറഇൽ കൽപ്പനയുണ്ടെന്ന് ഇമാം റംലി(റ), ഖത്തീബുശ്ശിർബീനി(റ), ഇമാം ഇബ്നുഹജർ(റ) ഉൾപ്പെടെയുള്ള പ്രമുഖ കർമ്മശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്.' (നിഹായ 2/435, മുഗ്നി 1/130, തുഹ്ഫ 7/455)

നിരവധി ഖുർആൻ വചനങ്ങളും ഹദീസുകളും ഇക്കാര്യം അറിയിക്കുന്നുണ്ട് അല്ലാഹുവിനും റസൂലിനും വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നവരുമായി സ്നേഹബന്ധത്തിലേർപ്പെടാൻ ഈമാനുള്ളവർക്ക് കഴിയില്ലെന്ന് വിശുദ്ധ ഖുർആൻ അമ്പത്തെട്ടാം അധ്യായം ഇരുപത്തിരണ്ടാം വചനം പറയുന്നു: 'നമ്മുടെ ആയത്തുകളിൽ തെറ്റായ സമീപനം സ്വീകരിക്കുന്നവരെ കണ്ടാൽ അവർ മറ്റു സംസാരത്തിൽ പ്രവേശിക്കുന്നതു വരെ കൂടിയിരിക്കരുത്. യാദൃച്ഛികമായി മറന്ന് ഇരുന്നുപോയാൽ ഓർമ്മ വന്നതിനുശേഷം അത്തരം ആക്രമികളോടൊപ്പം ഇരിക്കാൻ പാടില്ല.' (വിശുദ്ധഖുർആൻ 6/28)

ഖിയാമത്ത് വരെയുള്ള സർവ്വ മുബ്തദിഉകളും ഈ നിരോധത്തിൽ ഉൾപ്പെടുമെന്ന് പ്രമുഖ ഖുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിരിക്കുന്നു. (മആലിമുത്തൻസീൽ, അത്തഫ്സീറുൽ ബസീത്വ്)

'അക്രമികളിലേക്ക് ചാഞ്ഞുപോകരുത്. അങ്ങനെ ചെയ്താൽ നരകം നിങ്ങളെ സ്പർശിക്കും.' (വിശുദ്ധ ഖുർആൻ 11/112) പ്രസ്തുത ഖുർആൻ വചനം മുബ്തദിഉകളുമായി പിണങ്ങി നിൽക്കണമെന്നതിന് ആധാരമാണെന്ന് ഇമാം ഖുർതുബി വിശദീകരിച്ചിരിക്കുന്നു.

'ദീനിൽ ഭിന്നതയുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി താങ്കൾക്ക് യാതൊരു ബന്ധവുമില്ല.' (വിശുദ്ധ ഖുർആൻ 6/159) ദീനിൽ ഭിന്നത സൃഷ്ടിക്കുകയും കക്ഷികളാവുകയും ചെയ്തവർ മുബ്തദിഉകളാണെന്നും അവരുമായി സഹകരണവും സഹവാസവും പാടില്ലെന്നുമുള്ള നയത്തിന് ആധാരമാണ് ഈ ഖുർആൻ വചനമെന്നും ഖുർആൻ വ്യാഖ്യാതാക്കൾ പലരും വ്യക്തമാക്കിയിട്ടുണ്ട്. (തഫ്സീറുൽ ഖുർതുബി, അൽബഹ്റുൽ മുഹീത്, അൽ മുഹർററുൽ വജീസ്, തഫ്സീർ റാസി, തഫ്സീറു ത്വബരി)

അബൂഹുറയ്റ(റ) നിവേദനം. റസൂൽ(സ) പറഞ്ഞു: 'അവസാനകാലത്ത് ധാരാളമായി കളവു പറയുന്ന വ്യാജന്മാരുണ്ടാകും. നിങ്ങളും നിങ്ങളുടെ പൂർവികരും കേട്ടിട്ടില്ലാത്ത വർത്തമാനങ്ങളുമായി അവർ വരും. അവരെ നിങ്ങൾ സൂക്ഷിക്കണം. അവർ നിങ്ങളെ വഴിപിഴപ്പിക്കാനും ഫിത്നയിൽ പെടുത്താനും ഇടയാകരുത്.' (മുസ്‌ലിം)

ഇബ്നുഉമർ(റ) നിവേദനം. തിരുനബി(സ) പറഞ്ഞു: 'ഖദരിയ്യാക്കൾ ഈ ഉമ്മത്തിലെ മജൂസികളാണ്. അവർ രോഗികളായാൽ അവരെ സന്ദർശിക്കരുത്. അവർ മരിച്ചാൽ നിങ്ങൾ അവരുടെ സമീപം പോകരുത്.' (അബൂദാവൂദ്, അഹ്മദ്)

അനസ്(റ) റിപ്പോർട്ട് ചെയ്യുന്നു. അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: 'അല്ലാഹു എന്നെ തെരഞ്ഞെടുത്തു. എനിക്കുവേണ്ടി എന്റെ സ്വഹാബത്തിനെ തെരഞ്ഞെടുക്കുകയും അവരെ എന്റെ സഹായികളാക്കുകയും ചെയ്തു. എന്റെ അസ്ഹാബിനെ ആക്ഷേപിക്കുന്ന ചിലർ ശേഷം വരും. നിങ്ങൾ അവരോട് കൂടിയിരിക്കരുത്. അവരോടൊപ്പം തിന്നുകയോ കുടിക്കുകയോ ചെയ്യരുത്. അവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുത്. അവരോടൊപ്പം നിസ്കരിക്കരുത്. അവരുടെ മേൽ നിസ്കരിക്കരിക്കുകയുമരുത്.' (കിതാബുസ്സുന്ന 2/483)

ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ) പറയുന്നു: 'സത്യവിശ്വാസി നിർബന്ധമായും സുന്നത്ത് ജമാഅത്ത് പിന്തുടരണം. ബിദ്അത്തിന്റെ ആളുകളോട് അടുക്കരുത്. അവർക്ക് സലാം പറയരുത്. ബിദ്അത്തുകാരന് സലാം പറഞ്ഞാൽ അവനോട് സ്നേഹമാകും. ആഘോഷങ്ങളിലോ സന്തോഷവേളകളിലോ അവരെ ആശംസിക്കരുത്. അവർ മരിച്ചാൽ അവർക്ക് നിസ്കരിക്കരുത്. ബിദ്അത്തുകാരനെ സ്നേഹിച്ചാൽ കർമ്മങ്ങൾ അല്ലാഹു തള്ളിക്കളയുകയും ഹൃദയത്തിൽ നിന്ന് ഈമാനിന്റെ വെളിച്ചം നഷ്ടപ്പെടുകയും ചെയ്യുമെന്ന് ഫുളൈലുബ്നു ഇയാള്(റ) പറഞ്ഞിട്ടുണ്ട്. മുബ്തദിഇന്റെ ജനാസയെ അനുഗമിച്ചാൽ തിരിച്ചെത്തുന്നതുവരെ അല്ലാഹുവിന്റെ കോപത്തിലാണെന്ന് സുഫ്യാനുബ്നു ഉയയ്ന(റ) പറഞ്ഞിട്ടുണ്ട്.' (കിതാബുൽ ഗുൻയ 165)

ശൈഖ് ജീലാനി(റ)വിന്റെ ദീർഘമായ മേൽപ്രസ്താവന ഇമാം ഇബ്നുഹജർ(റ) അസ്സ്വാഇഖുൽ മുഹ്രിഖ 249, 250 പേജുകളിൽ ഉദ്ധരിച്ചിട്ടുണ്ട്.

മുബ്തദിഉകളുമായി ബന്ധവിച്ഛേദത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതും അവരുമായി ചങ്ങാത്തം കൂടുന്നതിന്റെ അപകടത്തെക്കുറിച്ച് താക്കീത് ചെയ്യുന്നതുമായ പ്രമാണങ്ങളും മഹദ്വാക്കുകളും ഇനിയും ഒട്ടേറെയുണ്ട്. ഇക്കാര്യത്തിൽ ഏറെ കർശന നിലപാട് സ്വീകരിച്ചവരായിരുന്നു പൂർവ്വകാല ഇമാമുകളും ഉലമാക്കളും. ഒരു വാക്ക് സംസാരിക്കാനുണ്ടെന്ന് പറഞ്ഞുവന്ന മുബ്തദിഇനോട് അര വാക്കുപോലും വേണ്ടെന്ന് പറഞ്ഞുകൊണ്ട് മുഖം തിരിച്ചവരായിരുന്നു അവരിൽ പലരുമെന്ന് ചരിത്രത്തിൽ വ്യക്തമായി കാണാവുന്നതാണ്. (ഹിൽയതുൽ ഔലിയാഅ്)

റാഫിളീ വിഭാഗത്തെ പരാമർശിക്കുമ്പോൾ ഇമാം ശാഫിഈ(റ) അവരെ ശക്തമായി ആക്ഷേപിക്കുകയും ദുഷിച്ച വർഗ്ഗമെന്ന് വിശേഷിപ്പിക്കുകയും ചെയ്തിരുന്നുവെന്നാണ് ഹാഫിള് ഇബ്നുഹജർ(റ) തവാലിത്തഅ്സീസ് എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചത്. ബിദ്അത്തുകാരനോടുള്ള സംവാദത്തിൽ മാത്രമാണ് 'അവന്റെ നിലപാട് തന്നെയാണ് അബദ്ധം' എന്ന് സ്ഥിരപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചിരുന്നതെന്നും അതവന്റെ കാര്യം ജനങ്ങൾക്കു മുന്നിൽ വെളിപ്പെടാൻ വേണ്ടിയായിരുന്നുവെന്നും ഇമാം ശാഫിഈ(റ) പറഞ്ഞത് ഇബ്നുഅസാക്കിർ(റ) തബ്യീനുൽ

മുബ്തദിഉകളുമായി ബന്ധവിച്ഛേദത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതും അവരുമായി ചങ്ങാത്തം കൂടുന്നതിന്റെ അപകടത്തെക്കുറിച്ച് താക്കീത് ചെയ്യുന്നതുമായ പ്രമാണങ്ങളും മഹദ്വാക്കുകളും ഇനിയും ഒട്ടേറെയുണ്ട്. ഇക്കാര്യത്തിൽ ഏറെ കർശന നിലപാട് സ്വീകരിച്ചവരായിരുന്നു പൂർവ്വകാല ഇമാമുകളും ഉലമാക്കളും. ഒരു വാക്ക് സംസാരിക്കാനുണ്ടെന്ന് പറഞ്ഞുവന്ന മുബ്തദിഇനോട് അര വാക്കുപോലും വേണ്ടെന്ന് പറഞ്ഞുകൊണ്ട് മുഖം തിരിച്ചവരായിരുന്നു അവരിൽ പലരും.

പരലോക രക്ഷാ ശിക്ഷകളുടെ കാര്യമെടുക്കുമ്പോൾ ബിദ്അത്തിലേറെ അപകടം കുഫ്ർ തന്നെയാണ്. പക്ഷേ, ഇഹലോകത്തെ പെരുമാറ്റച്ചട്ടങ്ങളുടെ കാര്യത്തിൽ കൂടുതൽ അപകടം ബിദ്അത്താണ്. കാരണം അവിശ്വാസികളുടെ വഴി തെറ്റാണെന്ന് പൊതുവെ മുസ്‌ലിംകളെല്ലാവരും മനസ്സിലാക്കിയിട്ടുള്ളതാണ്. അവിശ്വാസികളാണെങ്കിൽ ഇസ്‌ലാമിന്റെ വക്താക്കളാണെന്ന് അവകാശപ്പെടുകയോ ഖുർആനും സുന്നത്തും പറഞ്ഞുകൊണ്ട് ദുർബോധനം നടത്തുകയോ ചെയ്യാറില്ല.

കദിബിൽ മുഫ്തരീ എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. മുബ്തദിഇന്റെ കൂടെ നടന്നിരുന്നവരോട് പോലും നീരസം പ്രകടിപ്പിക്കുകയും അകൽച്ച പാലിക്കുകയും ചെയ്ത സംഭവങ്ങൾ അഹ്‌ലുസ്സുന്നയുടെ ഇമാമുകളുടെ ജീവിതത്തിൽ കാണാവുന്നതാണ്.

മുബ്തദിഉകൾ അവിശ്വാസികളെക്കാൾ അപകടകാരികളാണോ എന്ന ചോദ്യത്തിന് ഉത്തരം പറയാം; പരലോക രക്ഷാ ശിക്ഷകളുടെ കാര്യമെടുക്കുമ്പോൾ ബിദ്അത്തിലേറെ അപകടം കുഫ്ർ തന്നെയാണ്. പക്ഷേ, ഇഹലോകത്തെ പെരുമാറ്റച്ചട്ടങ്ങളുടെ കാര്യത്തിൽ കൂടുതൽ അപകടം ബിദ്അത്താണ്. കാരണം അവിശ്വാസികളുടെ വഴി തെറ്റാണെന്ന് പൊതുവെ മുസ്‌ലിംകളെല്ലാവരും മനസ്സിലാക്കിയിട്ടുള്ളതാണ്. അവിശ്വാസികളാണെങ്കിൽ ഇസ്‌ലാമിന്റെ വക്താക്കളാണെന്ന് അവകാശപ്പെടുകയോ ഖുർആനും സുന്നത്തും പറഞ്ഞുകൊണ്ട് ദുർബോധനം നടത്തുകയോ ചെയ്യാറില്ല. എന്നാൽ മുബ്തദിഉകൾ അങ്ങനെയല്ല; ഖുർആനും സുന്നത്തും ദുർവ്യാഖ്യാനം ചെയ്തു മുസ്‌ലിംകൾക്കിടയിൽ ദുർബോധനം നടത്തുന്നതിനാൽ അവർ മുഖേന മറ്റുള്ളവർ അപകടത്തിൽ പെടാനുള്ള സാധ്യത ഏറെയാണ്. മിണ്ടരുത്, കൂടിയിരിക്കരുത് തുടങ്ങിയവിധത്തിലുള്ള അകലം പാലിക്കൽ മുബ്തദിഉകളുടെ കാര്യത്തിൽ ആവശ്യമാണെന്നും അമുസ്‌ലിംകളോട് ആകാമെന്നും പറയുന്നതിന്റെ കാരണമിതാണ്.

ഇമാം ഗസ്സാലി(റ) എഴുതുന്നു: കാഫിറായിട്ടില്ലാത്ത മുബ്തദിഇന്റെ കാര്യം അല്ലാഹുവിങ്കൽ കാഫിറിനെക്കാൾ ആശ്വാസമാണെങ്കിലും ഖണ്ഡനത്തിന്റെയും വിമർശനത്തിന്റെയും വിഷയത്തിൽ മുബ്തദിഇന്റെ കാര്യമാണ് ഏറെ ഗൗരവം. അമുസ്‌ലിമിന്റെ പ്രശ്നം മുസ്‌ലിംകളിലേക്ക് വ്യാപിക്കുന്നതല്ല. അവർ അവിശ്വാസികളാണെന്ന് മുസ്‌ലിംകൾക്ക് വ്യക്തമായി അറിയാമല്ലോ. എന്നാൽ മുബ്തദിഅ് ഇസ്‌ലാമും സത്യവും അവകാശപ്പെടുന്നവനാണ്. അവന്റെ ഇടപെടൽ മറ്റുള്ളവരെ വഴിതെറ്റിക്കാൻ ഇടയാക്കും. അതിനാൽ ബന്ധവിച്ഛേദത്തിന്റെ കാര്യത്തിൽ അമുസ്‌ലിമിലേറെ കർശനമാണ് മുബ്തദിഉകളോടുള്ളത്. (ഇഹ്‌യാ 2/168)

സമുദായത്തിനകത്തുള്ള അപകടകാരികളോട് സംസാരം ഒഴിവാക്കിക്കൊണ്ടുള്ള ബന്ധവിച്ഛേദം ഇസ്‌ലാം പറയുന്നുണ്ടെന്നും എന്നാൽ അമുസ്‌ലിംകളോട് അതില്ലെന്നും ഇബ്നുഹജർ(റ) വിശദീകരിച്ചിട്ടുണ്ട്. (ഫത്ഹുൽ ബാരി 10/497)

മുബ്തദിഉകളോട് സഹവാസവും സമ്പർക്കവും ഒഴിവാക്കണമെന്നും വിശുദ്ധ ദീനിന്റെ തനതായതും ശരിയായതുമായ വിശ്വാസം ഉൾക്കൊള്ളുന്ന മുസ്‌ലിംകളോട് ഇടപെടുന്നതുപോലെ അവരോട് ഇടപെടാവുന്നതല്ലെന്നും ഇക്കാര്യം പൂർവികരായ ഇമാമുകൾക്കിടയിൽ സർവാംഗീകൃതമാണെന്നും മേൽവിവരണത്തിൽ നിന്ന് വ്യക്തമാണ്. ബന്ധവിച്ഛേദത്തിന്റെ വിവിധ വകുപ്പുകളും വിധികളും ഇമാമുകൾ വിശദീകരിച്ചിട്ടുമുണ്ട്. അവ ഇവിടെ എഴുതാൻ പ്രയാസമാണ്. ഏതാനും ഉദാഹരണങ്ങൾ പറയാം: മുബ്തദിഇനെ രോഗസന്ദർശനം നടത്തൽ കറാഹത്താണ്. എന്നാൽ, മുബ്തദിഇന്റെ വഴി കുഴപ്പമില്ലാത്തതാണെന്ന് സാധാരണക്കാർ മനസ്സിലാക്കാൻ സാധ്യതയുള്ളതിനാൽ ആലിമുകൾക്ക് ഈ സന്ദർശനം ഹറാമാണെന്ന് ഇമാം ഇബ്നുഹജർ(റ) 'അൽഇഫാദ' പേജ് 36 ൽ വ്യക്തമാക്കിയിരിക്കുന്നു. ശൈഖ് മഖ്ദൂം(റ) ഇർശാദുൽഇബാദിലും ഇപ്രകാരം എഴുതിയിട്ടുണ്ട്. മുബ്തദിഇനെ തുടർന്ന് നിസ്കരിക്കൽ ശക്തമായ കറാഹത്താണ്. ജമാഅത്തിന്റെ പ്രതിഫലം ലഭിക്കുന്നതല്ല. (തുഹ്ഫ 2/294) ഖൈറിന്റെയും സ്വലാഹിന്റെയും അഹ്‌ലുകാർ മുബ്തദിഇനെ തുടർന്നു നിസ്കരിക്കൽ ഹറാമാണെന്നും അത് മുബ്തദിഇനെക്കുറിച്ച് നല്ല ധാരണയുണ്ടാകാൻ കാരണമാകുമെന്നും ഇമാം സുലൈമാനുൽ ബുജൈരിമി(റ) ഹാശിയതുശർഹിൽ മൻഹജ് 1/311 ൽ രേഖപ്പെടുത്തിയിരിക്കുന്നു. അറിയപ്പെട്ട ആലിം മുബ്തദിഇനെ തുടർന്ന് നിസ്കരിക്കൽ സാധാരണക്കാർ ബിദ്അത്തിൽ പെട്ടുപോകാൻ കാരണമാണെന്നതിനാൽ ഹറാമാണെന്ന് ഇമാം അദ്റഈ പറഞ്ഞത് ഇബ്നുഹജർ(റ) ശറഹുബാഫള്ൽ 2/40ൽ ഉദ്ധരിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ മുബ്തദിഉകളോടുള്ള ബന്ധവിച്ഛേദവും നിസ്സഹകരണവും വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിപ്പിച്ചിട്ടുള്ളതും മഹാന്മാരായ ഇമാമുകൾ സർവ്വാംഗീകൃതമായി രേഖപ്പെടുത്തിയതുമാണ്. അതു തന്നെയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നിലപാട്. എന്നാൽ, അവരെ സുന്നത്ത് ജമാഅത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുന്നതിന് ബന്ധവിച്ഛേദനനിയമങ്ങൾ തടസ്സമല്ലെന്ന് പറയേണ്ടതില്ലല്ലോ.

ചരിത്രാഖ്യായിക സൗദ(റ)-૭

മുഹമ്മദ് പാറന്നൂർ

യവനികയ്ക്കു പിന്നിൽ ജീവിതം

എഴുന്നേറ്റു നടക്കാൻ പ്രയാസമായപ്പോഴും തിരുനബി(സ) പതിവുരീതികൾ മുടക്കാൻ തുനിഞ്ഞില്ല. പ്രിയപ്പെട്ടവരുടെ ചുമലിൽ താങ്ങിയാണെങ്കിലും അവിടുന്ന് ഊഴമനുസരിച്ച് ഓരോ ദിവസവും താമസിക്കേണ്ട ഭവനങ്ങളിലേക്ക് പോയിക്കൊണ്ടിരുന്നു. ഭാര്യമാർക്കിടയിൽ പൂർണ്ണനീതി പാലിക്കണമെന്ന നിഷ്കർഷ അപ്പോഴും അവിടുന്ന് പുലർത്തിയിരുന്നല്ലോ.

ആ ദിവസങ്ങളിൽ അവിടുന്ന് ചോദിക്കാൻ തുടങ്ങി: ‘നാളെ ഞാൻ ആരുടെ വീട്ടിലായിരിക്കും?’

ദിവസവും ഈ ചോദ്യം ആവർത്തിച്ചപ്പോൾ ഭാര്യമാർക്ക് മനസ്സിലായി; അവിടുന്ന് ഈ ഘട്ടത്തിൽ ആഇശ(റ)യുടെ വീട്ടിൽ താമസിക്കാനാണ് ആഗ്രഹിക്കുന്നതെന്ന്. എങ്കിൽ അവിടുത്തെ ആഗ്രഹമനുസരിച്ചാവട്ടെ എന്ന് കരുതി മറ്റെല്ലാ ഭാര്യമാരും അവരുടെ അവസരങ്ങൾ ത്യജിക്കാൻ സന്നദ്ധരായി.

ആഇശ(റ)യോടു തിരുനബി(സ)ക്കുള്ള അമിതസ്നേഹമാണ് ഇത്തരമൊരു ആഗ്രഹത്തിനു പിന്നിൽ എന്ന് സംശയിച്ചേക്കാം. എന്നാൽ, ആഇശ(റ)യെ ബാല്യത്തിൽ തന്നെ തിരുനബി(സ) വിവാഹം കഴിച്ചതിനും ഉത്തമശിക്ഷണത്തിലൂടെ അവരെ വളർത്തിയെടുത്തതിനും പിന്നിൽ മറ്റു ചില സുപ്രധാന ലക്ഷ്യങ്ങളുണ്ടായിരുന്നുവെന്നാണ് മനസ്സിലാകുന്നത്. തിരുനബി(സ)യുടെ ഓരോ വാക്കും ഓരോ പ്രവൃത്തിയും ചലനവും നിശ്ചലനവും നോട്ടവും സ്പർശങ്ങളും ഉറക്കവും മയക്കവുമെല്ലാം വിശ്വാസികൾക്ക് അനുകരണീയമായ ചര്യയാണല്ലോ. ആ ചര്യയാണല്ലോ ഇസ്‌ലാമിന്റെ ജീവൻ. അത് അതേവിധത്തിൽ ലോകത്ത് സുരക്ഷിതമാവണം. അതിന് സൂക്ഷ്മമായി അവയെല്ലാം നിരീക്ഷിച്ച്, നിരൂപണം ചെയ്ത്, സംശയങ്ങൾ തീർത്ത്, ഒന്നും വിട്ടുപോകാതെ, മറന്നുപോവാതെ സമൂഹത്തിന് അറിയിച്ചുകൊടുക്കേണ്ടതുണ്ട്.

ആഇശ(റ)യോടു തിരുനബി(സ)ക്കുള്ള അമിതസ്നേഹമാണ് ഇത്തരമൊരു ആഗ്രഹത്തിനു പിന്നിൽ എന്ന് സംശയിച്ചേക്കാം. എന്നാൽ, ആഇശ(റ)യെ ബാല്യത്തിൽ തന്നെ തിരുനബി(സ) വിവാഹം കഴിച്ചതിനും ഉത്തമശിക്ഷണത്തിലൂടെ അവരെ വളർത്തിയെടുത്തതിനും പിന്നിൽ മറ്റു ചില സുപ്രധാന ലക്ഷ്യങ്ങളുണ്ടായിരുന്നുവെന്നാണ് മനസ്സിലാകുന്നത്.

അതിന്നായി അല്ലാഹു തിരുനബി(സ)ക്ക് തെരഞ്ഞെടുത്ത പ്രിയതമയായിരുന്നു ആഇശ(റ). അതിനു പര്യാപ്തമാംവിധം ബുദ്ധിശക്തിയും ഓർമ്മശക്തിയും ഗ്രഹണശക്തിയും ഗവേഷണചാതുരിയും മറ്റു കഴിവുകളുമെല്ലാം അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നുവല്ലോ.

ഇക്കാര്യംകൂടി തിരിച്ചറിഞ്ഞാവാം സൗദ(റ) നേരത്തെ തന്നെ തന്റെ ഊഴം ആഇശ(റ)ക്ക് സമ്മാനിച്ചതും തിരുനബി(സ) അത് അംഗീകരിച്ചതും. പിൽക്കാലത്ത് ഏതാനും ദിവസത്തേക്കെങ്കിലും മറ്റെല്ലാ ഭാര്യമാരും അങ്ങനെയൊരു ത്യാഗത്തിന് സന്നദ്ധരാവുകയും ചെയ്തല്ലോ. സൗദ(റ)ക്ക് എക്കാലത്തും ചാരിതാർത്ഥ്യത്തോടെ സ്മരിക്കാനും അഭിമാനം കൊള്ളാനുമുള്ള ഒന്നായി മാറി തന്റെ ആ തീരുമാനമെന്നു പറയാവുന്നതാണ്. അവരുടെ പക്വതയും പാകതയും വന്ന മനസ്സിന്റെ മേന്മയാണത് സൂചിപ്പിക്കുന്നത്. ആഇശ(റ) പറഞ്ഞതെത്ര ശരി: 'അസൂയ തീണ്ടാത്ത ഒരേയൊരു വനിതയെ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ; അത് സൗദാബിൻത് സംഅഃയാണ്.'

**** **** ****

പ്രിയതമനായ തിരുനബി(സ) ഈ ലോകത്തോട് വിടപറഞ്ഞു. മരണം സുനിശ്ചിതമാണെങ്കിലും അവിടുന്ന് ഇത്രയും പെട്ടെന്ന് പിരിഞ്ഞു പോകുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. അറുപത്തിമൂന്നിലെത്തിയപ്പോഴും നാൽപ്പതിന്റെ യൗവനം തിരുശരീരത്തിൽ തുടിച്ചു നിന്നിരുന്നുവല്ലോ. എല്ലാം അല്ലാഹുവിന്റെ നിശ്ചയം. ഓരോരുത്തർക്കും നിശ്ചിത അവധിയുണ്ട്.അതെപ്പോഴാണെന്ന് ഒരാൾക്കും അറിയില്ലെന്നു മാത്രം. എന്നാൽ അല്ലാഹുവിന്റെ തിരുദൂതർ എല്ലാം നേരത്തെ അറിഞ്ഞിരുന്നു. തൽസംബന്ധമായ സൂചനകൾ നൽകിക്കൊണ്ടിരുന്നു. അവിടുന്ന് നിർവ്വഹിച്ച അവസാനത്തെ ഹജ്ജിൽ സാമാന്യം വ്യക്തമായിത്തന്നെ അക്കാര്യം പറഞ്ഞുവല്ലോ. അത്തരം മുന്നറിയിപ്പുകൾ കേൾപ്പിക്കാനും മതത്തിന്റെ പൂർണതയെക്കുറിച്ച് ബോധ്യപ്പെടുത്താനുമായിരുന്നില്ലേ ആ ഹജ്ജിന് ഭാര്യമാരെയെല്ലാം അവിടുന്ന് കൊണ്ടുപോയത്? അന്ന് അവിടുത്തെ പ്രഖ്യാപനങ്ങൾ ഈ സൗദ(റ)യും കേട്ടിരുന്നല്ലോ. എന്നാലും ഇത്ര പെട്ടെന്ന്!

സൗദ(റ) കരഞ്ഞു, മനംനൊന്ത് കണ്ണീരൊഴുക്കി. ആർത്തുകരയുന്നത് അവിടുന്ന് വിലക്കിയിരുന്നില്ലെങ്കിൽ ആർത്തുകരയുക തന്നെ ചെയ്യുമായിരുന്നു. പ്രിയപ്പെട്ട ഭർത്താവ് എന്നതിലുപരി അല്ലാഹുവിന്റെ ഹബീബായിരുന്നല്ലോ അവിടുന്ന്. ആ സാന്നിധ്യം തന്നെ വല്ലാത്തൊരു അനുഗ്രഹമായിരുന്നു, പുണ്യമായിരുന്നു. തിരുദൂതരില്ലാത്ത ലോകം അരോചകം തന്നെയാണ്. പക്ഷേ, എന്തു ചെയ്യാം, സഹിക്കുകയല്ലാതെ! ഗതകാല സംഭവങ്ങളോരോന്നും ഓർത്തെടുത്തുകൊണ്ട് സൗദ പിന്നെയും കണ്ണീരൊഴുക്കിക്കൊണ്ടിരുന്നു.

സൗദ(റ) കരഞ്ഞു, മനംനൊന്ത് കണ്ണീരൊഴുക്കി. ആർത്തുകരയുന്നത് അവിടുന്ന് വിലക്കിയിരുന്നില്ലെങ്കിൽ ആർത്തുകരയുക തന്നെ ചെയ്യുമായിരുന്നു. പ്രിയപ്പെട്ട ഭർത്താവ് എന്നതിലുപരി അല്ലാഹുവിന്റെ ഹബീബായിരുന്നല്ലോ അവിടുന്ന്. ആ സാന്നിധ്യം തന്നെ വല്ലാത്തൊരു അനുഗ്രഹമായിരുന്നു, പുണ്യമായിരുന്നു. തിരുദൂതരില്ലാത്ത ലോകം അരോചകം തന്നെയാണ്. പക്ഷേ, എന്തു ചെയ്യാം, സഹിക്കുകയല്ലാതെ! ഗതകാല സംഭവങ്ങളോരോന്നും ഓർത്തെടുത്തുകൊണ്ട് സൗദ പിന്നെയും കണ്ണീരൊഴുക്കിക്കൊണ്ടിരുന്നു.

തിരുനബി(സ)യിൽ നിന്ന് ഉൾക്കൊണ്ട പാഠങ്ങൾക്കനുസരിച്ചാണ് സൗദ(റ) ബാക്കിയുള്ള ജീവിതകാലം കഴിച്ചുകൂട്ടിയത്. തിരുനബി(സ)യോടുള്ള കടപ്പാടുകളോർത്തും തിരുനബി(സ)യുടെ പത്നി, വിശ്വാസികളുടെ മാതാവ് എന്നീ മഹനീയമായ പദവിയോട് നീതിപുലർത്തിയും വിശുദ്ധമായ ജീവിതമാണ് അവർ തുടർന്നും നയിച്ചത്. സ്ത്രീകൾ വീട്ടിൽ അടങ്ങിയിരിക്കണമെന്നും മുഖമക്കനകൾ താഴ്ത്തിയിടണമെന്നുമുള്ള കൽപ്പനക്ക് വിരുദ്ധമായി അവർ ഒരിക്കലും പ്രവർത്തിച്ചില്ല. അങ്ങനെയെന്തെങ്കിലും സംഭവിച്ചുപോകാതിരിക്കാൻ അവർ വീട്ടിൽനിന്നു പുറത്തിറങ്ങിയതേയില്ല. പത്നിമാരിൽ ചിലർ പിന്നെയും ഹജ്ജിനു പോയി. സൗദ(റ) അതിനൊന്നും തുനിഞ്ഞില്ല. അതിനെപ്പറ്റി ചോദിച്ചപ്പോൾ അവർ പറഞ്ഞതിങ്ങനെ: 'ഞാൻ നേരത്തെ ഹജ്ജും ഉംറയും നിർവഹിച്ചിട്ടുണ്ട്. ഇനി അല്ലാഹു കൽപ്പിച്ച പ്രകാരം വീട്ടിൽ അടങ്ങിയൊതുങ്ങിക്കഴിയാനാണ് എന്റെ തീരുമാനം.'

ആരാധനാ നിമഗ്നയായായിരുന്നു പിന്നീട് സൗദ(റ)യുടെ ജീവിതത്തിലെ ഓരോ നിമിഷവും. ഏറെയേറെ നിസ്കരിച്ചും നോമ്പനുഷ്ഠിച്ചും മറ്റും സൽകർമ്മങ്ങളിൽ നിരതയായി.

ധർമ്മിഷ്ഠയായിരുന്നു സൗദ(റ). കയ്യിൽ ഒന്നും അവശേഷിക്കാത്ത വിധം ധർമ്മം ചെയ്യുന്നവർ. തിരുനബി(സ)യുടെ കാലത്തു തന്നെ അവർ അങ്ങനെയായിരുന്നല്ലോ. ഖൈബർ യുദ്ധത്തിൽ യുദ്ധാർജിത സമ്പത്തിൽ നിന്ന് ഒരു വിഹിതം അവർക്കും തിരുനബി(സ) കൊടു

ത്തു. ഈത്തപ്പഴവും ഗോതമ്പുമായിരുന്നു കിട്ടിയത്. അതിൽ നിന്ന് ഒരു മണി പോലും അവർ സ്വന്തം ആവശ്യത്തിനെടുത്തില്ല. എല്ലാം പാവങ്ങൾക്ക് വിതരണം ചെയ്യുകയായിരുന്നു.

ഖലീഫയായിരുന്ന ഉമർ(റ) അവർക്ക് ഒരിക്കൽ ഒരു സഞ്ചിയിൽ കുറെ ദിർഹമുകൾ കൊടുത്തയച്ചു. അവർ അതെല്ലാം ഉടനെ തന്നെ ആവശ്യക്കാർക്ക് ദാനം ചെയ്തു. എന്നിട്ട് പറഞ്ഞു: 'സഞ്ചിയിൽ കാരക്കയാണ് സൂക്ഷിക്കേണ്ടത്; ദിർഹമല്ല, വിശ്വാസികളിൽ നിന്നു പാരിതോഷികമായും ബൈത്തുൽമാലിൽ നിന്നുള്ള വിഹിതമായും പിന്നെയും അവർക്ക് ധാരാളം സമ്പത്ത് ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ അന്നന്നേക്കുള്ള ആവശ്യത്തിനു മാത്രമെടുത്ത് ബാക്കിയെല്ലാം അവർ ധർമ്മം ചെയ്യുകയായിരുന്നു. അടുത്ത ദിവസത്തിലേക്കുള്ളതുപോലും അവർ കരുതിവച്ചിരുന്നില്ല. അതുകൊണ്ടുതന്നെ മരണസമയത്ത് സ്വത്തെന്നു പറയാവുന്ന ഒന്നുമുണ്ടായിരുന്നില്ല അവരുടെ കൈവശം. തികച്ചും നിസ്വയായിട്ടായിരുന്നു വിയോഗം.

തിരുനബി(സ)യുടെ വിയോഗാനന്തരം പതിമൂന്നു വർഷമാണവർ ജീവിച്ചത്. ഖദീജക്കു ശേഷം തിരുനബി(സ)യോടൊപ്പം കൂടുതൽ കാലം ജീവിച്ച മഹതിയാണവർ. സൗദ(റ)യെയും ആഇശ(റ)യെയും തിരുനബി(സ) വിവാഹം ചെയ്തത് ഒരേ കാലത്തായിരുന്നെങ്കിലും അഞ്ചുകൊല്ലം കഴിഞ്ഞാണല്ലോ ആഇശ(റ) തിരുനബി(സ)യുടെ കൂടെ താമസിക്കാനെത്തിയത്. ഏറെക്കാലം ഒന്നിച്ചു കഴിഞ്ഞ സപത്നിമാരാണിരുവരും.

തിരുനബി(സ)യിൽ നിന്ന് സൗദ(റ) അഞ്ചു ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. അതിലൊന്ന് ഇമാം ബുഖാരി(റ) ഉദ്ധരിച്ചിട്ടുണ്ട്. ഉമർ(റ)വിന്റെ ഭരണാന്ത്യത്തോടടുത്ത കാലത്താണ് സൗദ(റ) ഈ ലോകത്തോട് വിട പറഞ്ഞത്.

(അവസാനിച്ചു.)

നോവൽ

മുജ്തബ നസ്വീഹ്

അസർ മുല്ലപ്പൂക്കൾ

9

‘സെയ്താലിക്കാന്റെ മോൻ പെണ്ണുകാണാൻ വരുന്നുണ്ട്. കൂടെ രണ്ടുമൂന്നാളുകളുണ്ടാകും.’

രണ്ടുദിവസം കഴിഞ്ഞപ്പോൾ വാപ്പ ഉമ്മയോട് പറയുന്നതു കേട്ടു. വല്ലാത്തൊരു പരവേശം! സത്യത്തിൽ ഈ അന്വേഷണ വിവരമറിഞ്ഞതിൽ പിന്നെ ഒരു സമാധാനവുമില്ല. എന്തോ, വല്ലാത്തൊരു വിഷമം!

ജമീലയും അവളുടെ ഇക്കയും കൂട്ടുകാരുടെ കളിയാക്കലുമൊക്കെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. അറിയാതെയാണെങ്കിലും കൂട്ടുകാരിയുടെ ഇക്ക മനസ്സിൽ കയറിപ്പറ്റിയിരുന്നുവെന്ന് ഇപ്പോഴാണ് മനസ്സിലായത്. രണ്ടുമൂന്നു പ്രാവശ്യമേ കണ്ടിട്ടുള്ളൂ. കാര്യമായി ഒന്നും സംസാരിച്ചിട്ടോ നല്ലവണ്ണം കണ്ടിട്ടോ ഇല്ല. എന്നിട്ടുമെന്തേ ഇങ്ങനെ? ആ ഇക്ക മനസ്സിലുണ്ടായിട്ടല്ലേ സെയ്താലിക്കാന്റെ മോനെ ഉൾക്കൊള്ളാൻ കഴിയാത്തത്? ഇനിയെന്തു ചെയ്യും? അവരോട് പെണ്ണുകാണാൻ വരേണ്ടെന്ന് പറയാൻ പറ്റുമോ? അങ്ങനെ പറഞ്ഞു പോയാൽ പിന്നെ ഇവിടെ എന്തൊക്കെയാണ് നടക്കുകയെന്നു പറയാൻ വയ്യ!

വാപ്പയല്ലേ എല്ലാം തീരുമാനിക്കുന്നത്. ഇപ്പോഴും റസിയക്കുട്ടിയോട് ചോദ്യമൊന്നുമില്ല. ഉമ്മയോടാണ് പറഞ്ഞത്, പെണ്ണുകാണാൻ വരുന്ന വിവരം പോലും! താനിതിലൊരു കക്ഷിയേ അല്ലാത്ത പോലെ! എങ്ങനെയാണ് പ്രതികരിക്കുക? ആരോടാണ് കാര്യങ്ങളെല്ലാമൊന്ന് തുറന്നു പറയുക?

കൂട്ടുകാരിയുടെ വരവ്

ജമീലയെ കണ്ടാൽ സംസാരിക്കാമായിരുന്നു. പക്ഷേ കോളേജ് തുടങ്ങിയതിൽ പിന്നെ അവളെ കാണാറില്ല. അല്ലെങ്കിൽ അവൾ വല്ലപ്പോഴും കാണാൻ വരാറുണ്ടായിരുന്നു. തനിക്കാണെങ്കിൽ അവളെ ചെന്ന് കാണാനുള്ള സ്വാതന്ത്ര്യവുമില്ലല്ലോ. ഉമ്മയോട് അനുവാദം ചോദിച്ചാൽ വാപ്പയോട് ചോദിക്കണമെന്ന് പറയും. വാപ്പയോട് ചോദിക്കാനാവട്ടെ ധൈര്യവുമില്ല.

വീട്ടിൽ ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. അമ്മായിയും എളേമമാരുമൊക്കെ എത്തിയിരിക്കുന്നു. അയലത്തെ ഇത്താത്തമാരും സജീവമാണ്. എല്ലാ മുഖങ്ങളിലും സന്തോഷം. തനിക്കു മാത്രം സന്തോഷിക്കാൻ കഴിയുന്നില്ലല്ലോ. അവരൊക്കെ ഇടയ്ക്കിടെ വന്നു തമാശകൾ പറയുന്നുണ്ട്, കളിയാക്കുന്നുണ്ട്. തലകുനിച്ചു കളയുകയല്ലാതെ ഒന്നും പ്രതികരിക്കാനാവാതെ ഒഴിഞ്ഞു മാറുകയായിരുന്നു അപ്പോഴൊക്കെ.

അതിനിടെ അയലത്തെ സുബിത്താത്ത വന്ന് ചെവിയിൽ ചോദിച്ചു: ‘റസിയക്കുട്ട്യേ, അന്റെ മൊഖത്തെന്താ ഒരു സന്തോഷം കാണാത്തേ? ഇഞ്ഞി മറ്റാരേങ്കിലും കണ്ടുവെച്ചിട്ട്ണ്ടോ?’

അതിന് എങ്ങനെ പ്രതികരിക്കണമെന്ന് അറിയാതെ എഴുന്നേറ്റോടിപ്പോവുകയായിരുന്നല്ലോ. അപ്പോൾ അവർ പറയുന്നത് കേട്ടു: ‘ന്റെ റബ്ബേ... കൊഴപ്പൊന്നൂണ്ടാകര്തേ!’

‘ഓളോടൊന്ന് ചമഞ്ഞിരിക്കാൻ പറയ്. അസറ് നിസ്കരിച്ചാ ഓലിങ്ങെത്തും.’ വാപ്പയുടെ കനത്ത സ്വരം കേട്ടു.

‘പറ്റ്യാല് ഞമ്മളെ ഭാഗ്യം. നല്ല ചെക്കനും നല്ല കുടുംബവുമാ’ എന്നും പറയുന്നത് കേട്ടു.

അമ്മായിയും എളാമയും വന്ന് നല്ല ഉടുപ്പണിയിച്ച് എന്തൊക്കെയോ കാര്യങ്ങൾ പറഞ്ഞു പുറത്തിറങ്ങിപ്പോയി. അവർ പറഞ്ഞതൊന്നും

അപ്പോൾ റസിയക്കുട്ടിയുടെ ഖൽ ബിലേക്കിറങ്ങിയതേയില്ല. നെഞ്ച് പെടപെടക്കുകയാണ്. നെഞ്ചുപൊട്ടി മരിച്ചുപോകുമെന്നു പോലും തോന്നി പ്പോയി.

'അതാ, ഓരിങ്ങെത്തിയല്ലോ.' പുറത്ത് വർത്തമാനങ്ങളും തിരക്കിട്ട് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന പാദ ചലനവും. എന്തൊരാവേശമാണെ ല്ലാർക്കും! കട്ടിലിന്റെ മൂലയിലേക്ക് ഒന്നുകൂടി ഒതുങ്ങിയിരുന്നു; വിറയ ലോടെ!

അപ്പോഴാണ് മുറിക്കപ്പുറത്തു നിന്നൊരു ചോദ്യം കേട്ടത്: 'റസിയ ക്കുട്ടി എവിടെയാ?'

നല്ല പരിചയമുള്ള സ്വരം. ജമീ ലയുടെ ഒച്ചയല്ലേ അത്? വെറുതെ തോന്നിയതാണോ? കൂടുതൽ ആലോ ചിക്കുന്നതിനു മുമ്പ് അവളിങ്ങെ ത്തിയല്ലോ. ഉറക്കെ ചിരിച്ചുകൊണ്ട് ജമീല!

'എടീ, നീയിപ്പോ റൂമിൽ കയറി ഒളിച്ചിരിക്കയാണോ? ഇങ്ങോട്ടു വാ ടീ.' അവൾ കൈപിടിച്ചു വലിക്കുന്നു. എന്നിട്ടും ഒരു വ്യക്തതയുമില്ല. ഈ

> **'ഇനി നിങ്ങള് സംസാരിക്ക്' എന്നുപറഞ്ഞ് ജമീല പുറത്തേക്കു നടന്നപ്പോൾ വല്ലാത്ത ഒരവസ്ഥയിലായി പ്പോയി. ഇക്ക എന്തൊക്കെ യോ ചോദിച്ചു; ഒറ്റവാക്കിൽ മറുപടിയും കൊടുത്തു. 'എന്നെ ഇഷ്ടമായോ' എന്ന ചോദ്യത്തിന് 'പെരുത്തിഷ്ടാണ്' എന്നു പറയാൻ മോഹമു ണ്ടായിരുന്നു. പക്ഷേ, നാവ് ചലിച്ചില്ല. വെറുമൊരു മൂളലി ലൊതുക്കി പ്രതികരണം.**

പെണ്ണുകാണൽ ചടങ്ങിൽ ജമീ ലയെന്തിനാണു വന്നത്? അവൾ ആ ചെക്കന്റെ ആരാ?

'റസിയക്കുട്ട്യേ, ഇക്കയും ഞാനും ഉമ്മയുമൊക്കെ നി ന്നെ എത്രയോ വട്ടം കണ്ടതാ. എന്നാലും, ഈ ചടങ്ങ് വേണ ല്ലോന്ന് വിചാരിച്ചു വന്നതാ.'

അവളുടെ വാക്കുകൾ വിശ്വസിക്കാൻ കഴിയുന്നില്ല. അപ്പോൾ അവളുടെ ഇക്ക തന്നെയാണോ പെണ്ണുകാണാൻ വന്ന ചെക്കൻ? മനസ്സൊന്നു കുളിർത്തു. ഇതുവരെ സഹിച്ച നൊമ്പരങ്ങളെല്ലാം ആവിയായി പ്പോയതു പോലെ!

പിന്നെ ചിരിയായി; പൊട്ടി ച്ചിരിയായി. അതിനിടെ ചോ ദിക്കാതിരിക്കാൻ കഴിഞ്ഞില്ല: 'അപ്പോ ജമീല ന്റെ നാത്തൂനാ വ്വാല്ലേ?'

'ങാ... നാത്തൂൻപോരൊക്കെ ണ്ടാവൂന്ന് കരുതിക്കോ.'

ഗൗരവത്തിലാണ് ജമീല ഇങ്ങനെ പറഞ്ഞത്. അപ്പോൾ അന്ന് സ്കൂളിൽ വച്ച് ഉണ്ടായ വർത്തമാനങ്ങൾ മനസ്സിൽ തെ

ളിഞ്ഞു.

അങ്ങനെ കഥകൾ പറഞ്ഞിരിക്കുമ്പോഴാണ് അവളുടെ ഇക്ക കടന്നു വന്നത്; നിറഞ്ഞ ചിരിയുമായി. ആ മുഖത്തേക്ക് ഒന്നേ നോക്കിയുള്ളൂ, നാണം കൊണ്ട് തലകുനിഞ്ഞു പോയി.

'ഇനി നിങ്ങള് സംസാരിക്ക്' എന്നുപറഞ്ഞ് ജമീല പുറത്തേക്കു നടന്നപ്പോൾ വല്ലാത്ത ഒരവസ്ഥയിലായിപ്പോയി. ഇക്ക എന്തൊക്കെയോ ചോദിച്ചു; ഒറ്റവാക്കിൽ മറുപടിയും കൊടുത്തു. 'എന്നെ ഇഷ്ടമായോ' എന്ന ചോദ്യത്തിന് 'പെരുത്തിഷ്ടാണ്' എന്നു പറയാൻ മോഹമുണ്ടായിരുന്നു. പക്ഷേ, നാവ് ചലിച്ചില്ല. വെറുമൊരു മൂളലിലൊതുക്കി പ്രതികരണം.

അതൊക്കെ ഓർക്കുമ്പോൾ കൗതുകം. അന്നീ റസിയയുടെ മാനസികാവസ്ഥകൾ എങ്ങനെയൊക്കെയായിരുന്നോ ആവോ?

**** **** ****

ഇക്കയോടൊത്തുള്ള ആദ്യരാവുകളുടെ മധുരം നുണഞ്ഞതോർത്ത് നിർവൃതിയിലായിരിക്കുമ്പോഴാണ് മോള് വന്നു വിളിച്ചത്: 'ഉമ്മാ, ഇതാരാ വന്നതെന്നു നോക്കിയേ...'

മധുരാനുഭൂതിയിലേറ്റ ഉറുമ്പുകടിയായിത്തോന്നി മകളുടെ വാക്കുകൾ. നീരസത്തോടെയാണ് ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് വരാന്തയിലേക്ക് നടന്നത്. വരാന്തയിൽ ചിരിച്ചുകൊണ്ട് നിൽക്കുന്നു ജമീല! എത്രയോ കാലത്തിനു ശേഷമാണ് കാണുന്നത്. അവൾ കൈ നീട്ടി മുന്നോട്ടാഞ്ഞു കെട്ടിപ്പിടിച്ചപ്പോൾ എല്ലാ നിയന്ത്രണവും വിട്ടുപോയി. പൊട്ടിക്കരഞ്ഞു പോയ നിമിഷങ്ങൾ.

'ജമീലാ, നീ എപ്പോ വന്നു?'

'ഇന്നു രാവിലെ എത്തിയതേയുള്ളൂ റസിയക്കുട്ടീ.'

അവളുടെ സ്വരം ഇടറിയിരുന്നു. ദുർബലമായിരുന്നു. അകത്തേക്ക് കൂട്ടിക്കൊണ്ടുവന്ന് കസേരയിലിരുത്തി അവളെ ആകെയൊന്നു നിരീക്ഷിച്ചു. എത്ര മാറിപ്പോയി എന്റെ പ്രിയപ്പെട്ട കൂട്ടുകാരി ജമീല! മെലിഞ്ഞ് ചുളിവു വീണ മുഖം. തിളക്കം നഷ്ടപ്പെട്ട കണ്ണുകൾ. മക്കനക്കരികിലൂടെ തലയിലെ വെള്ളിനൂലുകൾ പുറത്തേക്കെത്തി നോക്കുന്നു. ആകെക്കൂടി വല്ലാത്തൊരു കാഴ്ച!

അവളും തന്നെത്തന്നെ നോക്കിയിരിക്കുകയാണ്. മുഖത്തും കൈകളിലും ഉടലിലുമൊക്കെ അവളുടെ കണ്ണുകൾ പാറിക്കളിക്കുമ്പോൾ എന്തോ ഒരു വല്ലായ്മ. അല്പനേരത്തെ മൗനത്തിനു ശേഷമാണ് വർത്തമാനങ്ങൾ ചോദിക്കണമെന്ന ബോധമുണ്ടായത്.

'ജമീലാ, നീ ഒറ്റയ്ക്കാണോ വന്നത്?'

'അല്ല, മൂത്ത മോനുമുണ്ട്.'

'എന്നിട്ട് അവനെവിടെ?'

'തറവാട്ടിൽ തന്നെയുണ്ട്.'

'എന്തൊക്കെയാണ് നിന്റെ വർത്തമാനങ്ങൾ?'

അതിനു മറുപടിയായി അവൾ തലയും ചുമലുമൊന്നു വെട്ടിച്ചതേയുള്ളൂ.

'ജമീലാ, നീ എപ്പോ വന്നു?'
'ഇന്നു രാവിലെ എത്തിയതേയുള്ളൂ റസിയക്കുട്ടീ.' അവളുടെ സ്വരം ഇടറിയിരുന്നു. ദുർബലമായിരുന്നു. അകത്തേക്ക് കൂട്ടിക്കൊണ്ടുവന്ന് കസേരയിലിരുത്തി അവളെ ആകെയൊന്നു നിരീക്ഷിച്ചു. എത്ര മാറിപ്പോയി എന്റെ പ്രിയപ്പെട്ട കൂട്ടുകാരി ജമീല! മെലിഞ്ഞ് ചുളിവു വീണ മുഖം. തിളക്കം നഷ്ടപ്പെട്ട കണ്ണുകൾ. മക്കനക്കരികിലൂടെ തലയിലെ വെള്ളിനൂലുകൾ പുറത്തേക്കെത്തി നോക്കുന്നു. ആകെക്കൂടി വല്ലാത്തൊരു കാഴ്ച!

പുതിയതായി ഒന്നുമില്ലെന്നർത്ഥം. എന്നുപറഞ്ഞാൽ അവളിപ്പോഴും ദുരിതം തിന്നുകൊണ്ടിരിക്കുകയാണ്. പാവം ജമീല! എത്ര ചുറുചുറുക്കും സാമർത്ഥ്യവുമുള്ള പെൺകുട്ടിയായിരുന്നു അവളന്ന്! പഠനത്തിൽ മാത്രമല്ല; എല്ലാ മേഖലകളിലും അവളെ കവച്ചുവെക്കാൻ ആരുമുണ്ടായിരുന്നില്ലല്ലോ. അവളുമായുള്ള കൂട്ടുകെട്ട് കൊതിക്കാത്ത ആരുമുണ്ടായിരുന്നില്ല സ്കൂളിൽ. കൂട്ടുകാർക്കിടയിലുള്ള ഏതു പ്രശ്നവും പരിഹരിക്കാനും സ്നേഹക്കണ്ണികൾ വിളക്കിച്ചേർക്കാനും മിടുക്കിയായിരുന്നു അവൾ. ഇന്നോ? പ്രശ്നങ്ങളുടെ ചുഴിയിലകപ്പെട്ടു മുങ്ങിത്താഴുകയാണവൾ. ഇനി ആർക്കും പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ. വിധി അവൾക്കൊരുക്കിവെച്ചത് ഇങ്ങനെയൊരു ജീവിതമായിപ്പോയല്ലോ.

'റസിയക്കുട്ടീ, നീ ഇങ്ങനെ നോക്കിയിരുന്നു വീർപ്പു മുട്ടിക്കാതെ എന്തെങ്കിലുമൊക്കെ പറ. മനസ്സിനൊരു സമാധാനം കിട്ടാൻ.'

ജമീലയുടെ വാക്കുകളാണ് വിചാരങ്ങൾക്കറുതി വരുത്തിയത്.

'ഓ... പോട്ടെ, ഞാൻ അന്നത്തെ സ്കൂളിലെ കഥകളൊക്കെ ആലോചിച്ചുപോയതാ...'

'അതൊന്നും ഇനി ഓർത്തിട്ട് കാര്യല്ലല്ലോ, കഴിഞ്ഞതൊക്കെ കഴിഞ്ഞുപോയി.'

'എന്നാലും ജമീലാ, ഇടയ്ക്ക് അതൊക്കെ ഓർക്കുന്നത് ഒരു രസമല്ലേ?'

'നിനക്കങ്ങനെയായിരിക്കാം. എന്നാൽ, എനിക്കതൊന്നും ഓർക്കാനേ വയ്യെടീ.'

'എന്നാ വേണ്ട. നമ്മൾക്ക് മറ്റെന്തെങ്കിലും വർത്തമാനം പറയാം. സുബിമോൾക്ക് സുഖമല്ലേ?'

'ഓ.... അവൾക്കൊരു വിധം സുഖം. നമ്മെപ്പോലെയൊന്നുമല്ല; ഓൻ സ്നേഹള്ളോനാ.'

'അതുണ്ടായാൽ മതി. പണവും പത്രാസുമൊന്നുമുണ്ടായിട്ട് വലിയ കാര്യല്ലല്ലോ.'

'വർത്തമാനങ്ങൾ തുടരുന്നതിനിടയിലാണ് മകൾ വന്നു വിളിച്ചത്: 'ഉമ്മാ ചായ എടുത്ത്ക്ക്ണ്.'

(തുടരും)

ആത്മികം

ബുജൈർ ചെട്ടിപ്പടി

അസൂയ ഒരു ഹൃദ്രോഗം

അത്യാഗ്രഹിക്ക് അസൂയക്കാരനായ ഒരു സുഹൃത്തുണ്ടായിരുന്നു. ഒരിക്കൽ അത്യാഗ്രഹി തപസ്സനുഷ്ഠിക്കാൻ വനത്തിലേക്കു പുറപ്പെട്ടു. തപസ്സിലൂടെ ദൈവത്തെ തൃപ്തനാക്കി കൂടുതൽ സമ്പന്നനാകണമെന്നതായിരുന്നു ലക്ഷ്യം. അയാൾ ധ്യാനമാരംഭിച്ചപ്പോഴാണ് അസൂയക്കാരൻ അതുവഴി വന്നത്. അത്യാഗ്രഹിയുടെ ലക്ഷ്യമറിഞ്ഞ അസൂയക്കാരനും തൊട്ടപ്പുറത്തിരുന്ന് തപസ്സാരംഭിച്ചു. ഉഗ്രതപസ്സുതന്നെ! തപസ്സിൽ സംപ്രീതനായ ദൈവം പ്രത്യക്ഷപ്പെട്ടു പറഞ്ഞു: 'ആവശ്യമുള്ള വരം ചോദിച്ചോളൂ. ഞാൻ നൽകാം. പക്ഷേ, ഒരുപാധിയുണ്ട്; ആദ്യം ചോദിക്കുന്നവർക്കു ലഭിക്കുന്നതിന്റെ ഇരട്ടിയാണ് രണ്ടാമതു ചോദിക്കുന്നയാൾക്കു ലഭിക്കുക.'

രണ്ടുപേരും ദീർഘമൗനത്തിലമർന്നു. ആരും വരം ചോദിച്ചില്ല. അസൂയക്കാരൻ ആദ്യം ചോദിക്കട്ടെ എന്ന് അത്യാഗ്രഹി കരുതി; അസൂയക്കാരൻ തിരിച്ചും. ഒടുവിൽ അസൂയക്കാരൻ മൗനം ഭഞ്ജിച്ചു ദൈവത്തോട് വിനയപുരസ്സരം ആവശ്യപ്പെട്ടു: 'എന്റെ ഒരു കണ്ണിന്റെ കാഴ്ച നീ ഇല്ലാതാക്കണം.'

അസൂയ കഠിനമായ ദുഷ്ടതയാണ്. മറ്റുള്ളവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ നശിച്ചുകാണാൻ മോഹിക്കുക, മറ്റുള്ളവർ നന്നാവുന്നതിൽ അസഹിഷ്ണുതയുണ്ടാവുക, ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്ക് ലഭിക്കാതിരിക്കാൻ ആഗ്രഹിക്കുക എന്നിവയെല്ലാം അസൂയയുടെ വിവിധ തരങ്ങളാണ്. ഭൂരിഭാഗം കൊലപാതകങ്ങളുടെയും പ്രേരകം അസൂയയാണ്. അവൻ എന്നെക്കാൾ കൂടുതൽ സമ്പാദിക്കുന്നു, ഉമ്മാക്ക് എന്നെക്കാൾ സ്നേഹം ഇക്കയോടാണ്, അവൻ എന്നെക്കാളേറെ മറ്റുള്ളവരെ സ്നേഹിക്കുന്നു തുടങ്ങിയ അസൂയ മുറ്റിയ ചിന്തകൾ കൊലപാതകങ്ങളിലേക്കു പോലും നയിച്ചേക്കാം. ലോകത്തെ ആദ്യത്തെ കൊലപാതകം അസൂയ കാരണമായിരുന്നല്ലോ. ആദം നബി(അ)ന്റെ മകൻ ഖാബീൽ ഹാബീലിനെ വധിക്കുകയായിരുന്നു. ആദംനബി(അ)ന് സുജൂദ് ചെയ്യാൻ ഇബ്‌ലീസ് വിസമ്മതിച്ചതും അസൂയ കാരണമായിരുന്നു.

'കഴിഞ്ഞുപോയ സമൂഹത്തിനുണ്ടായിരുന്ന രോഗം എന്റെ സമുദായത്തെയും ബാധിക്കും' എന്ന് നബി(സ) പറഞ്ഞപ്പോൾ സ്വഹാബികൾ ചോദിച്ചു: 'ഏതു രോഗമാണത്?' അവിടുന്ന് പ്രതി

> അസൂയ കഠിനമായ ദുഷ്ടതയാണ്. മറ്റുള്ളവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ നശിച്ചുകാണാൻ മോഹിക്കുക, മറ്റുള്ളവർ നന്നാവുന്നതിൽ അസഹിഷ്ണുതയുണ്ടാവുക, ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്ക് ലഭിക്കാതിരിക്കാൻ ആഗ്രഹിക്കുക എന്നിവയെല്ലാം അസൂയയുടെ വിവിധ തരങ്ങളാണ്. ഭൂരിഭാഗം കൊലപാതകങ്ങളുടെയും പ്രേരകം അസൂയയാണ്.

ഹൃദയമാണ് അസൂയയുടെ പ്രഭവകേന്ദ്രം. ഹൃദയം നന്നായാൽ ശരീരം മുഴുവൻ നന്നാകുമെന്നും മലിനമായാൽ ശരീരം മുഴുവൻ മലിനമാകുമെന്നും തിരുനബി(സ) പറഞ്ഞിട്ടുണ്ടല്ലോ. ഒരാൾ ഹസനുൽബസരി(റ)യോട് പരിഭവം പറഞ്ഞു: ‘എനിക്ക് പലരോടും അസൂയ തോന്നുന്നു. എന്തു ചെയ്യും?’ മഹാനവർകൾ മറുപടി പറഞ്ഞു: ‘അതിനെ നീ മറച്ചു വെക്കണം. പ്രകടമാക്കുന്നില്ലെങ്കിൽ നിനക്കത് കൂടുതൽ ദോഷമായി ഭവിക്കില്ല.’ അസൂയ ഗൗരവമേറിയ പാപമാണ്.

കരിച്ചു: ‘അഹങ്കാരം, പരസ്പരമത്സരം, അകൽച്ച, അസൂയ തുടങ്ങിയവയാണാ ഹൃദയരോഗങ്ങൾ.’

മറ്റൊരാളോട് അസൂയയും വെറുപ്പുമില്ലാത്തവർക്ക് സ്വർഗമാണ് പ്രതിഫലം. ഒരിക്കൽ നബി(സ) പറഞ്ഞു: ‘സ്വർഗ്ഗാവകാശിയായ ഒരാൾ ഇപ്പോൾ ഇങ്ങോട്ടുവരും.’ വൈകാതെ ഒരു അൻസ്വാരീ സ്വഹാബി അവിടേക്ക് കടന്നുവന്നു. നബി(സ) ഇപ്രകാരം മൂന്നുദിവസം പറഞ്ഞപ്പോഴും ആദ്യമായി കടന്നുവന്നത് ആ അൻസ്വാരിസഹോദരൻ തന്നെയായിരുന്നു. അബ്ദുല്ലാഹിബ്നു അംറ്(റ) എന്ന സ്വഹാബി ആ അൻസ്വാരി സ്വർഗാവകാശിയാകാനുള്ള കാരണമന്വേഷിക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ആരാധനാകർമങ്ങൾ മനസ്സിലാക്കാൻ മൂന്നുദിവസം കൂടെക്കൂടി. പതിവിൽ കവിഞ്ഞൊന്നും കണ്ടെത്താൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം അൻസ്വാരിയോട് കാര്യം തുറന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ‘ഐച്ഛികമായ ആരാധനകൾ അധികമൊന്നും ചെയ്യാനെനിക്കു കഴിയാറില്ല. നിങ്ങൾ കണ്ട ആരാധനകൾ മാത്രമാണെന്റെ സമ്പാദ്യം. പക്ഷേ, എന്റെ ഹൃദയം ശുദ്ധമാണ്. അസൂയയോ വെറുപ്പോ കപടവിശ്വാസമോ എന്റെ ഹൃദയത്തിലില്ല.’

ഹൃദയമാണ് അസൂയയുടെ പ്രഭവകേന്ദ്രം. ഹൃദയം നന്നായാൽ ശരീരം മുഴുവൻ നന്നാകുമെന്നും മലിനമായാൽ ശരീരം മുഴുവൻ മലിനമാകുമെന്നും തിരുനബി(സ) പറഞ്ഞിട്ടുണ്ടല്ലോ. ഒരാൾ ഹസനുൽബസരി(റ)യോട് പരിഭവം പറഞ്ഞു: ‘എനിക്ക് പലരോടും അസൂയ തോന്നുന്നു. എന്തു ചെയ്യും?’ മഹാനവർകൾ മറുപടി പറഞ്ഞു: ‘അതിനെ നീ മറച്ചു വെക്കണം. പ്രകടമാക്കുന്നില്ലെങ്കിൽ നിനക്കത് കൂടുതൽ ദോഷമായി ഭവിക്കില്ല.’ അസൂയ ഗൗരവമേറിയ പാപമാണ്. അസൂയാലുവിന്റെ ഹൃദയം എപ്പോഴും കഠിനമായിരിക്കും. ക്ഷമിക്കുക, മാപ്പ് നൽകുക തുടങ്ങിയ സൽസ്വഭാവങ്ങൾ ആ ഹൃദയത്തിൽ നിന്ന് മാഞ്ഞുപോകും. ദോഷൈകദൃക്കുകളായിത്തീരും അവർ.

പരലോകത്ത് വിചാരണ നടക്കുന്നതിനു മുമ്പുതന്നെ നരകശിക്ഷ നുണയുന്ന ആറു വിഭാഗങ്ങളിലൊന്ന് അസൂയാലുവായ പണ്ഡിതനാണ്.

സത്യനിഷേധികൾ നബി(സ)യെ അംഗീകരിക്കാതിരിക്കാൻ കാരണം അസൂയയും അഹംഭാവവുമായിരുന്നു. നബി(സ)യെ അവർക്ക് നന്നായറിയാമായിരുന്നല്ലോ. അബൂജഹ്ൽ ഒരിക്കൽ പറഞ്ഞു: ‘മുഹമ്മദ്, താങ്കൾ സത്യസന്ധനും വിശ്വസ്തനുമാണെന്ന് എനിക്കറിയാം. പക്ഷേ, താങ്കൾ കൊണ്ടുവന്ന മതം വിശ്വസിക്കാൻ എനിക്കാവില്ല.’ നബി(സ) നന്മ പ്രചരിപ്പിക്കുന്ന, തിന്മ നിരോധിക്കുന്ന ഉത്തമമനുഷ്യനാണെന്ന പൂർണ്ണ ബോധ്യമുണ്ടായിരിക്കെ അവർ ധിക്കരിക്കാ

നും അക്രമിക്കാനുമുള്ള കാരണം മറ്റു ചിലതായിരുന്നു. തിരുനബി(സ)യുടെ അനാഥത്വമാണ് അതിലൊന്ന്. മക്കയിലെ പ്രമാണിവർഗമെന്ന് സ്വയം അഹംഭാവം നടിച്ച സത്യനിഷേധികളെ സംബന്ധിച്ചിടത്തോളം അനാഥനായ മുഹമ്മദ്(സ) നേതാവാകുന്നത് അവർക്ക് അസഹ്യമായിരുന്നു. അനാഥനായ മുഹമ്മദിനു വഴിപ്പെടുന്നത് തങ്ങളുടെ പ്രതാപത്തിന് യോജിക്കുന്നതല്ലെന്ന് സത്യനിഷേധികൾ കരുതി. ആഗ്രഹിക്കുന്നത് നഷ്ടപ്പെടുമെന്ന ഭയം, പദവികളും സ്ഥാനമാനങ്ങളും ലഭിക്കണമെന്ന ആഗ്രഹം ഇവയെല്ലാം അസൂയയുടെ കൈവഴികൾ തന്നെ.

ബദ്ർ യുദ്ധവേളയിൽ അബൂജഹ്‌ലും അഖ്നസും തനിച്ചായപ്പോൾ അഖ്നസ് ചോദിച്ചു: 'അബുൽഹകം, ഈ മുഹമ്മദ് ശരിക്കും സത്യവാനോ, നുണയനോ? നമ്മുടെ സംസാരം നീയും ഞാനുമല്ലാതെ മറ്റൊരാളും കേൾക്കുന്നില്ലല്ലോ.'

അബൂജഹ്ൽ മറുപടി പറഞ്ഞു: 'എന്തുപറയണം അഖ്നസ്, മുഹമ്മദ് സത്യവാനാണ്. ഒരിക്കൽ പോലും അവൻ കള്ളം പറഞ്ഞിട്ടില്ല. പിന്നെ, താങ്കൾക്കറിയില്ലേ, കൊടിയും കഅ്ബ സന്ദർശിക്കാൻ വരുന്നവർക്ക് പാനീയം കൊടുക്കാനുള്ള അധികാരവുമെല്ലാം ബനൂഖുസയ്യ് ഗോത്രത്തിനാണ്. പ്രവാചകത്വം കൂടി അവരുടെ കുടുംബത്തിനു ലഭിച്ചാൽ പിന്നെ ഖുറൈശികൾക്ക് എന്താണ് ബാക്കിയുണ്ടാവുക?'

ആരോടാണോ അസൂയ കാണിക്കുന്നത്, ആ മനുഷ്യന്റെ സ്ഥാനമാനങ്ങൾ അസൂയ കാരണം നഷ്ടപ്പെടുന്നില്ല. അസൂയാലുവിന്റെ കാര്യമാണ് ദുഃഖകരം. മറ്റുള്ളവരുടെ ഉയർച്ചയും സ്ഥാനവും ആലോചിച്ച് അവൻ അസ്വസ്ഥരാകുന്നു. ഒരുകാലത്തും മനസ്സിന് സന്തോഷം ലഭിക്കില്ല. അസ്മഈ പറയുന്നു: 'ഒരു മലഞ്ചരുവിൽ നൂറ്റിയിരുപത് വയസ്സ് പ്രായമുള്ള ഒരു വൃദ്ധനെ ഞാൻ കാണാനിടയായി. ആരോഗ്യവാനായിരുന്നു അദ്ദേഹം. ആരോഗ്യത്തിന്റെ രഹസ്യമാരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ അസൂയ ഒഴിവാക്കി. ശരീരത്തിനത് മികച്ച ആരോഗ്യം നൽകി.'

ഹുദൈഫ(റ) പ്രതിഭാശാലിയായ സ്വഹാബിയാണ്. ഒരിക്കൽ ജനങ്ങൾക്ക് ഇമാമായി നിസ്കരിച്ച ശേഷം അദ്ദേഹം ജനങ്ങളോട് പറഞ്ഞു: 'നിങ്ങൾ മറ്റൊരു ഇമാമിനെ അന്വേഷിക്കുക. അതിന് സാധിക്കുന്നില്ലെങ്കിൽ ഒറ്റയ്ക്ക് നിസ്കരിക്കുക. കാരണം, ഞാൻ ഇമാമായി നിസ്കരിച്ചപ്പോൾ ഒരു നിമിഷം എന്റെ മനസ്സിൽ ഞാൻ തരക്കേടില്ലെന്ന ചിന്ത കടന്നുവന്നു.' സമൂഹത്തിലുള്ള നേതാക്കൾ പ്രത്യേകിച്ചും അഹംഭാവവും അസൂയയും വന്നുചേരാതെ ശ്രദ്ധിക്കേണ്ടതുണ്ട്.

അസൂയ ഈമാൻ നഷ്ടപ്പെടാൻ കാരണമാകുമെന്ന് തിരുനബി(സ) പഠിപ്പിക്കുന്നു: 'നിഷിദ്ധമായ ഭക്ഷണം കഴിക്കുന്നവർ, പരദൂഷണം പറയുന്നവർ, അസൂയാലുക്കൾ എന്നിവർക്ക് അല്ലാഹുവിൽ നിന്ന് ഉത്തരം ലഭിക്കുകയില്ല.' ഒരിക്കൽ അബ്ദുൽമലിക് ഹജ്ജാജുബ്നു യൂസുഫിനോട് പറഞ്ഞു: 'താങ്കളുടെ ന്യൂനത എന്താണെന്നു പറഞ്ഞുതരണം.' 'എന്നെ വിട്ടേക്കൂ എന്നായിരുന്നു ഹജ്ജാജിന്റെ പ്രതികരണം.' അബ്ദുൽമലിക് വീണ്ടും നിർബന്ധിച്ചപ്പോൾ ഹജ്ജാജ് പറഞ്ഞു: 'ഞാൻ അസൂയയും കടുത്ത വൈരാഗ്യവും പ്രകടിപ്പിക്കുന്നവനാണ്. അസൂയ എന്നിൽ ഉണങ്ങാത്ത മുറിവുകൾ സൃഷ്ടിച്ചിരിക്കുന്നു.'

അറിയാതെയാണ് അസൂയ നമ്മിൽ രൂപപ്പെടുക. എനിക്കത്യാവശ്യം അറിവുണ്ട്, ഞാൻ തരക്കേടില്ല തുടങ്ങിയ അഹംഭാവമനോഭാവം നമ്മെ അസൂയയിലേക്കെത്തിക്കും. ഇത്തരം അഹംഭാവ മനോഭാവം മനസ്സിൽ രൂപപ്പെടുന്നത് മഹാന്മാർ ഭയപ്പെട്ടിരുന്നു. ഹുദൈഫ(റ) പ്രതിഭാശാലിയായ സ്വഹാബിയാണ്. ഒരിക്കൽ ജനങ്ങൾക്ക് ഇമാമായി നിസ്കരിച്ച ശേഷം അദ്ദേഹം ജനങ്ങളോട് പറഞ്ഞു: 'നിങ്ങൾ മറ്റൊരു ഇമാമിനെ അന്വേഷിക്കുക. അതിന് സാധിക്കുന്നില്ലെങ്കിൽ ഒറ്റയ്ക്ക് നിസ്കരിക്കുക. കാരണം, ഞാൻ ഇമാമായി നിസ്കരിച്ചപ്പോൾ ഒരു നിമിഷം എന്റെ മനസ്സിൽ ഞാൻ തരക്കേടില്ലെന്ന ചിന്ത കടന്നുവന്നു.' സമൂഹത്തിലുള്ള നേതാക്കൾ പ്രത്യേകിച്ചും അഹംഭാവവും അസൂയയും വന്നുചേരാതെ ശ്രദ്ധിക്കേണ്ടതുണ്ട്.

അഹംഭാവത്തിൽ നിന്ന് മുക്തി നേടുന്നതിന് ഇമാം ഗസ്സാലി(റ) രണ്ടു മാർഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഒന്ന്: മനുഷ്യൻ സ്വശരീരത്തെക്കുറിച്ചും അല്ലാഹുവിനെക്കുറിച്ചും പഠിക്കുക. നാം വളരെ ദുർബലരാണെന്ന ബോധം അത് രൂപപ്പെടുത്തും. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: 'മനുഷ്യൻ തന്റെ പൂർവ്വസ്ഥിതിയെക്കുറിച്ച് ആലോചിക്കുന്നില്ല. വെറുപ്പുളവാക്കുന്ന ഒരു ബീജകണത്തിൽ നിന്നാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ശേഷം ഗർഭാശയത്തിൽ നിന്ന് പുറത്തുകൊണ്ടുവരുകയും ജീവിതമാർഗ്ഗത്തിനുള്ള വഴികൾ ലഘൂകരിച്ചു കൊടുക്കുകയും ചെയ്തു. തന്റെ ഉത്ഭവം, അന്ത്യം തുടങ്ങിയവയെക്കുറിച്ച് മനുഷ്യർ ചിന്തിച്ചുനോക്കട്ടെ.

സൻമാർഗികളുടെ ജീവിതം ഗ്രഹിക്കുക എന്നതാണ് രണ്ടാമത്തെ മാർഗം. നബി(സ) നിലത്തിരുന്ന് ഭക്ഷണം കഴിക്കുകയും അല്ലാഹുവിന്റെ ഒരു വിനീത ദാസൻ മാത്രമാണ് താനെന്ന് ആവർത്തിച്ചു പറയുകയും ചെയ്തിരുന്നു.

? ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

ഇൻഷൂറൻസ് തുക സ്വീകരിക്കാമോ?

ചോദ്യം: ഉള്ഹിയ്യത്തിന്റെ മാംസം ഇതരമതസ്ഥർക്ക് കൊടുക്കാൻ പാടില്ലെന്നാണല്ലോ നിയമം. അയൽവാസികളായ ഇതരമതസ്ഥർക്ക് കൊടുക്കുന്നതിനും ഇതേ വിധിയാണോ ഉള്ളത്?
ത്വാഹിറ സത്താർ
എരുമേലി

ഉത്തരം: സകാത്, ഉള്ഹിയ്യത് തുടങ്ങിയവ മതപരമായ കർമങ്ങളാണ്. സകാത്ത് പോലെത്തന്നെ വിശ്വാസികൾക്ക് മാത്രം നൽകേണ്ടതാണ് ഉള്ഹിയ്യത്ത്. അയൽവാസികളായാലും ഇതരമതസ്ഥർക്കത് നൽകാൻ പാടില്ല.

ചോദ്യം: ഉള്ഹിയത്തിന്റെ ഇറച്ചി ഒരുപാട് ദിവസം സൂക്ഷിച്ചുവെക്കുന്നത് കുറ്റകരമാണെന്ന് ഒരു പ്രഭാഷണത്തിൽ കേട്ടു. അത് ശരിയാണോ?
സമീറ സൽമാൻ
കുവൈത്ത്

ഉത്തരം: ഉള്ഹിയത്തിന്റെ മാംസം സൂക്ഷിച്ചുവെക്കാവുന്നതാണ്. മൂന്നു ദിവസത്തിലധികം ഉള്ഹിയത്തിന്റെ മാംസം ഭക്ഷിക്കരുതെന്ന് ആദ്യകാലത്ത് നബി(സ) വിലക്കിയിരുന്നു. പിന്നീട് ആ വിലക്ക് നീക്കുകയും നിങ്ങൾ 'ഉള്ഹിയത്തിന്റെ മാംസം സൂക്ഷിച്ചുവെച്ചോളൂ' എന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഇമാം മുസ്‌ലിം, അഹ്മദ് എന്നിവർ ഇത് നിവേദനം ചെയ്തിട്ടുണ്ട്. ഉള്ഹിയത്തിന്റെ മാംസം സൂക്ഷിച്ചുവെക്കാവുന്നതാണെന്നതിന് വേറെയും ധാരാളം ഹദീസുകൾ തെളിവായുണ്ട്. മുസ്‌ലിം ഉമ്മത്തിന്റെ ഏകോപനാഭിപ്രായവും (ഇജ്മാഅ്) സൂക്ഷിച്ചുവെക്കാമെന്നാണ്. (അൽബഹ്റുർറാഇഖ് 17/142)

ചോദ്യം: അയൽവാസിയായ മുബ്തദിഅ് ഉള്ഹിയത്തിന്റെ മാംസം തന്നാൽ അതു സ്വീകരിക്കുന്നതിന്റെ വിധി എന്താണ്?
അബ്ദുൽ ജബ്ബാർ, കുമളി

ഉത്തരം: ബിദ്അത്തുകാരുമായി എല്ലാ നിലക്കും നിസ്സഹകരണം വേണമെന്നത് ദീനിന്റെ നിയമമാണല്ലോ. തദടിസ്ഥാനത്തിൽ അവരിൽ നിന്ന് ഉള്ഹിയത്തിന്റെ മാംസം സ്വീകരിക്കാതിരിക്കുകയാണ് വേണ്ടത്. സ്വീകരിക്കുന്ന പക്ഷം പിന്നീടത് അവരുമായി പലനിലക്കുമുള്ള സഹകരണത്തിനു കാരണമായേക്കാം.

ചോദ്യം: വാഹനാപകടങ്ങളിൽ ലഭിക്കുന്ന ഇൻഷുറൻസ് തുക വാങ്ങുന്നതിന്റെ വിധി എന്താണ്?
സ്വാലിഹ് പൊന്നാനി

ഉത്തരം: പഴയകാലത്ത് വ്യാപാരികൾ ചരക്കുകൾ കൊണ്ടുപോകാനായി വാഹനങ്ങൾ വാടകക്കെടുക്കുമ്പോൾ പ്രസ്തുത ചരക്കുകൾക്ക് വല്ല നാശനഷ്ടവും സംഭവിച്ചാൽ നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ടി 'സൗക്കറ' എന്ന പേരിൽ ഒരു നിശ്ചിതതുക ഒരാളെ ഏൽപ്പിക്കുന്ന പതിവുണ്ടായിരുന്നു. ചരക്കുകൾ മുങ്ങിയോ, തീപിടിച്ചോ, അപഹരിക്കപ്പെട്ടോ മറ്റോ നഷ്ടപ്പെട്ടാൽ പ്രസ്തുത വ്യക്തി വ്യാപാരികളിൽ നിന്ന് സ്വരൂപിക്കുന്ന തുകക്കുപകരം നഷ്ടപരിഹാരം നൽകുകയും ചെയ്തിരുന്നു. ഈ ഇടപാടിൽ ബന്ധപ്പെടാനോ അതിലൂടെ ലഭിക്കുന്ന നഷ്ടപരിഹാരം കൈപ്പറ്റാനോ പാടില്ലെന്ന് ഇമാം ഇബ്നുആബിദീനുശ്ശാമീ റദ്ദുൽമുഹ്താറിൽ (4/170) രേഖപ്പെടുത്തിയിട്ടുണ്ട്. ആധുനിക ഇൻഷുറൻസ് സംവിധാനങ്ങളുടെ എല്ലാ ഇനങ്ങളും പഴയകാലത്തെ പ്രസ്തുത സംവിധാനത്തിനു സമാനമായതിനാൽ ഒരു തരം ഇൻഷുറൻസ് പദ്ധതിയുമായും ബന്ധപ്പെടാനോ അതുവഴി ലഭിക്കുന്ന നഷ്ടപരിഹാരം കൈപ്പറ്റാനോ പാടില്ല.

ചോദ്യം: നിസ്കാരത്തിനു നേതൃത്വം നൽകുമ്പോൾ ഇമാം മിഹ്റാബിൽ നിന്ന് നിസ്കരിക്കുന്നതിന്റെ വിധിയെന്ത്?
സ്വലാഹുദ്ദീൻ, ഈരാറ്റുപേട്ട

ഉത്തരം: ഇമാം പള്ളിയിൽ നിന്നു കൊണ്ട് മിഹ്റാബിൽ സുജൂദ് ചെയ്യുന്നതിൽ വിരോധമില്ല. എന്നാൽ, മിഹ്റാബിന്റെ ഉള്ളിലേക്കു കയറി നിൽക്കൽ കറാഹത്താണ്. ഇമാമിനു മാത്രമായി പ്രത്യേകസ്ഥലം നിശ്ചയിക്കുക എന്ന മറ്റു വേദക്കാരുടെ ആചാരവുമായി സാമ്യമുള്ളതിനാലാണ് ഇത് കറാഹത്തായത്. (ഹിദായഃ) മിഹ്റാബിന്റെ ഉള്ളിൽ കയറി നിൽക്കൽ കറാഹത്താകാൻ ഇമാമുകൾ പറഞ്ഞ രണ്ടു കാരണങ്ങ

ളിലൊന്നാണിവിടെ പറഞ്ഞത്.

ഇമാം മിഹ്റാബിന്റെ ഉള്ളിൽ കയറി നിന്നാൽ സ്വഫ്ഫിൽ വലതുഭാഗത്തും ഇടതുഭാഗത്തും നിൽക്കുന്നവർക്ക് ഇമാമിന്റെ ചലനത്തിലും നീക്കുപോക്കുകളിലും അവ്യക്തത വരാൻ സാധ്യതയുണ്ടെന്നതാണ് കറാഹത്തിന് കാരണമായി പറഞ്ഞ രണ്ടാമത്തെ അഭിപ്രായം. ഈ അഭിപ്രായമനുസരിച്ച് ഇമാം മിഹ്റാബിനുള്ളിൽ കയറി നിന്നാലും സ്വഫിൽ ഇരുവശങ്ങളിലുമുള്ളവർക്ക് കാണാവുന്ന രീതിയിലാണ് മിഹ്റാബെങ്കിൽ കറാഹത്തില്ല. (അൽഇനായഃ 2/166)

നിസ്കരിക്കാൻ വരുന്ന എല്ലാവർക്കും തികയാത്ത രീതിയിൽ പള്ളിയിൽ സ്ഥലപരിമിതിയുണ്ടെങ്കിൽ ഇമാം മിഹ്റാബിനുള്ളിൽ കയറി നിൽക്കുന്നത് കറാഹത്തില്ല. ഈ രീതിയിൽ സ്ഥലപരിമിതിയില്ലെങ്കിൽ മിഹ്റാബിന്റെ പുറത്തേക്ക് നിൽക്കുന്നതാണ് ഉത്തമം. (അൽ ബഹ്റുർറാഇഖ് 4/66)

ചോദ്യം: ഇമാമിനെ തുടർന്ന് നിസ്കരിക്കുന്നയാൾ ഇമാമിനോടൊപ്പമാണോ നിസ്കാരത്തിൽ നിന്ന് സലാം വീട്ടേണ്ടത്?

അബ്ദുൽ ഹാകിം
കറുപ്പ്പാലം

ഉത്തരം: ഇമാമിനെ തുടർന്ന് നിസ്കരിക്കുന്നയാൾ എപ്പോഴാണ് സലാം വീട്ടേണ്ടതെന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. ഇമാം സലാം വീട്ടിയ ശേഷമാണ് സലാം വീട്ടേണ്ടതെന്നാണ് ഇമാം അബുയൂസുഫ്(റ), ഇമാം മുഹമ്മദ്(റ) എന്നിവരുടെ അഭിപ്രായം. ഇമാം അബൂഹനീഫ(റ)വിന് രണ്ടഭിപ്രായമുണ്ട്. ഇമാം വലതുഭാഗത്തേക്ക് സലാം വീട്ടിയ ഉടനെ തുടർന്നു നിസ്കരിക്കുന്നയാൾ വലതു ഭാഗത്തേക്ക് സലാം വീട്ടുകയും ഇമാം ഇടതുഭാഗത്തേക്ക് സലാം വീട്ടിയ ഉടനെ ഇടതുഭാഗത്തേക്ക് സലാം വീട്ടുകയും ചെയ്യണം എന്നതാണ് പ്രബലാഭിപ്രായമെന്ന് ഇമാം അൽഫഖീഹ് അബൂജഅ്ഫർ(റ) പറഞ്ഞിട്ടുണ്ട്. (അല്ലുബാബ് 1/97)

ആരോഗ്യം

ഡെങ്കിപ്പനിയെ കരുതിയിരിക്കാം

വളരെയേറെ ജാഗ്രത നൽകേണ്ട കൊതുകുജന്യ രോഗമാണ് ഡെങ്കിപ്പനി. കേരളത്തിൽ കൂടുതൽ പേരെ ബാധിക്കുന്ന പകർച്ചവ്യാധികളിലൊന്നാണിത്. കൊതുക് ധാരാളമായി വളരുന്നയിടങ്ങൾ നമ്മുടെ വീടിന്റെ പരിസരങ്ങളിൽ ധാരാളമുണ്ട്. പ്രത്യേകിച്ചും മഴക്കാലത്ത് രോഗബാധക്കുള്ള സാധ്യത ഏറെയാണ്. ഈഡിസ് ഈജിപ്തി വിഭാഗത്തിൽപെടുന്ന പെൺകൊതുകുകൾ വഴിയാണ് 5 തരം വകഭേദങ്ങളുള്ള ഡെങ്കി വൈറസ് ശരീരത്തിലെത്തുന്നത്. ഗർഭിണികൾക്ക് ഡെങ്കിപ്പനി ബാധിച്ചാൽ അത് ഗർഭസ്ഥശിശുവിനും അപകടമായേക്കുമെന്നാണ് പഠനങ്ങൾ. മൂന്നു ദിവസത്തിലധികം നീണ്ടുനിൽക്കുന്ന പനിയോ മറ്റു ലക്ഷണങ്ങളോ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് വൈദ്യസഹായം തേടണം. ഡെങ്കിപ്പനി പ്രധിരോധത്തിന് സ്വീകരിക്കാവുന്ന പ്രധാനമാർഗങ്ങൾ വായിക്കാം:

1. കൊതുക് പെരുകാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ ഇല്ലാതാക്കലാണ് ആദ്യം ചെയ്യേണ്ടത്. വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും നീക്കം ചെയ്യുക.
2. കെട്ടി നിൽക്കുന്ന വെള്ളം ഒഴുക്കിക്കളയുകയും വേണം.
3. ഉറവിടനശീകരണം ഉറപ്പുവരുത്തുക. കൃത്യമായ ഇടവേളകളിൽ ഡ്രൈ ഡേ ആചരിക്കുക.
4. പാഴ്വസ്തുക്കൾ വലിച്ചെറിയാതെ ശാസ്ത്രീയമായി സംസ്കരിക്കുക.
5. വീടിനുള്ളിലും പരിസരപ്രദേശങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.
6. ഓവർഹെഡ് ടാങ്കുകൾ അടച്ചുസൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
7. വെള്ളം ശേഖരിച്ചുവെക്കുന്ന പാത്രങ്ങൾ മൂടി വയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
8. പാത്രങ്ങൾ ചകിരി ഉപയോഗിച്ച് ഉരച്ചുകഴുകി വൃത്തിയാക്കിയതിനുശേഷം മാത്രം വീണ്ടും വെള്ളം നിറയ്ക്കുക
9. പാത്രങ്ങൾ ഉണക്കി കമിഴ്ത്തി സൂക്ഷിക്കുക.
10. പാത്തികൾ, സൺഷേഡുകൾ തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നുണ്ടോ എന്ന് ഇടയ്ക്കിടെ പരിശോധിക്കുക.
11. ചെടിച്ചട്ടികൾ, ഫ്രിഡ്ജിനു പിന്നിലെ ട്രേ, കൂളറുകളുടെ പിൻവശം തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.
12. രോഗലക്ഷണങ്ങളെ അവഗണിക്കാതിരിക്കുക, രോഗലക്ഷണം കണ്ടുകഴിഞ്ഞാൽ തൊട്ടടുത്തുള്ള ആരോഗ്യപ്രവർത്തകരെയോ ആശുപത്രിയിലോ വിവരമറിയിക്കുക.
13. രോഗി കൃത്യമായി വിശ്രമിക്കുക.
14. കൊതുകുകടി ഏൽക്കാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കുക.
15. കൊതുകുവല, കൊതുകുനശീകരണികൾ തുടങ്ങിയവ ഉപയോഗിക്കുക.
16. രോഗി നിർബന്ധമായും കൊതുകുവല ഉപയോഗിക്കുക.
17. കൃഷിയിടങ്ങളിൽ കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുക.

സാമ്പത്തികം

മർജാൻ നടുവനാട്

തൊഴിൽ ഇസ്‌ലാമിക വീക്ഷണത്തിൽ

നിയമപരമായ മാർഗത്തിൽ വരുമാനം നേടുന്നതിനായുള്ള ഒരു വ്യക്തിയുടെ അധ്വാനത്തെ തൊഴിൽ എന്നു വിളിക്കാം. സാമൂഹ്യജീവി എന്ന നിലയിൽ ഓരോ മനുഷ്യനും വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്തങ്ങളും ബാധ്യതകളുമുണ്ട്. അവയുടെ കാര്യക്ഷമമായ നിർവഹണത്തിന് സുരക്ഷിതമായ തൊഴിൽ അനിവാര്യമാണ്. ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ച് പരലോകത്ത് ചോദിക്കപ്പെടുമെന്നാണ് തിരുവചനം. ആശ്രിതരായ തന്റെ കുടുംബാംഗങ്ങളുടെ ചെലവു വഹിക്കൽ കുടുംബനാഥന്റെ ബാധ്യതയാണ്. പാർപ്പിടം, ഭക്ഷണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ചെലവ് കുടുംബനാഥൻ കണ്ടെത്തേണ്ടതുണ്ട്. വ്യത്യസ്തങ്ങളായ സാമൂഹിക ബാധ്യതകൾ വേറെയുമുണ്ടാകും. ചുറ്റുവട്ടത്തുള്ള നിരാലംബരായ പാവങ്ങൾക്ക് ആവശ്യമായ ജീവിതോപാധികൾ നൽകൽ സമ്പന്നരുടെ സാമൂഹിക ഉത്തരവാദിത്തമാണ്. ഇത്തരം കടപ്പാടുകളെക്കുറിച്ച് ഉത്തരവാദിത്തബോധമുള്ള ഏതൊരു വ്യക്തിയും അനുയോജ്യമായ തൊഴിൽ കണ്ടെത്താനും വരുമാനമുണ്ടാക്കാനും പരിശ്രമിക്കും.

തൊഴിലും സമൂഹ്യഘടനയും

തൊഴിലുകളിൽ ഏർപ്പെടുന്നതിലൂടെ തൊഴിലാളികളുടെ ഉപജീവനം നിർവഹിക്കപ്പെടുന്നതോടൊപ്പം സമൂഹത്തിന്റെ സുഗമമായ ചലനം കൂടി സാധ്യമാകുന്നുണ്ട്. സമൂഹത്തിലെ അംഗമെന്ന നിലയ്ക്ക് ഓരോരുത്തരും പലവിധത്തിലും മറ്റുള്ളവരെ ആശ്രയിക്കുന്നുണ്ട്. നിത്യജീവിതത്തിൽ വ്യത്യസ്ത വിഭാഗത്തിലുള്ള തൊഴിലാളികളുടെ സേവനങ്ങൾ ആവശ്യമുള്ളവരാണ് എല്ലാവരും. സമരങ്ങളോ ഹർത്താലുകളോ കാരണം ബസ് തൊഴിലാളികൾ പണിമുടക്കുകയോ വ്യാപാരികൾ കട തുറക്കാതിരിക്കുകയോ ചെയ്താൽ അവർ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാകും. വിദ്യാഭ്യാസവും മാർക്കറ്റിംഗും മറ്റു ഇടപാടുകളുമെല്ലാം ഓൺലൈൻ തലത്തിലേക്ക് മാറുമ്പോഴും മറ്റുള്ളവരുടെ സേവനത്തെ ആശ്രയിക്കാതെ നിർവാഹമില്ല. ആശ്രയിക്കുന്ന രൂപം വ്യത്യസ്തമാണെന്നു മാത്രം. ഭരണനിർവഹണം മുതൽ കൃഷി വരെയുള്ള എല്ലാ മേഖലകളുടെയും കൃത്യമായ സേവനങ്ങൾ ലഭ്യമാകുമ്പോൾ മാത്രമേ ഒരു സാമൂഹികഘടന കൃത്യമായി നിലനിൽക്കുകയുള്ളൂ. നാട്ടിൽ എഞ്ചിനീയർമാർ, അധ്യാപകർ, ഡോക്ടർമാർ തുടങ്ങി വിവിധ വകുപ്പുകളിലുള്ള തൊഴിലാളികളും സേവകരുമുണ്ടാവൽ ഫർള് കിഫായയാണെന്നാണ് ഇസ്‌ലാമിക കർമശാസ്ത്രം പറയുന്നത്. ഏതെങ്കിലും ഒരു മേഖലയിൽ പ്രവർത്തിക്കാൻ ആരുമില്ലാതായാൽ അത് എല്ലാവരെയും പ്രതിസന്ധിയിലാഴ്ത്തും.

തൊഴിലും ഇസ്‌ലാമും

തൊഴിലിനും അധ്വാനത്തിനും വളരെയേറെ പ്രാധാന്യം നൽകിയ മതമാണ് ഇസ്‌ലാം. ‘അവനാകുന്നു (അല്ലാഹുവാകുന്നു) നിങ്ങൾക്കു ഭൂമിയെ വിധേയമാക്കിത്തന്നവൻ. അതിനാൽ അതിന്റെ വഴികളിലൂടെ നിങ്ങൾ നടക്കുകയും, അവൻ നൽകിയ വിഭവങ്ങളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. അവനിലേക്ക് തന്നെയാണ് ഉയിർത്തെഴു



തൊഴിൽ ചെയ്യാൻ കഴിവുണ്ടായിട്ടും നിഷ്ക്രിയരായിരുന്ന് സ്വന്തം ശരീരത്തെയും കുടുംബത്തെയും പട്ടിണിക്കിടാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. തനിക്കും കുടുംബത്തിനും ആവശ്യമുള്ളതെല്ലാം അധ്വാനിച്ചുണ്ടാക്കണം. 'സ്വശരീരത്തോടും കുടുംബത്തോടും നിങ്ങൾക്ക് ഉത്തരവാദിത്തങ്ങളും കടപ്പാടുകളുമുണ്ട്' എന്നാണ് തിരുനബി(സ) പറഞ്ഞത്. തൊഴിലന്വേഷണം ഓരോ മുസ്‌ലിമിനും നിർബന്ധമാണെന്ന് ഇമാം ബൈഹഖി ഉദ്ധരിച്ച ഹദീസിൽ കാണാം.

ന്നേൽപ്പ്' (സൂറത്തുൽമുൽക് 15) എന്ന ഖുർആനികാധ്യാപനം പ്രസക്തമാണ്. ഈ ലോകത്തെയും സർവ്വ ചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു അവർക്കെല്ലാം ആവശ്യമായ ആഹാരവും പാനീയങ്ങളും യഥാസമയം നൽകിക്കൊണ്ടിരിക്കുന്നു. അതിവിശാലമായ ഈ ഭൂമിയുടെ നാനാഭാഗങ്ങളിലുമായി വിവിധ സൗകര്യങ്ങൾ വ്യത്യസ്ത രൂപത്തിൽ അല്ലാഹു സംവിധാനിച്ചു വെച്ചിട്ടുണ്ട്. തേടി കണ്ടെത്തൽ ഓരോരുത്തരുടെയും കടമയാണ്. അവ കണ്ടെത്താനുള്ള ശ്രമങ്ങളെ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയും അധ്വാനത്തിനു വലിയ മഹത്വം കൽപ്പിക്കുകയും ചെയ്യുന്നു. അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യുന്നതാണ് പ്രവാചകന്മാരുടെ ചരിത്രങ്ങൾ. ആടുമേയ്ക്കൽ, മരപ്പണി, ഇരുമ്പ് പണി, കച്ചവടം, ഭരണനിർവഹണം തുടങ്ങിയ വ്യത്യസ്ത തൊഴിലുകളും സേവനങ്ങളും അനുഷ്ഠിച്ചവരാണ് അവരെല്ലാം. സ്വന്തം കൈകൾ കൊണ്ട് അധ്വാനിച്ചുണ്ടാക്കുന്നതിനെക്കാൾ മുന്തിയ ഭക്ഷണം വേറെയില്ലെന്ന് തിരുനബി(സ) പഠിപ്പിച്ചിട്ടുണ്ട്. ആവശ്യങ്ങൾ പരാശ്രയമില്ലാതെ നിറവേറ്റാനും അധ്വാനശീലം കൈവരിക്കാനുമാണ് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നത്. കാരണം, അധ്വാനം മനുഷ്യരെ ക്ഷമയും സഹനവും പഠിപ്പിക്കും. അധ്വാനത്തിന്റെ വില മനസ്സിലാക്കിയവർക്കു മാത്രമേ സാമ്പത്തിക വിനിയോഗത്തിൽ മിതത്വം പുലർത്താൻ സാധിക്കുകയുള്ളൂ.

തൊഴിൽ ചെയ്യാൻ കഴിവുണ്ടായിട്ടും നിഷ്ക്രിയരായിരുന്ന് സ്വന്തം ശരീരത്തെയും കുടുംബത്തെയും പട്ടിണിക്കിടാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. തനിക്കും കുടുംബത്തിനും ആവശ്യമുള്ളതെല്ലാം അധ്വാനിച്ചുണ്ടാക്കണം. 'സ്വശരീരത്തോടും കുടുംബത്തോടും നിങ്ങൾക്ക് ഉത്തരവാദിത്തങ്ങളും കടപ്പാടുകളുമുണ്ട്' എന്നാണ് തിരുനബി(സ) പറഞ്ഞത്.

തൊഴിലന്വേഷണം ഓരോ മുസ്‌ലിമിനും നിർബന്ധമാണെന്ന് ഇമാം ബൈഹഖി ഉദ്ധരിച്ച ഹദീസിൽ കാണാം. ഓരോരുത്തരും സാധ്യമായ തൊഴിലുകൾ കണ്ടെത്തണം. തൊഴിൽദാതാവിനും തൊഴിലാളിക്കും സംതൃപ്തി ലഭിക്കാൻ സ്ഥിരോത്സാഹവും നിത്യപരിശ്രമവും ആവശ്യമാണ്.

അധ്വാനമാണ് മാന്യത

ഭിക്ഷാടനം ഇസ്‌ലാം ഒട്ടും പ്രോത്സാഹിപ്പിക്കുന്നില്ല. യാചനയുടെ കവാടം തുറക്കുന്നവർക്കുമേൽ അല്ലാഹു ദാരിദ്ര്യത്തിന്റെ കവാടം തുറക്കുമെന്ന് തിരുനബി(സ) പറഞ്ഞതായി ഇമാം അഹ്മദ്(റ) നിവേദനം ചെയ്ത ഹദീസിൽ കാണാം. ഭിക്ഷ യാചിച്ച് നബിസന്നിധിയിലെത്തിയ വ്യക്തിയോട് കയ്യിലുള്ളത് വിറ്റ് മഴു വാങ്ങി വിറകുവെട്ടി ജീവിക്കാനാണ് തിരുനബി(സ) പഠിപ്പിച്ചത്.

മറ്റുള്ളവരുടെ ഔദാര്യത്തിൽ കഴിയുക എന്നത് മാന്യന്മാർക്ക് യോജിച്ചതല്ല. കുറഞ്ഞ വേതനമാണെങ്കിലും അധ്വാനിച്ച് ജീവിക്കുന്നവർക്ക് അഭിമാനമുണ്ടാകും. മഹാനായ ദാവൂദ്നബി(അ) സ്വയം അധ്വാനിച്ചുണ്ടാക്കിയ ഭക്ഷണം മാത്രമാണ് കഴിച്ചിരുന്നതെന്ന് ഹദീസിൽ കാണാം. ചെറുപ്പം മുതൽ അധ്വാനിച്ച് ജീവിക്കുന്ന ശൈലി തിരുനബി(സ)യുടെ ജീവിതത്തിലും കാണാം. സിറിയയിലും ശാമിലും പോയി നബി(സ) കച്ചവടങ്ങൾ നടത്തുകയും മക്കയുടെ പ്രദേശങ്ങളിൽ ആടിനെ മേയ്ക്കുകയും ചെയ്തിരുന്നു.

തൊഴിൽ ആരാധനയാണ്

വിശ്വാസിയെ സംബന്ധിച്ചിടത്തോളം ധനസമ്പാദത്തിനുള്ള മാർഗമെന്നതിലുപരി പ്രതിഫലാർഹമായ ആരാധനയാണ് തൊഴിൽ. ഇസ്‌ലാം അനുവദിക്കുന്ന തൊഴിലാകണമെന്നു മാത്രം. ഹലാലായ ആഹാരത്തിനുവേണ്ടിയുള്ള അന്വേഷണത്തിൽ പ്രയാസമനുഭവിക്കുന്ന രാത്രി പാപമോചനത്തിന്റെ രാത്രിയാണെന്നും കാർഷികവിളകളിൽ നിന്ന് പക്ഷികളോ മറ്റു ജീവികളോ കഴിച്ചാൽ കർഷകന് അത് ദാനം ചെയ്ത പ്രതിഫലം ലഭിക്കുമെന്നും ഹദീസുകളിൽ കാണാം. കുടുംബത്തിന്റെ ഉപജീവനത്തിനു വേണ്ടി കഠിനാധ്വാനം ചെയ്യുന്നവർക്ക് വലിയ പ്രതിഫലമുണ്ട്. സ്വന്തം ഭാര്യക്ക് നൽകുന്ന ഭക്ഷണത്തിനും പ്രതിഫലമുണ്ടെന്ന് തിരുനബി(സ) പഠിപ്പിച്ചിട്ടുണ്ട്. ആശ്രിതരോടുള്ള കടമകൾ വീട്ടാതെ മുഴുസമയം തവക്കുലുമായി പള്ളിയിൽ കഴിഞ്ഞിരുന്ന ഒരാളെക്കുറിച്ചറിഞ്ഞ ഖലീഫ ഉമർ(റ) ദേഷ്യപ്പെട്ടു. 'ആഹാരം തേടിയിറങ്ങാതെ അലസനായി കഴിഞ്ഞുകൂടുകയാണോ? ആകാശം സ്വർണവും വെള്ളിയും വർഷിപ്പിക്കില്ലെന്ന് നിങ്ങൾക്കറിയില്ലേ' എന്ന് പ്രതികരിക്കുകയും ചെയ്തു.

തൊഴിലാളിയും ബാധ്യതകളും

തൊഴിലാളിക്കും തൊഴിൽദാതാവിനും ഇസ്‌ലാം ഉത്തരവാദിത്തങ്ങളും ധർമങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. തൃപ്തികരവും നീതിയുക്തവുമായ തൊഴിൽ സംസ്കാരമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. അധ്വാനത്തിന് അർഹിച്ച പ്രതിഫലം നൽകാതെ തടഞ്ഞുവെക്കുന്നത് വൻപാപമായാണ് ഇസ്‌ലാം കാണുന്നത്. അന്ത്യനാളിൽ മൂന്നുപേർക്കെതിരെ ഞാൻ സാക്ഷി പറയുമെന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്. ജോലി പൂർത്തിയാക്കിയ തൊഴിലാളിക്ക് കൂലി നൽകാത്തവരാണ് അവരിൽ ഒരു വിഭാഗം. അവധിയെത്തിയിട്ടും ശമ്പളം നൽകാതെ തടഞ്ഞുവെക്കുന്ന പ്രവണത ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നില്ലെന്നു വ്യക്തം. കച്ചവടത്തിൽ വഞ്ചന നടത്തുന്നതും അളവുതൂക്കത്തിൽ കൃത്രിമം കാണിക്കുന്നതും ഇസ്‌ലാം ശക്തിയുക്തം എതിർക്കുന്നു. കച്ചവടം നടത്തുന്നതിനു മുമ്പ് വില ഉറപ്പിക്കണമെന്നും പണി ഏൽക്കുന്നതിനു മുമ്പ് കൂലി നിശ്ചയിക്കണമെന്നും കർമശാസ്ത്രത്തിൽ നിബന്ധന വെച്ചത് ഇതിനു വേണ്ടിയാണ്. വില്പനച്ചരക്കിന്റെ ന്യൂനതകൾ മറച്ചുവെക്കലും നിഷിദ്ധമാണ്. അതിന്റെ മേന്മകളും പോരായ്മകളും വാങ്ങുന്നവരോട് വ്യക്തമാക്കണം. കൂടുതൽ ലാഭം ലഭിക്കുന്നതിനു വേണ്ടി ഇല്ലാത്ത ഗുണങ്ങൾ പറഞ്ഞ് കച്ചവടം ചെയ്യുന്നവരുണ്ട്. കളവിലൂടെയും വഞ്ചനയിലൂടെയും ലാഭമുണ്ടാക്കിയാൽ അതിൽ ബറകത്തുണ്ടാവുകയില്ല. വിശ്വസ്തതയും സത്യസന്ധതയും മുറുകെ പിടിക്കുന്ന കച്ചവടക്കാർ അന്ത്യനാളിൽ അമ്പിയാക്കളുടെയും ശുഹദാക്കളുടെയും കൂടെയാണെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്.

തൊഴിലുകളും തൊഴിൽസാഹചര്യങ്ങളും ഓരോ കാലത്തും മാറിക്കൊണ്ടിരിക്കും. മൂല്യങ്ങൾക്കും വിശ്വാസങ്ങൾക്കും നിരക്കാത്ത അന്തരീക്ഷം തൊഴിൽമേഖലകളിൽ വർദ്ധിച്ചുവരികയാണ്. ധാർമികതയിലൂന്നിയ ജീവിതം നയിക്കാൻ തൊഴിലാളികളും തൊഴിൽദാതാക്കളും കൂടുതൽ ജാഗ്രത കാണിക്കേണ്ടതുണ്ട്. ലാഭത്തിനും വരുമാനത്തിനുമപ്പുറം ജീവിത വിശുദ്ധിക്ക് സ്ഥാനം നൽകേണ്ടതുണ്ട്.

സമസ്ത സെന്റിനറി
മുഅല്ലിം സമ്മേളനത്തിന് തുടക്കം നോളജ് സിറ്റിയിൽ
ഈ മാസം 22ന് ഗ്രാൻഡ് മുഫ്തി ഉദ്ഘാടനം ചെയ്യും.

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി 40 കേന്ദ്രങ്ങളിൽ എസ് ജെ എം സംഘടിപ്പിക്കുന്ന ജില്ലാ സമ്മേളനങ്ങളുടെ തുടക്കമായി കോഴിക്കോട് ജില്ലാ സമ്മേളനം ഈ മാസം 22ന് നോളജ് സിറ്റിയിൽ നടക്കും. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും. സ്വാഗതസംഘ രൂപീകരണത്തിന് സമസ്ത സെന്ററിൽ നടന്ന പ്രതിനിധി കൺവെൻഷൻ എസ് ജെ എം വൈസ് പ്രസിഡണ്ട് കെപിഎച്ച് തങ്ങളുടെ അധ്യക്ഷതയിൽ ട്രഷറർ വിപിഎം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. സുന്നി വിദ്യാഭ്യാസ ബോർഡ് മാനേജർ സി പി സൈതലവി മാസ്റ്റർ, കെ ഉമർ മദനി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, വി വി അബൂബക്കർ സഖാഫി പ്രസംഗിച്ചു. സുലൈമാൻ സഖാഫി കുഞ്ഞുകുളം സമ്മേളന രൂപരേഖ അവതരിപ്പിച്ചു.

സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ആവിർഭാവകാലം മുതൽ സേവനരംഗത്തുള്ള സാരഥികളെയും മുഅല്ലിംകളെയും സമ്മേളനത്തിൽ ആദരിക്കും. എസ് ജെ എം ഭവനപദ്ധതിയുടെ ഭാഗമായി പണിതീർത്ത പത്ത് വീടുകളുടെ താക്കോൽദാനവും നടക്കും. സമ്മേളന വിജയത്തിനായി വിപിഎം വില്യാപ്പള്ളി ചെയർമാൻ, സയ്യിദ് പി.ജി തങ്ങൾ, സി എം യൂസുഫ് സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ മെമ്പർമാരായി ഉപദേശകസമിതിയും 101 അംഗ സ്വാഗതസംഘവും രൂപീകരിച്ചു.

അബ്ദുന്നാസിർ സഖാഫി അമ്പലക്കണ്ടി, (ചെയർമാൻ), മുനീർ സഅദി പൂലോട് (കൺവീനർ), അബ്ദുൽഅസീസ് സഖാഫി കൊടുവള്ളി (ട്രഷറർ)സയ്യിദ് സൈനുൽ ആബിദീൻ ജിഫ്‌രി, അബൂബക്കർ സഖാഫി വെണ്ണക്കോട്, സ്വലാഹുദ്ദീൻ മുസ്‌ലിയാർ കുറ്റിക്കാട്ടൂർ, അബ്ദുറഹ്മാൻ സഖാഫി കൂളിമാട് (വൈസ് ചെയർമാൻ), സുലൈമാൻ മുസ്‌ലിയാർ ഈങ്ങാപ്പുഴ, ജലീൽ മുസ്‌ലിയാർ ചീയ്യൂർ, അബ്ദുറഹ്മാൻ സഖാഫി കാന്തപുരം, മുഹ്‌യിദ്ദീൻ കുട്ടി സഖാഫി മലയമ്മ (കൺവീനർമാർ) എന്നിവരാണ് ഭാരവാഹികൾ.

ഇന്ത്യ യുഎസുമായി ചർച്ച നടത്തണം: കാന്തപുരം

കോഴിക്കോട്: ഗസ്സ വിഷയത്തിൽ ഇന്ത്യ യുഎസുമായി ചർച്ച നടത്തണമെന്ന് സമസ്ത ജനറൽ സെക്രട്ടറി കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാർ. മറ്റു രാജ്യങ്ങളുടെ പരമാധികാരത്തിൽ ഇടപെടാനുള്ള ഏതു ഭരണാധികാരിയുടെ നീക്കത്തെയും ശക്തമായി ചെറുത്തു തോൽപ്പിക്കാൻ ഐക്യരാഷ്ട്രസഭക്ക് കൂടുതൽ കരുത്ത് പകരുകയാണ് ഇന്ത്യയടക്കമുള്ള രാജ്യങ്ങളുടെ വലിയ ഉത്തരവാദിത്തമെന്നും അദ്ദേഹം പറഞ്ഞു.

സമസ്ത നൂറാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ലോക സമാധാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ അന്താരാഷ്ട്ര മര്യാദകളും ലംഘിച്ചുകൊണ്ടുള്ള യുദ്ധമാണ് കഴിഞ്ഞ ദിവസങ്ങളിൽ നാം കണ്ടത്. ലോകം വിനാശകരമായ നീണ്ട യുദ്ധത്തിലേക്ക് നീങ്ങുകയാണെന്ന് എല്ലാ മനുഷ്യസ്നേഹികളും ഭയപ്പെട്ടു. ആ സമയത്താണ് വെടിനിർത്തൽ എന്ന ആശ്വാസവാർത്ത വന്നത്. റഷ്യ-യുക്രൈൻ യുദ്ധവും അവസാനിപ്പിക്കണം. ഗസ്സയിലെ ഇസ്‌റാഈലിന്റെ വംശഹത്യക്കെതിരെ നമ്മുടെ രാജ്യം ഇപെടണം. ഇന്ത്യൻ പ്രധാനമന്ത്രി യുഎസ് പ്രസിഡന്റുമായി സംസാരിച്ച് കടന്നുകയറ്റം അവസാനിപ്പിക്കാനുള്ള വഴി കാണണം. ലോകത്ത് എല്ലാ രാജ്യങ്ങളിലേയും ജനങ്ങൾക്ക് ശാന്തിയും സമാധാനവും വേണം. മനുഷ്യാവകാശങ്ങളും മനുഷ്യമഹത്വവും സംരക്ഷിക്കപ്പെടണം. അന്താരാഷ്ട്രനിയമങ്ങൾ പാലിക്കാൻ എല്ലാ രാജ്യങ്ങളും തയ്യാറാകണം. പലപ്പോഴും ഐക്യരാഷ്ട്ര സഭക്ക് ഒരു വിലയും ചില അംഗരാജ്യങ്ങൾ നൽകുന്നില്ല.

ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ശാന്തിക്കും സമാധാനത്തിനും വേണ്ടി പ്രപഞ്ചനാഥനോടുള്ള പ്രാർഥനയാണ് ഏറ്റവും വലിയ പ്രതിരോധം. ഇതാണ് നൂറാം വർഷത്തിലേക്ക് എത്തിനിൽക്കുന്ന സമസ്ത ലോക സമാധാന സമ്മേളനം വിളിച്ചുചേർക്കാനുണ്ടായ കാരണം. ഈ സമയത്ത് ഗസ്സയിലെ വംശഹത്യ ഓർക്കാതിരിക്കാനാകില്ല. എല്ലാ അന്താരാഷ്ട്ര മര്യാദകളും ലംഘിച്ച് ഗസ്സയിൽ ഇസ്‌റാഈൽ ചെയ്യുന്ന വലിയ യുദ്ധക്കുറ്റങ്ങൾ ലോകരാജ്യങ്ങൾ പലതും കണ്ടില്ലെന്ന് നടിക്കുന്നു. തങ്ങളുടെ ഒരു ആശുപത്രി ഇറാൻ ആക്രമിച്ചത് യുദ്ധക്കുറ്റമാണെന്നും ഐക്യരാഷ്ട്രസഭ ഇടപെടണമെന്നും പറയുന്ന ജൂതരാഷ്ട്രം, കഴിഞ്ഞ 21 മാസങ്ങളിലായി ഗസ്സയിലെ എത്ര ആശുപത്രികൾക്ക് മുകളിലാണ് തീമഴ വർഷിപ്പിച്ചത്? കുഞ്ഞുങ്ങളും സ്ത്രീകളുമടക്കമുള്ള എത്ര ജീവനുകളെയാണ് കൊന്നൊടുക്കിയത്? ഐക്യരാഷ്ട്രസഭയുടെ സഹായസംഘത്തെ പോലും നിരന്തരമായി ആക്രമിക്കുന്നു. ഭക്ഷണത്തിന് ക്യൂ നിൽക്കുന്നവരെ വെടിവെച്ചു കൊല്ലുന്നു. ഭീകരമായ വംശഹത്യ നടത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ ഗുരുതര യുദ്ധക്കുറ്റങ്ങൾ നിരന്തരം ചെയ്തതുകൊണ്ടിരിക്കുന്ന ഇസ്‌റാഈലിന് നീതിയെക്കുറിച്ച് സംസാരിക്കാൻ എന്തവകാശമാണുള്ളത്. സമാധാന ചർച്ചകൾക്ക് ഐക്യരാഷ്ട്രസഭക്ക് പിന്തുണ നൽകണം. ലോകരാജ്യങ്ങൾ ഈ വിഷയത്തിൽ അതീവ ജാഗ്രത പാലിക്കണമെന്നും കാന്തപുരം അഭ്യർഥിച്ചു.

സമസ്ത പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. പൊന്മള അബ്ദുൽഖാദിർ മുസ്‌ലിയാർ ആമുഖ പ്രസംഗം നടത്തി. പേരോട് അബ്ദുർറഹ്മാൻ സഖാഫി, സുലൈമാൻ സഖാഫി മാളിയേക്കൽ, റഹ്മത്തുല്ലാഹ് സഖാഫി എളമരം സംസാരിച്ചു. സയ്യിദ് ഇബ്‌റാഹീം ഖലീൽ അൽബുഖാരി പ്രാർഥനക്ക് നേതൃത്വം നൽകി. കോടമ്പുഴ ബാവ മുസ്‌ലിയാർ, വണ്ടൂർ അബ്ദുർറഹ്മാൻ ഫൈസി, വിപിഎം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, സി മുഹമ്മദ് ഫൈസി, മുഹ്യിദ്ദീൻ കുട്ടി ബാഖവി, പി ഹസൻ മുസ്‌ലിയാർ , അബ്ദുൽജലീൽ സഖാഫി ചെറുശ്ശോല, അബ്ദുർറഹ്മാൻ ഫൈസി മാരായമംഗലം, മൊയ്തീൻ കുട്ടി മുസ്‌ലിയാർ താഴപ്ര, ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി, പിഎസ്കെ മൊയ്തു ബാഖവി, അലവി സഖാഫി, ഇസ്സുദ്ദീൻ സഖാഫി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, അബ്ദുർറഹ്മാൻ സഖാഫി വിഴിഞ്ഞം, അബ്ദുൽഅസീസ് സഖാഫി വെള്ളയൂർ, അബ്ദുന്നാസിർ അഹ്സനി ഒളവട്ടൂർ, ഒ.കെ അബ്ദുർറശീദ് മുസ്‌ലിയാർ തുടങ്ങിയവർ പങ്കെടുത്തു.

സ്കൂൾ സമയം മാറ്റം പുനപരിശോധിക്കണം: എസ് ജെ എം

കോഴിക്കോട്: മദ്‌റസ പഠനത്തിന് ദോഷകരമായി ബാധിക്കുന്ന രൂപത്തിൽ വിദ്യാഭ്യാസ വകുപ്പ് പുതുതായി നടപ്പിലാക്കിയ സ്കൂൾ സമയമാറ്റം പുനപരിശോധിക്കണമെന്ന് സമസ്ത സെന്ററിൽ ചേർന്ന എസ് ജെ എം സെക്രട്ടറിയേറ്റ് യോഗം ആവശ്യപ്പെട്ടു. സമസ്ത സെന്റിനറിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന 40 ജില്ലാ മുഅല്ലിം സമ്മേളനങ്ങൾക്ക് തുടക്കമായി ജൂലൈ 22ന് നോളജ്സിറ്റിയിൽ സംഘടിപ്പിക്കുന്ന ഉദ്ഘാടന സമ്മേളനത്തിന് രൂപരേഖ തയ്യാറാക്കി.

എസ് ജെ എം പ്രസിഡണ്ട് സയ്യിദ് അലി ബാഫഖിയുടെ അധ്യക്ഷതയിൽ സമസ്ത ജന. സെക്രട്ടറി കാന്തപുരം എ. പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും. നിർമ്മാണം പൂർത്തിയായ പത്ത് മുഅല്ലിം ഭവനങ്ങളുടെ താക്കോൽ ദാനം മന്ത്രി വി അബ്ദുറഹ്മാൻ നിർവഹിക്കും.

എസ് ജെ എം പ്രവർത്തനരംഗത്ത് ജ്വലിച്ചു നിൽക്കുന്ന വി.പി എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, പ്രൊഫ. എ കെ അബ്ദുൽ ഹമീദ് എന്നിവരെ ആദരിക്കുന്നതോടൊപ്പം സുന്നി വിദ്യാഭ്യാസ ബോർഡിന്റെ ആവിർഭാവം മുതൽ ഇന്നുവരെയും സേവനമേഖലയിൽ തുടരുന്നവർക്ക് പ്രത്യേക പുരസ്കാരവും നൽകും.

'അധ്യാപനം സേവനമാണ്' എന്ന സമ്മേളന പ്രമേയത്തിന്റെ ഭാഗമായി 'സമസ്ത സാധ്യമാക്കിയ വിദ്യാഭ്യാസ വിപ്ലവം', 'സമസ്തയുടെ മഹിതാദർശം' എന്നിവയിൽ പഠനവും ചർച്ചയും നടക്കും. സമസ്തയുടെയും കീഴ്ഘടകങ്ങളുടെയും മുഖ്യസാരഥികൾ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.

സമ്മേളനത്തോടനുബന്ധിച്ച് സിറാജിൽ ഫുൾ പേജ് സപ്ലിമെന്റ് പ്രസിദ്ധീകരിക്കും. യോഗത്തിൽ ട്രഷറർ വിപിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. ജന. സെക്രട്ടറി അബൂഹനീഫൽ ഫൈസി സ്വാഗതം പറഞ്ഞു. കെപിഎച്ച് തങ്ങൾ, പ്രൊഫ. എ.കെ അബ്ദുൽഹമീദ്, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ചെറൂപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

ജമാഅത്തെ ഇസ്‌ലാമിയുടെ മധുരം ആവശ്യമില്ല

കോഴിക്കോട്: ജമാഅത്തെ ഇസ്‌ലാമിയുടെ മധുരം സമസ്ത കേരള ജംഇയ്യത്തുൽ ഉലമക്ക് ആവശ്യമില്ലെന്ന് കാന്തപുരം എ. പി അബൂബക്കർ മുസ്‌ലിയാർ. ജമാഅത്തെ ഇസ്ലാമിയടക്കം എല്ലാ വിഭാഗങ്ങളും മതരാഷ്ട്രവാദത്തിൽ നിന്ന് വിട്ടുനിൽക്കണമെന്നും അദ്ദേഹം കോഴിക്കോട് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇസ്‌ലാമിനെ വികലമാക്കുന്ന കക്ഷികൾ കടന്നുവരികയും ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുകയും ചെയ്യുമെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് 100 വർഷം മുമ്പ് സമസ്തക്ക് രൂപം കൊടുത്തത്. ജമാഅത്തെ ഇസ്ലാമിയിലേക്ക് പോകരുതെന്ന് മുൻഗാമികൾ ഉപദേശിച്ചു. അവരുടെ അബദ്ധങ്ങൾ പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയതുകൊണ്ടാണ് ജമാഅത്തെ ഇസ്ലാമിയുടെ അംഗസംഖ്യ ചുരുങ്ങിയത്.

രാഷ്ട്രീയ പാർട്ടികൾ അവരുടെ പിന്തുണ സ്വീകരിക്കുന്നത് ശരിയാണോ എന്ന ചോദ്യത്തിന് അത് അവരോട് തന്നെ ചോദിക്കണമെന്ന് കാന്തപുരം പറഞ്ഞു. പിന്തുണ സ്വീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് അവരോട് ചോദിക്കണം. അതിന് ഞങ്ങൾ മറുപടി പറയേണ്ടതില്ല. ജമാഅത്തെ ഇസ്‌ലാമിയുടെ ആശയാടിത്തറ ഇസ്‌ലാമിന്റെ വിശ്വാസത്തിനെതിരാണ്. സമാധാനം നഷ്ടപ്പെടും. ഇസ്‌ലാമിക രാഷ്ട്രം കെട്ടിപ്പടുക്കുകയെന്ന അവരുടെ ആശയം ഒരിക്കലും പ്രായോഗികമല്ല. ജമാഅത്തെ ഇസ്ലാമി അവരുടെ നേതാവിനെ തള്ളിപ്പറഞ്ഞത് കൊണ്ട് മാത്രമായില്ല. നേതാവിന്റെ ആശയങ്ങളും ആദർശങ്ങളും ഗ്രന്ഥങ്ങളും ഉപേക്ഷിക്കാൻ തയ്യാറായാൽ മാത്രമേ പറയുന്ന വാക്ക് സത്യമാകുകയുള്ളൂ. മതരാഷ്ട്രവാദം പാടില്ല. അത് ജമാഅത്തെ ഇസ്‌ലാമിയടക്കം മുസ്‌ലിം വിഭാഗത്തിനകത്ത് നിന്നാണെങ്കിലും പുറത്ത് നിന്നാണെങ്കിലും മതരാഷ്ട്രവാദത്തിൽ നിന്ന് വിട്ടുനിൽക്കണം. മതരാഷ്ട്രവാദം പാടില്ലെന്ന നേരത്തേയുള്ള നിലപാടിൽ മാറ്റമില്ല. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ ന്യായങ്ങളും അന്യായങ്ങളും വാദപ്രതിവാദങ്ങളും പതിവാണ്. ആരൊക്കെ സഹകരിച്ചു, ആരൊക്കെ സഹകരിച്ചില്ല തുടങ്ങിയ വാദങ്ങൾ തോറ്റവർക്കും ജയിച്ചവർക്കും ഉണ്ടാകാമെന്നും നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞു. തങ്ങളുടെ മധുരം നുണയാത്തവരായി ആരുമില്ല എന്ന ജമാഅത്തെ ഇസ്ലാമിയുടെ പരാമർശത്തെക്കുറിച്ച് ചോദിച്ചപ്പോൾ, രാഷ്ട്രീയകക്ഷികളെല്ലാം അവരോട് വോട്ട് ചോദിക്കാൻ പോയി എന്നായിരിക്കും അതിന്റെ അർഥം. അവരെന്താണ് പറഞ്ഞത് എന്ന് ഞങ്ങൾക്കറിയില്ല. ഞങ്ങൾക്കേതായാലും ജമാഅത്തെ ഇസ്‌ലാമിയുടെ മധുരം ആവശ്യമില്ലെന്നും കാന്തപുരം വ്യക്തമാക്കി.

രാഷ്ട്രീയ പാർട്ടികൾ മത്സരിച്ചാലും ഇല്ലെങ്കിലും മതത്തിന് ഹാനികരമായ ഒന്നും കൊണ്ടുവരാൻ പാടില്ല. കൊണ്ടുവന്നാൽ നീതിയുക്തമായ രീതിയിൽ അതിനെ ചോദ്യം ചെയ്യും. എല്ലാ മതങ്ങൾക്കും വേണ്ടിയുള്ളതാണ് ഇന്ത്യൻ ഭരണഘടന. മതപരമായ ആശയങ്ങളെ മാറ്റിമറിച്ച് ജനങ്ങളെ അതിലേക്ക് പ്രേരിപ്പിച്ചാൽ സമാധാനമില്ലാതാകും. തീവ്രവാദവുമായി വന്നാൽ അത് ശരിയല്ലെന്ന് ബോധ്യപ്പെടുത്തൽ പണ്ഡിതരുടെ കടമയാണ്. സ്കൂൾ സമയമാറ്റം ഇസ്‌ലാമിക പഠനത്തിന് ദോഷമായി വരാൻ പാടില്ലെന്ന് സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കാന്തപുരം പറഞ്ഞു.

സമസ്ത പ്രസിഡന്റ് ഇ സുലൈമാൻ മുസ്‌ലിയാർ, സെക്രട്ടറിമാരായ സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി, പൊന്മള അബ്ദുൽഖാദിർ മുസ്‌ലിയാർ, പേരോട് അബ്ദുർറഹ്മാൻ സഖാഫി വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

സമയമാറ്റ തീരുമാനം പിൻവലിക്കണം

കോഴിക്കോട്: സ്കൂൾ സമയം വർദ്ധിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തിൽ സുന്നി വിദ്യാഭ്യാസ ബോർഡ് ആശങ്ക പ്രകടിപ്പിച്ചു. സമയമാറ്റം മദ്‌റസാ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ തീരുമാനം പിൻവലിക്കണമെന്ന് സർക്കാറിനോട് അഭ്യർത്ഥിച്ചു. സമസ്ത സെന്ററിൽ ചേർന്ന ബോർഡ് സെക്രട്ടറിയേറ്റ് യോഗം പുതുതായി 10 മദ്‌റസകൾക്കു കൂടി അംഗീകാരം നൽകി. ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ നിന്നും കർണാടക, തമിഴ്നാട് യു.എ.ഇ എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്‌റസകളാണ് പുതുതായി അംഗീകാരം നേടിയത്. യോഗത്തിൽ വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി ഉദ്ഘാടനം ചെയ്തു. എ കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ എം എ റഹീം നന്ദിയും പറഞ്ഞു. വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, അബ്ദുൽഅസീസ് ഫൈസി, എൻ അലി അബ്ദുല്ല, സി.പി സൈതലവി, മജീദ് കക്കാട് ചർച്ചകൾക്ക് നേതൃത്വം നൽകി.

ഐക്യരാഷ്ട്ര സഭ മുന്നോട്ടുവരണം - സമസ്ത

കോഴിക്കോട്: ലോകസമാധാനം പുനഃസ്ഥാപിക്കാൻ യുദ്ധം അവസാനിക്കേണ്ടത് അനിവാര്യമാണെന്നും ഐക്യരാഷ്ട്രസഭ ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ടെന്നും സമസ്ത കേരള ജംഇയ്യത്തുൽഉലമ പ്രമേയം. കോഴിക്കോട് മർകസിൽ നടന്ന മുശാവറയോഗമാണ് യുദ്ധവ്യാപനത്തിനെതിരെ പ്രമേയം പാസ്സാക്കിയത്.

മുസ്‌ലിം രാജ്യങ്ങൾ അസ്ഥിരമാക്കാനും ജനജീവിതം ദുസ്സഹമാക്കാനുമുള്ള സയണിസ്റ്റ് അജണ്ട നിലവിലെ കടന്നുകയറ്റത്തിന് പിന്നിലുണ്ട്. പ്രകോപനമില്ലാതെ ആരംഭിച്ച അക്രമം അന്താരാഷ്ട്ര ഉടമ്പടികൾക്കും മാനവികതക്കും എതിരാണ്. ഗാസയിലെ ഭക്ഷണവിതരണ കേന്ദ്രത്തിലടക്കം വെടിവെപ്പ് നടത്തുന്ന ചോരക്കൊതിയന്മാരായ നെതന്യാഹു ഭരണകൂടം ആധുനിക സമൂഹത്തിന് നാണക്കേടാണ്. യുദ്ധം ഒന്നിനും പരിഹാരമല്ലെന്നാണ് മുൻഅനുഭവങ്ങൾ പറയുന്നത്. ലോകമെങ്ങുമുള്ള സാധാരണക്കാരാണ് യുദ്ധങ്ങളിൽ ആത്യന്തികമായി ബലിയാടുകളാവുന്നത്. നിഷ്പക്ഷമായ മധ്യസ്ഥ -നയതന്ത്ര ശ്രമങ്ങളിലൂടെ യുദ്ധം അടിയന്തരമായി അവസാനിപ്പിക്കാൻ യുഎൻ മുന്നോട്ട് വരണമെന്നും പ്രമേയത്തിൽ പറഞ്ഞു. ലക്ഷക്കണക്കിന് ഇന്ത്യക്കാർ ജോലി ചെയ്യുന്ന പശ്ചിമേഷ്യൻ മേഖലയിലെ സംഘർഷാവസ്ഥ പരിഹരിക്കുന്നതിന് ഇന്ത്യ പ്രത്യേക പരിഗണന നൽകണമെന്നും മുശാവറ ആവശ്യപ്പെട്ടു.

പ്രസിഡണ്ട് ഇ സുലൈമാൻ മുസ്‌ലിയാരുടെ അധ്യക്ഷതയിൽ ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. സമസ്ത സെന്റിനറിയുടെ ഭാഗമായി ആധുനിക കാലത്തെ ക്രിപ്റ്റോ കറൻസി, ഇ-കൊമേഴ്സ് തുടങ്ങിയ സാമ്പത്തിക വിനിമയം സംബന്ധിച്ച് വിപുലമായ ശില്പശാല സംഘടിപ്പിക്കാൻ തീരുമാനിച്ചു. സയ്യിദ് ഇബ്റാഹീമുൽഖലീൽ അൽബുഖാരി, പി.എ ഹൈദ്രോസ് മുസ്‌ലിയാർ, സി മുഹമ്മദ് ഫൈസി, അഡ്വക്കറ്റ് ഹുസൈൻ സഖാഫി, അബ്ദുൽ ജലീൽ സഖാഫി, പി.വി മൊയ്തീൻകുട്ടി മുസ്‌ലിയാർ, വി. മൊയ്തീൻകുട്ടി ബാഖവി, എം. അബ്ദുറഹ്മാൻ ബാവ മുസ്‌ലിയാർ, എച്ച്. ഇസ്സുദ്ദീൻ സഖാഫി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, വിപി എം വില്ല്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, അബ്ദുറഹ്മാൻ ഫൈസി മാരായമംഗലം, അബ്ദുറഹ്മാൻ ഫൈസി വണ്ടൂർ, അബ്ദുൽഅസീസ് സഖാഫി, എ ത്വാഹ മുസ്‌ലിയാർ, അബ്ദുന്നാസിർ അഹ്സനി, ഐ.എം.കെ ഫൈസി, എം.വി അബ്ദുറഹ്മാൻ മുസ്‌ലിയാർ, പി.എസ്.കെ മൊയ്തു ബാഖവി, എം അബ്ദുറഹ്മാൻ സഖാഫി, ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി, ഒ കെ അബ്ദുറശീദ് മുസ്‌ലിയാർ, ഇ അബ്ദുല്ല അഹ്സനി, അബ്ദുൽ ഗഫൂർ ബാഖവി, ഹസൻ ബാഖവി ചർച്ചയിൽ പങ്കെടുത്തു. പേരോട് അബ്ദുറഹ്മാൻ സഖാഫി സ്വാഗതം പറഞ്ഞു.

സമ്പൂർണ്ണ ഹിസ്ബ് ട്രൈനിംഗ് കോഴ്സ് ആരംഭിച്ചു

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ രൂപം നൽകിയ 60 മണിക്കൂർ നീണ്ടുനിൽക്കുന്ന സമ്പൂർണ്ണ ഹിസ്ബ് ട്രൈനിംഗ് കോഴ്സിന് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം ജൂൺ 23ന് പാനൂർ സുന്നിസെന്ററിൽ എസ്.ജെ.എം ട്രഷറർ വിപിഎം വില്യാപ്പള്ളി നിർവ്വഹിച്ചു. ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് സമൂഹത്തിൽ ഏറ്റവും ഉത്തമരെന്നും ഖിറാഅത്തിന്റെ ഇമാമുകൾ പഠിപ്പിച്ച ശൈലികൾ പ്രകാരം പുതുതലമുറക്ക് ഖുർആൻ പകർന്നു കൊടുക്കാൻ മദ്റസാധ്യാപകർ കഴിവാർജ്ജിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. റെയ്ഞ്ച് തലങ്ങളിൽ നടക്കുന്ന ഈ കോഴ്സ് കേരളത്തിലെ 500ഓളം റൈഞ്ചുകളിലും കർണാടക, ഗോവ, മഹാരാഷ്ട്ര, തമിഴ്നാട്, ഗൾഫ് എന്നിവിടങ്ങളിലും തുടർന്ന് നടക്കും.

ഉദ്ഘാടനചടങ്ങിൽ എസ്.ജെ.എം ജില്ലാ പ്രസിഡണ്ട് വി.വി അബൂബക്കർ സഖാഫി അദ്ധ്യക്ഷത വഹിച്ചു. സുന്നി വിദ്യാഭ്യാസ ബോർഡ് മാനേജർ സി.പി സെയ്തലവി മാസ്റ്റർ ആമുഖഭാഷണം നടത്തി. ഹനീഫ് പാനൂർ, ടി.പി അബൂബക്കർ ഹാജി, പാക്കഞ്ഞി അഹമ്മദ് ഹാജി, ഇസ്മാഈൽ മാസ്റ്റർ, അബ്ദുസ്സലാം ഖാസിമി, റഫീഖ് പാനൂർ പ്രസംഗിച്ചു, സുലൈമാൻ സഖാഫി കുഞ്ഞുകുളം സ്വാഗതം പറഞ്ഞു. സമസ് ഖാരിഅ് നൂറുദ്ദീൻ സഖാഫിയാണ് ക്ലാസിന് നേതൃത്വം നൽകുന്നത്, തിരഞ്ഞെടുക്കപ്പെട്ട 18 ട്രൈനർമാരും പാനൂർ റെയ്ഞ്ചിലെ 40 പേരുമാണ് പ്രഥമക്യാമ്പിൽ പരിശീലനം നേടിയത്.

മർകസിൽ സമസ്ത സ്ഥാപകദിനാചരണം പ്രൗഢം

കോഴിക്കോട്: പല നിലയിൽ അരക്ഷിതാവസ്ഥ നേരിട്ട മുസ്‌ലിം സമൂഹത്തെ അറിവുകൊണ്ടും ആശയംകൊണ്ടും പുനർനിർമിച്ച പ്രസ്ഥാനമാണ് സമസ് കേരള ജംഇയ്യത്തുൽ ഉലമയെന്ന് ജന.സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ. 100-ാം സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി മർകസിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ പാരമ്പര്യ ഇസ്‌ലാമിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിലും സാമുദായിക ഐക്യവും പുരോഗതിയും സാധ്യമാക്കുന്നതിലും മുസ്‌ലിം സമൂഹത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിലും സമസ്ത നിർവഹിച്ച പങ്ക് വളരെ വലതുതാണെന്നദ്ദേഹം പറഞ്ഞു.

കേന്ദ്ര മുശാവറ അംഗങ്ങളുടെ നേതൃത്വത്തിൽ പതാകയുയർത്തി. മർകസ് ഡയറക്ടർ ജനറൽ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ച് പ്രാർത്ഥന നടത്തി. വിപി എം വില്ല്യാപ്പള്ളി, അബ്ദുൽജലീൽ സഖാഫി ചെറുശ്ശോല സന്ദേശഭാഷണം നടത്തി. വിവിധ കീഴ്ഘടകങ്ങളുടെ സാരഥികൾ, പ്രവർത്തകർ, വിദ്യാർത്ഥികൾ സംബന്ധിച്ചു. കെ.എം ബശീർ സഖാഫി സ്വാഗതം പറഞ്ഞു. സാനവിയ്യ വിദ്യാർഥി യൂണിയൻ ഇഹ്യാഉസ്സുന്ന സംഘടിപ്പിച്ച ചരിത്ര പഠനക്ലാസിൽ അബൂബക്കർ സഖാഫി പന്നൂർ വിഷയമവതരിപ്പിച്ചു.

പള്ളിയിലേക്കുള്ള ഒറ്റയടിപ്പാത

തീരം

റൈഹാൻ

പള്ളിയിലേക്ക് നീളുന്ന
പാടവരമ്പിലൂടെ നടക്കുമ്പോൾ
മൊയ്തീൻ കുഞ്ഞാക്ക
ദസ്ബിമുത്തുകൾ മറിക്കും.
ചുണ്ടുകൾ ദിക്റിലലിയും.
ജമാഅത്തിന് ഒന്നാം നിരയിൽ
വിനീതനായി നിൽക്കും.
പ്രാർത്ഥനകൾക്ക് കൈകളുയർത്തി
കണ്ണും ഖൽബും നിറച്ച്
ഉറക്കെ ആമീൻ പറയും.

വാതിൽ വെളിച്ചത്തിലിരുന്ന്
ഒഴുക്കും താളവുമൊപ്പിച്ച്
വിശുദ്ധ ഖുർആനോതും.
പള്ളിയിൽനിന്നിറങ്ങുമ്പോൾ
കർഷകത്തഴമ്പുള്ള കൈകൾകൊണ്ട്
കുട്ടികളുടെ പുറത്തു തലോടി
വിശേഷങ്ങൾ ആരായും.
വെള്ളികളിൽ വെള്ള ധരിച്ച്
നേരത്തെ വീടിറങ്ങും.
ഉസ്താദിന്റെ സദുപദേശങ്ങൾ
ആവേശത്തോടെ കാതോർക്കും.

അയൽവീടുകളിൽ
രോഗികളുണ്ടെന്നറിഞ്ഞാൽ
സന്ദർശിക്കാൻ ആദ്യമെത്തും.
ആശ്വാസവാക്കുകൾ പറഞ്ഞ്
പ്രാർത്ഥനാമനസ്സോടെ മടങ്ങും.

പള്ളിയിൽ, വീട്ടിൽ, കൃഷിയിടത്തിൽ
നാലാമതൊരിടത്ത് കുഞ്ഞാക്കയെ
ആർക്കും കാണാൻ കഴിഞ്ഞില്ല.
അങ്ങാടികളിൽ കൂടിയിരുന്ന്
പാഴ്വർത്തമാനങ്ങൾ പറഞ്ഞില്ല.
ആരെയും നോവിച്ചില്ല, ഉപദ്രവിച്ചില്ല.
അകം നിറഞ്ഞ പുഞ്ചിരികൊണ്ട്
മനുഷ്യരുടെ ഹൃദയം കവർന്നു.

ഒടുവിൽ, അധ്വാനിച്ചുറച്ച ശരീരം
തളർന്നു ക്ഷീണിച്ചു.
രോഗശയ്യയിൽ കിടക്കുമ്പോൾ
അരികിൽ വന്നവരോടെല്ലാം
പള്ളിയിൽ വരാനാവുന്നില്ലെന്ന്,
ഓതാനും ദിക്റുകൾ ചൊല്ലാനും
കഴിയുന്നില്ലെന്ന് കണ്ണു നിറച്ച്
സങ്കടം പറഞ്ഞു വിതുമ്പി.
കലിമ ചൊല്ലി കണ്ണടച്ചപ്പോൾ
ഒരു ഗ്രാമം അനാഥമായ പോലെ!

മയ്യിത്ത്കട്ടിലിൽ മെല്ലെ
ആളുകളുടെ ചുമലേറി
ദിക്റുകളുടെ അകമ്പടിയോടെ
കുഞ്ഞാക്ക പോകുമ്പോൾ
ആ കാൽപ്പാടുകൾ ഒന്നുകൂടി
പതിഞ്ഞിരുന്നെങ്കിലെന്ന്
പള്ളിയിലേക്കുള്ള പാടവരമ്പുകൾ
ഉറപ്പായും കൊതിച്ചുകാണും!

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally